

# സത്യദൂതൻ

2012 ജൂലൈ | ലക്കം 7

വില ₹ 20



## റമദാൻ: അനുഗൃഹീത മാസം

## അത്തി വൃക്ഷത്തിന്റെ ഉപമ


അഹ്മദിയ്യാ മുസ്‌ലിം ജമാത്ത് അമേരിക്കയിലെ
ദേശീയ സമ്മേളനത്തിന്റെ ദൃശ്യങ്ങൾ
JALSA SALANA 2012 ★ USA




There is no god but Allah, Muhammad is the Messenger of Allah
You are the best People raised for th good of mankind;
you enjoin good and rbid evil believe in Allah




JALSA SALANA USA 201






The Sathyadoothan Monthly

لاالہ الااللہ محمد رسول اللہ

# സത്യദൂതൻ

2012 ജൂലൈ
ഹി.ശ.1391 - വഫാ
1433 ശഅബാൻ - റമസാൻ
പുസ്തകം 84 ലക്കം 7
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**റമദാൻ : അനുഗൃഹീത മാസം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

**13**
**സ്നേഹം എന്ന വികാരം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹമദ്(റ)

ഔചിത്യ ബോധത്തോടെ പ്രകടിപ്പിക്കുമ്പോൾ മാത്രമാണ് സ്നേഹം എന്ന സഹജവികാരം ഒരു ധാർമിക ഗുണമായി മാറുന്നത്.



**15**
**ഡോൾഫിനുകൾ ദൈവത്തിന്റെ അദ്ഭുത സൃഷ്ടി**
സർ മുഹമ്മദ് സഫറുല്ലാഹ്ഖാൻ

ഡാർവിനിസ്റ്റുകളുടെ ആകസ്മിക-പ്രകൃതി നിർദ്ധാരണ വാദത്തെ പരാജയപ്പെടുത്തുന്ന ദൈവത്തിന്റെ അത്ഭുത സൃഷ്ടിയാണ് ഡോൾഫിനുകൾ

**17**
**മുഹമ്മദ് നബി(സ)യുടെ ആത്മീയ പ്രഭ**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**19**
**ഭൂതകാല ദുരന്തങ്ങളിൽ വർത്തമാനകാലത്തിന് ഗുണപാഠം**
സിദ്ദീഖ് അശ്റഫ് അലി, മൊഗ്രാൽ

സത്യ പ്രസ്ഥാനത്തിന്റെ പ്രതിയോഗികളുടെ ഗതി സത്യാന്വേഷികൾ ഗ്രഹിക്കേണ്ട ഒരു ചരിത്ര പാഠമാണ്

**21**
**ഈസാനബി (അ) അല്ലാഹുവിന്റെ കോടതിയിൽ**
മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

ഈസാ നബി (അ) പരലോകത്ത് വെച്ച് വിചാരണ ചെയ്യപ്പെടുന്നതിന്റെ വിവരണം വിശുദ്ധ ഖുർആനിലും ഹദീസിലുമുണ്ട്. അദ്ദേഹം മരിച്ചു പോയിരിക്കുന്നു എന്ന അനിഷേധ്യമായ വസ്തുത ഇസ്‌ലാമിന്റെ ഈ അടിസ്ഥാനപ്രമാണങ്ങളിൽ നിന്നും വ്യക്തമാണ്



**26**
**ദിവ്യജ്ഞാനവും ദൈവസംപ്രാപ്തിയും**
മഹമൂദ് കൽക്കുളം

ദൈവികഗുണങ്ങൾ ആർജ്ജിച്ച് കൊണ്ടാണ് മനുഷ്യൻ ആദ്ധ്യാത്മികമായി അഭിവൃദ്ധിപ്പെടുക

**29**
**യഹൂദ സമൂഹവും സ്പെയിനും**
എ. എം മുഹമ്മദ് സലിം

ക്രിസ്ത്യൻ വിസിഗോത്തുകൾ ഭരിച്ചിരുന്ന സ്പെയിനിൽ യഹൂദരുടെ ജീവിതം ദുസ്സഹമായിരുന്നു. എന്നാൽ മുസ്‌ലിം സ്പെയിൻ യഹൂദ ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമായിട്ടാണ് അറിയപ്പെടുന്നത്. വീണ്ടും സ്പെയിൻ ക്രിസ്ത്യൻ രാജഭരണത്തിൽ വന്നപ്പോൾ പീഡനപർവം പുനരാരംഭിക്കുകയായിരുന്നു.



**32**
**അത്തിവൃക്ഷത്തിന്റെ ഉപമ**
അബൂ സൈറസ്, പത്തപ്പിരിയം

അത്തിവൃക്ഷത്തോട് ഉപമിച്ചിരിക്കുന്നത് യഹൂദ ജനതയെയാണ്. ആത്മീയമായി നശിച്ച യഹൂദ ജനത പിന്നീട് ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ അവതരിക്കുന്ന വാഗ്ദത്ത മസീഹിനെവിശ്വസിക്കാനുള്ള സന്ദേശം ഉൾക്കൊള്ളുന്ന വിശുദ്ധ വചനങ്ങൾ ലേഖകൻ വിശദീകരിക്കുന്നു.

**36**
**കേശവമേനോനും അഹ്മദികളുടെ കേസും**
കെ.പി. കേശവമേനോൻ

**38**
**അമിതവണ്ണവും വ്രതാനുഷ്ഠാനവും**

അമിത വണ്ണം ഇക്കാലത്ത് ഒരു രോഗമായി പടരുക യാണ് വ്രതാനു ഷ്ഠാനം അമിത വണ്ണത്തിന്ന് ഒരു ഉത്തമ ഔഷധമാണ്.

**40**
കുറിപ്പുകൾ
**ഷാങ്ഹായ് കോർപറേഷൻ ഓർഗനൈസേഷൻ നാറ്റോയുടെ പ്രതിയോഗിയാകുമോ?**
മുസാഫിർ

**43**
**വാർത്തകൾ**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശന ത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ട മായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അതു കൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കണം **(2:186)**





## നബിവചനം

ഹദ്റത്ത് അബൂഹുറൈറ (റ) യിൽ നിന്നുള്ള നിവേദനം: റമദാൻ മാസം ആഗതമാവുമ്പോൾ സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുകയും ശൈത്വാൻ ബന്ധിതനായിത്തീരുകയും ചെയ്യുന്ന താണ്. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

## നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും

"ഇസ്ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറി വില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനു ഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറി യാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകു ന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീ ക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്ന ല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം ലയിക്കുകയും വേണം. കേവല ശരീര ത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാ ത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴു കേണ്ടതാണ്." **(മൽഫൂദാത്ത് വാല്യം 9 പേജ് 123)**



എഡിറ്റോറിയൽ

# വ്രതം: ചിരപുരാതനമായ ഒരു ആത്മീയ സമ്പ്രദായം

**ദൈ**വത്തിൽ നിന്ന് വെളിപ്പെട്ട എല്ലാ മതങ്ങളിലും വ്രതാനുഷ്ഠാനത്തിന്റെ അടയാളങ്ങൾ ദൃശ്യമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:***'അല്ലയോ വിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്കായി വിധിക്കപ്പെട്ടത് പോലെ നിങ്ങൾക്കായും വ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ തന്മൂലം തഖ്‌വ (ഭയഭക്തി)കൈ കൊള്ളുന്നതിന് വേണ്ടി.'(2: 184)*** മറ്റൊരർഥത്തിൽ ഏതെങ്കിലും വിധത്തിലുള്ള വ്രതാനുഷ്ഠാനം അവശേഷിക്കുന്ന മതങ്ങളുണ്ടെങ്കിൽ ഇസ്‌ലാമിക ദൃഷ്ട്യാ അത്, ആ മതത്തിന്റെ ദൈവോദ്ഭവ വാദത്തിനുള്ള തെളിവുകൂടിയാണെന്ന് പറയാം.

ഇസ്‌ലാം വ്രതാനുഷ്ഠാനത്തെ ഒരു നിർബന്ധ കർമമാക്കി കൊണ്ട് മുസ്‌ലിംകളുടെ മതകീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാക്കി മാറ്റിയിരിക്കുന്നു. ദൈവഭക്തിയുടെ അളവുകോൽ ഭൗതികതയുടെ അളവു കോലല്ല. ഭൗതിക മനുഷ്യൻ കഷ്ടപ്പാടും പ്രയാസങ്ങളും ഭയപ്പെടുമ്പോൾ ദൈവസാമീപ്യം പ്രാപിച്ച സാത്വികർ അതിനെ നിസ്സംഗമായി സ്വാഗതം ചെയ്യാറാണ് പതിവെന്ന് വാഗ്ദത്ത മസീഹ് (അ) പറയുന്നു. മതങ്ങളുടെ ധാർമികവും ആത്മീയവുമായ മിക്ക മൂല്യങ്ങളും രൂപം കൊള്ളുന്നതും വളർന്നു വികസിക്കുന്നതും നിസ്സ്വതയിലും പരിവർജനത്തിലും വിപരീത പരിതസ്ഥിതികളിലും പരീക്ഷണ വേളകളിലുമാണ്. വിശുദ്ധ ഖുർആൻ പറയുന്നു: ***'അല്പമൊക്കെ ഭയം, വിശപ്പ്, ധന നഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. തങ്ങൾക്ക് വല്ല ആപത്തും നേരിടുമ്പോൾ (പരിഭ്രമിക്കാതെ) നിശ്ചയമായും ഞങ്ങൾ അല്ലാഹുവിൽ നിന്നുള്ളവരും അവങ്കലേക്ക് മടങ്ങുന്നവരുമാകുന്നു എന്ന് പറയുന്ന സഹന ശീലർക്ക് സുവാർത്ത അറിയിക്കുക' (2:156-7)*** വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഈയൊരു തത്ത്വം ചുരുക്കം വാക്കുകളിൽ വിശദീകരിക്കുന്നത് കാണുക: *'ദൈവ നിയുക്തന്മാരായ പ്രവാചകന്മാരും സത്യസന്ധരായ സദ്പുരുഷന്മാരും വിരോധികളുടെ കൈയാലോ ദൈവവിധിയാലോ സഹിക്കേണ്ടി വരുന്ന കഷ്ടപ്പാടുകളും ക്ലേശങ്ങളും തന്നെ. ഈ ദൃശമായ കഷ്ടാനുഭവം മൂലം മനുഷ്യ ഹൃദയത്തിൽ ജ്ഞാനരൂപമായി സ്ഥിതി ചെയ്തിരുന്ന മതനിർദേശങ്ങളും ധർമ ശാസനകളും അനുഷ്ഠാനത്തിൽ വരുകയും തദ്വാരാ അതുകൾ അനുഭവ ദശയെ അഥവാ പൂർണതയെ പ്രാപിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഹൃദയത്തിൽ സ്വരൂപിതമായ ഭാവനാജ്ഞാനങ്ങൾ യഥാവിധി ജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നയാൾ ആ ദിവ്യമാർഗോപദേശത്തിന്റെ മാതൃകാമൂർത്തിയായി തീരുന്നു '(ഇസ്‌ലാം മത തത്ത്വജ്ഞാനം.)*

വിശപ്പ് മനുഷ്യശരീരത്തെ സമൂലം ഗ്രസിക്കുന്ന ഒരു വികാരമാണ്. മനുഷ്യന്റെ സുഖാവസ്ഥയുടെ ഒരു വിപരീതാവസ്ഥ നോമ്പുകാരനിൽ സംജാതമാവുന്നു. വിശപ്പിന്റെ മൂർച്ഛിതാവസ്ഥയിൽ വികാര വിക്ഷോഭങ്ങളെ ആത്മസംയമനംകൊണ്ട് നോമ്പുകാരൻ നിയന്ത്രിച്ചു നിർത്തുന്നു. വ്രതനോവിനാൽ വിവശമാവുന്ന മനുഷ്യ ശരീരം ആത്മീയ ഫലങ്ങൾ വിളയിച്ചെടുക്കുന്ന കേദാരമാണ്. മഹാത്മാക്കളുടെ ത്യാഗോജ്ജ്വലവും പ്രയാസകരവുമായ ജീവിതത്തിന്റെ അനുഭവ സാന്ദ്രമായ ലളിത മാതൃക നമ്മുടെ ജീവിതത്തിലും വ്രതാനുഷ്ഠാനം കൊണ്ടുവരുന്നു. സ്രഷ്ടാവായ അല്ലാഹുവാണ് നോമ്പനുഷ്ഠിക്കാൻ മനുഷ്യനോട് പറഞ്ഞത്. അല്ലാഹുവിന്റെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് തന്റെ നാഥന്റെ ഈ ആജ്ഞ ശിരസാവഹിക്കുന്ന നോമ്പുകാരനോട് അല്ലാഹു സ്നേഹവായ്പോടെ നൽകിയ വാഗ്ദാനം ഇപ്രകാരമാണെന്നാണ് റസൂൽ തിരുമേനി(സ)പറഞ്ഞത്: ***'നോമ്പ് എനിക്കുള്ളതാണ് ഞാൻ തന്നെയാണ് അതിന് പ്രതിഫലം നൽകുക.' (ബുഖാരി)*** സമാഗതമായ പുണ്യ റമദാന്റെ അനുഗ്രഹങ്ങൾ നമുക്ക് ലഭിക്കുമാറാകട്ടെ (ആമീൻ).



ഹദ്റത്ത് അഹ്മദ് (അ)

# റമദാൻ: വാഗ്ദത്ത മസീഹിന്റെ വചനങ്ങളിൽ

"വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലംവരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പു സഹിക്കുക മാത്രമല്ല എന്നത് സ്മർത്തവ്യമാണ്. എല്ലാത്തരം ദോഷങ്ങളിൽനിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. തിരുനബി(സ)റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാകുക പതിവായിരുന്നു. അതുകൊണ്ട് നോമ്പുകാലത്ത് ഭക്ഷണപാനീയാദികളെ സംബന്ധിച്ച ചിന്തകളിൽനിന്ന് വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണ സാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ചു ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നുവേണം പറയാൻ. ഭക്ഷണം കഴിക്കുന്നതു മൂലം ശരീരത്തിന് ബലവും ഓജസും നിലനില്ക്കുന്നതുപോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്കു ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടേയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്കു അവനിൽനിന്നുതന്നെ സഹായം തേടേണ്ടതാണ്." (ഇസ്‌ലാമിലെ അഞ്ചു കാര്യങ്ങൾ പേജ് 15,16).

**നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും**


"ഇസ്‌ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പുനോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്." (മൽഫൂദാത്ത് വാല്യം 9 പേജ് 123, പതിപ്പ് 1984)

**റമദാൻ എന്ന നാമം**

"സൂര്യന്റെ ചൂടിനാണ് **റമദ** എന്നു പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളിലും ശാരീരിക സുഖങ്ങളിലും ക്ഷമ കൈക്കൊള്ളുന്നു. രണ്ടാമതായി അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ ഒരു ചൂടും ആവേശവും ഉണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും താപവും ചേർന്ന് **റമദാൻ** (രണ്ടു ചൂട്) ഉണ്ടായി. ചൂടു മാസത്തിൽ വന്നു, അതുകൊണ്ട് റമദാൻ എന്നുപറയപ്പെട്ടു എന്ന് നിഘണ്ടുകർത്താക്കൾ പറയുന്നത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്തുകൊണ്ടെന്നാൽ, അറബികൾക്കു മാത്രം ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ ചൂടു കൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ താൽപര്യവും

ശേഷം പേജ് 24-ൽ

# റമദാൻ :
# അനുഗൃഹീത മാസം




(15–10–2004 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.)

**വി**ശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതു പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിനു വേണ്ടി. ചില നിശ്ചിത ദിവസങ്ങളാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ ആ കാലയളവിലെ നോമ്പ് മറ്റു ദിവസങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരഗതിയുടെ ആഹാരം ഫിദ്‌യ നൽകേണ്ടതാണ്. ഇനി ആരെങ്കിലും ഐച്ഛികമായ നന്മ ചെയ്താൽ അതയാൾക്ക് വളരെ നല്ലതാണ്. നിങ്ങളുടെ നോമ്പനുഷ്ഠാനം നിങ്ങൾക്കുത്തമമാണ്; നിങ്ങൾ ഗ്രഹിക്കുന്നവരാണെങ്കിൽ.

സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റെയും സത്യാസത്യ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷിയായാൽ അയാൾ അതിൽ നോമ്പനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാകുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു. (വിശുദ്ധ ഖുർആൻ 2: 184–186)

സത്യവിശ്വാസികൾക്കുവേണ്ടി, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി റമദാൻ മാസം അസംഖ്യം അനുഗ്രഹങ്ങളുമായിട്ട് വരുമ്പോൾ ശയ്ത്വാൻമാർക്ക് ബുദ്ധിമുട്ടിന്റെ മാസമായിത്തീരുന്നു; സാത്താനിക പ്രകൃതമുള്ളവർക്ക്. കാരണം, ശയ്ത്വാൻ ഈ മാസത്തിൽ ചങ്ങലയിൽ തളക്കപ്പെടുന്നുവെന്ന് ഒരു ഹദീസിൽ വന്നിരിക്കുന്നു. സത്യവിശ്വാസി ഈ മാസത്തിൽ ഏറ്റവും കൂടുതൽ ഭയഭക്തിയിൽ ചലിക്കുവാൻ വേണ്ടി പരിശ്രമിക്കുന്നു. ശയ്ത്വാന്റെ അക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നു. ഇതു തന്നെയാണ് ശയ്ത്വാന് ബുദ്ധിമുട്ടിന് കാരണമായിത്തീരുന്നത്. ശയ്ത്വാനെ തളച്ചിടുക എന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ ഒരു ദാസൻ അല്ലാഹുവിനു വേണ്ടി അനുവദനീയമായ കാര്യങ്ങൾ പോലും ചെയ്യാതിരിക്കുമ്പോൾ, അനുവദനീയമല്ലാത്ത കാര്യങ്ങളിൽ നിന്ന്- അതിനെക്കുറിച്ചാണ് ശയ്ത്വാൻ മനസ്സിൽ ദുർബോധനം ചെയ്തു കൊണ്ടിരിക്കുന്നത്- എത്രമാത്രം രക്ഷപ്പെടാൻ ആ ദാസൻ ശ്രമിക്കുമെന്ന് പറയേണ്ടതില്ലല്ലോ. റമദാന്റെ ആദരവ് മനസ്സിലുണ്ടാകാത്ത ബലഹീന വിശ്വാസികൾ റമദാനിലും പൂർണമായും ശയ്ത്വാന്റെ കരങ്ങളിലായിരിക്കും. അവർ റമദാനിലും അല്ലാഹുവിനെ ആരാധിക്കുന്നതിൽ അശ്രദ്ധരായിരിക്കും. അവർ റമദാനിലും ജനങ്ങളുടെ അവകാശം തട്ടിപ്പറിച്ചെടുക്കാൻ തയ്യാറായിരിക്കും. അവസരം കിട്ടിയാൽ അന്യന്റെ അവകാശം തട്ടിപ്പറിച്ചെടുക്കുകയും ക്ഷതമേൽപിക്കുകയും ചെയ്യും. ചുരുക്കത്തിൽ നിഷ്കളങ്കരായി അല്ലാഹുവിനെ ആരാധിക്കാനാഗ്രഹിക്കുന്നവർക്കും ആരാധിക്കുന്നവർക്കും റമദാൻ അനുഗൃഹീത മാസമാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചു കൊണ്ട്, അല്ലാഹു ചെയ്യാൻ കല്പിച്ചിട്ടുള്ള എല്ലാ നന്മയും ചെയ്യാൻ പരിശ്രമിക്കുകയും ചെയ്യുകയും അല്ലാഹു ഉപേക്ഷിക്കാൻ പറഞ്ഞ ദോഷങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും അനുഗൃഹീതമാസമാണ്. എന്നു മാത്രമല്ല, അവർ ചില അനുവദനീയ കാര്യങ്ങൾ പോലും ഒരു പ്രത്യേക നേരത്തേക്ക് അല്ലാഹു അതുപേക്ഷിക്കാൻ കല്പിച്ച കാരണത്താൽ ഉപേക്ഷിക്കുകയും ചെയ്യുന്നു. ഈ നോമ്പ് നിർബന്ധമാക്കിയതും ചില കാര്യങ്ങൾക്ക്

പഥ്യമേർപ്പെടുത്തിയതും നിങ്ങൾ ഭയഭക്തിയിൽ അഭിവൃദ്ധിപ്പെടാനാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. എന്താണ് ഭയഭക്തി? ഭയഭക്തി എന്നു പറയുന്നത് പാപങ്ങളിൽ നിന്നുള്ള രക്ഷപ്പെടലാണ്. അതിൽ നിന്ന് രക്ഷപ്പെടാനുള്ള പരിശ്രമമാണ്. പരിചയുടെ പിന്നിൽ മറഞ്ഞു നിന്ന് രക്ഷപ്പെടുന്നത് പോലെ രക്ഷപ്പെടുക. ഏതെങ്കിലും വസ്തുവിന്റെ പിന്നിൽ നിന്ന് മനുഷ്യൻ രക്ഷപ്പെടാൻ ശ്രമിക്കുമ്പോൾ ഒരു ഭയമുണ്ടാകും. ഭയം കാരണത്താലാണ് പിന്നിൽ ഒളിഞ്ഞു നിൽക്കുന്നത്. പറഞ്ഞു: നോമ്പ് പിടിക്കുക. പിടിക്കേണ്ടുന്ന മുറപോലെ നോമ്പു പിടിക്കുക. എങ്കിൽ ഭയഭക്തിയിൽ അഭിവൃദ്ധിപ്പെടുന്നതാണ്. ഇല്ലെങ്കിൽ, ഒരു നിവേദനത്തിൽ വന്നിട്ടുള്ളതു പോലെ വിശപ്പോടെ നിറുത്തണമെന്ന താൽപര്യമൊന്നും അല്ലാഹുവിനില്ല. നിങ്ങൾ ചെയ്തിട്ടുള്ള തെറ്റുകളുടേയും പാപങ്ങളുടേയും ദുഷ്ഫലങ്ങളിൽ നിന്ന് നിങ്ങൾ രക്ഷപ്പെടുന്നതിന് വേണ്ടി ഞാൻ നിങ്ങൾക്കായി ഒരു വഴി ഒരുക്കിയിരിക്കുന്നുവെന്ന് അല്ലാഹു പറയുന്നു; നിഷ്കളങ്കരായി എന്നിലേക്ക് വീണ്ടും വരുന്നതിന് വേണ്ടി. ഈ നോമ്പിൽ, റമദാ നിൽ നോമ്പിന്റെ മുറകൾ നിറവേറ്റിക്കൊണ്ട് എനിക്കു വേണ്ടി നിങ്ങൾ അനുവദനീയമായ കാര്യങ്ങളെ പോലും ഉപേക്ഷിക്കുന്ന വരായിത്തീർന്നി രിക്കുകയാണ്, ഇക്കാരണത്താൽ ഞാൻ നിങ്ങ ളിൽ കരുണയുടെ ദൃഷ്ടി പതിപ്പിക്കുന്നു. ശയ്ത്വാനെ ചങ്ങലയിൽ തളയ്ക്കുന്നു; ഏതൊരു ഭയത്താലാണോ നിങ്ങൾ നോമ്പ് പിടിക്കു ന്നത്, നോമ്പ് പിടിച്ചു കൊണ്ട് പരിചയുടെ പിന്നിൽ വരുന്നത്, ഭയഭക്തി കൈക്കൊ ള്ളുന്നത്, അതിൽ നിന്ന് നിങ്ങൾ സുരക്ഷിത രാകുന്നതിനും, നിങ്ങൾക്ക് ഒരു നഷ്ടവും വരുത്താൻ ശയ്ത്വാന് കഴിയാതിക്കുവാനും വേണ്ടി. ഈ ഭയഭക്തി, ഈ പരിച, ശയ്ത്വാന്റെ ആക്രമണങ്ങളിൽ നിന്നും പാപങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ഈ ശ്രമം നിങ്ങൾ നോമ്പ് പിടിക്കുന്ന കാരണ ത്താലാണ് നിങ്ങളെ സംരക്ഷിച്ചു കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഒരു കഠിന പ്രയത്നം നടത്തി നിങ്ങൾ ഈ കോട്ടയിൽ വന്ന സ്ഥിതിക്ക് ഇവിടെ നിൽക്കാനും പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചു കൊണ്ട്, ഈ കോട്ടയെ ഈ ഭയഭക്തിയെ അതിശക്തമാക്കി തീർക്കേണ്ടതുണ്ട്. ആദ്യമേ തന്നെ നന്മയിൽ നിലകൊള്ളുന്നവർ നോമ്പ് കാരണത്താൽ ഭയഭക്തിയുടെ കൂടുതൽ ഉന്നത നിലവാരം കരസ്ഥമാക്കിക്കൊണ്ടു പോകുന്നു. അവർ അഭിവൃദ്ധിപ്പെട്ട് അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നു. നോമ്പ് എന്നു പറയുന്നത് കുറച്ചു നേരത്തേക്ക് ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ചു കഴിഞ്ഞാൽ ഭയഭക്തിയുടെ ഉന്നത നിലവാരം ലഭിക്കുന്ന ഒന്നല്ല. ഞാൻ പറഞ്ഞതു പോലെ, നോമ്പ് എടുക്കുന്ന തിനോടൊപ്പം ഒരുപാടു തിന്മകളും ഉപേക്ഷിക്കേണ്ടതായി വരും. അല്ലാഹുവിനെ ആരാധിക്കുന്നതും ആദ്യത്തേക്കാൾ അധികമാക്കേണ്ടി വരും. അപ്പോഴേ ഭയഭക്തി ലഭ്യമാകുകയുള്ളു. അതിൽ അഭിവൃദ്ധിയുമുണ്ടാകും.

ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു, നോമ്പിന്റെ യാഥാർഥ്യത്തെ സംബന്ധിച്ചും ജനങ്ങൾ അജ്ഞരാണ്. യഥാർഥമെന്തെന്നാൽ പോയിക്കണ്ടിട്ടില്ലാത്ത രാജ്യത്തെ കുറിച്ച് പരിചയമില്ലാത്ത ലോകത്തെ കുറിച്ച് മനുഷ്യൻ എന്തു വിവരണം നടത്താനാണ്? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്. അതിന് ഒരു പ്രഭാവമുണ്ട്. അനുഭവത്തിലൂടെയാണ് അതറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നു. ദർശനശക്തി വർധിക്കുന്നു. ഭൗതിക ഭക്ഷണം കുറച്ച് ആധ്യാത്മിക ഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതു കൊണ്ടുദ്ദേശിക്കുന്നത്. വിശപ്പു മാത്ര മല്ല അവനിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിൽ ഉണ്ടായിരിക്കണം. ഏകാന്ത വാസവും ഭൗതികതയിൽ നിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം ലയിക്കണം. കേവലശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നു എന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിന് വേണ്ടി നോമ്പ് നോൽക്കുന്നത് അയാൾക്ക് ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റ ഏകത്വം കീർത്തനം ചെയ്യുന്നതിലും അയാൾ മുഴുകിക്കൊള്ളട്ടെ. (മൽഫൂദാത്ത് വാള്യം 9 പേ.123)

നോമ്പിന്റെ ഫലം ലഭിക്കുന്നത് ഭൗതിക ഭക്ഷണം കുറച്ച്, ആധ്യാത്മിക ഭക്ഷണം അധികമാക്കുമ്പോഴാണ്. വെറും ലോകത്തിന്റെ പിന്നാലെ കൂടാതെയിരിക്കുക. അത്താഴം കഴിച്ച് പിന്നീട് ലോക കാര്യങ്ങളിൽ മാത്രം മുഴുകുന്നതു കൊണ്ട് ഒന്നും ലഭിക്കുകയില്ല. ഭൗതികനും ആരോഗ്യം ലഭിക്കുമെന്ന വിചാരത്തോടെയോ ഫാഷനെന്ന നിലയിലോ ഭക്ഷണം കുറക്കാറുണ്ട്. നിങ്ങൾ ഭക്ഷണം കുറയ്ക്കുന്നത് ശരീര സൗന്ദര്യത്തിനോ ആരോഗ്യം ലക്ഷ്യമാക്കിയോ ആകാൻ പാടില്ല. പ്രത്യുത അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനു വേണ്ടിയായിരിക്കണം. ഈ തൃപ്തി ലഭിക്കുന്നത് ആദ്യത്തെ അപേക്ഷിച്ച് കൂടുതൽ ബന്ധം അല്ലാഹുവുമായി ഉണ്ടാകുമ്പോഴാണ്. അവനെ സ്തുതിച്ചു കൊണ്ട് അവനെ എല്ലാ ശക്തികളുടേയും ഉടമസ്ഥനാണെന്ന് മനസ്സിലാക്കി കൊണ്ട് അവനിലേക്ക് കൂടുതൽ കുനിയുമ്പോഴാണ് നോമ്പ് ശയ്ത്വാനിൽ നിന്ന് കൂടുതൽ രക്ഷപ്പെടുത്തി വെയ്ക്കുന്നത്. ഭയഭക്തിയും വർധിപ്പിക്കും. ഇല്ലെങ്കിൽ ഞാൻ പറഞ്ഞതു പോലെ, ശയ്ത്വാൻ തുറന്ന നിലയിൽ വിഹരിക്കുന്ന ഒരുപാടാളുകളുണ്ട്. മുസ്ലിംകളിലും അത്തരക്കാരുണ്ട്. അവരുടെ ശയ്ത്വാൻ ചങ്ങലയിൽ തളയ്ക്കപ്പെടുന്നില്ല. കാരണം അവർ ഭയഭക്തി കൈക്കൊള്ളാൻ പരിശ്രമിക്കുന്നില്ല.

അല്ലാഹു പിന്നീട് പറയുന്നു, ഭയഭക്തിയുടെ നിലവാരം ഉയർ ത്തുന്നതിനും നന്മയിൽ വളരുന്നതിനും ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുന്നതിനുമുള്ള പരിശീലന കോഴ്സാണിത്. ഇത്രയും നാൾ എങ്ങനെ ഞങ്ങൾ സഹിക്കുമെന്നോർത്ത് വ്യാകുലചിത്തരാകാൻ മാത്രം അത് ദീർഘകാല കോഴ്സൊന്നുമല്ല. വർഷത്തിലെ ഏതാനും ദിനങ്ങളാണ്. 365 ദിവസങ്ങളിൽ വെറും 29,30 ദിവസം മാത്രമാണ്. ശയ്ത്വാനിൽ നിന്ന് രക്ഷപ്പെടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഇത്രമാത്രം ത്യാഗങ്ങൾ നിങ്ങൾ സഹിക്കേണ്ടി വരും. ശയ്ത്വാനിൽ നിന്ന് സുരക്ഷിതരായിരിക്കുക മാത്രമല്ല, അല്ലാഹു പറയുന്നത് എന്റെ തൃപ്തിയും കരസ്ഥമാക്കുക എന്നാണ്. എന്റെ പ്രതിഫലം കരസ്ഥമാക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ എന്റെ സാമീപ്യം പ്രാപിക്കുന്ന വരായിത്തീരുക.

രോഗിയോ യാത്രയിലോ ആണെങ്കിൽ അത്തരം ഘട്ടത്തിൽ വിട്ടുപോകുന്ന നോമ്പ് അടുത്ത വർഷത്തി

നുള്ളിൽ പിടിച്ച് വീട്ടുക. ഈ ഇളവ് നിങ്ങൾക്ക് നൽകിയിട്ടുള്ളത് നിങ്ങളുടെ പരിശ്രമത്തെ മാനിച്ചു കൊണ്ടാണെന്ന് അല്ലാഹു പറയുന്നു. അതായത് മറ്റു ദിനങ്ങളിൽ നിങ്ങൾ നിങ്ങളെ ബുദ്ധിമുട്ടിൽ അകപ്പെടുത്തിക്കൊണ്ട് എന്റെ സാമീപ്യം പ്രാപിക്കാൻ എനിക്കു വേണ്ടിയാണല്ലോ ചെയ്യുന്നത്. ഈ എല്ലാ കർമങ്ങളും നിങ്ങൾ ചെയ്യുന്നത് എനിക്കു വേണ്ടിയാണ്. അതുകൊണ്ട് നിങ്ങൾ താൽകാലിക രോഗികളോ, അല്ലെങ്കിൽ യാത്ര ചെയ്യേണ്ടി വന്നതിനാൽ റമദാന്റെ നോമ്പ് വിട്ടുപോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ സാമ്പത്തികശേഷി നല്ലതാണെങ്കിൽ ഫിദ്‌യയും കൊടുക്കുക. ഇത് അധികമായ നന്മയാണ്. പിന്നീട് നോമ്പ് പിടിച്ചു വീട്ടുകയും ചെയ്യുക. നിത്യരോഗികളോ, മുലകുടിപ്പിക്കുന്ന ഉമ്മമാരോ, അല്ലെങ്കിൽ ഗർഭിണികളോ ആണെങ്കിൽ അവർക്ക് നോമ്പ് പിടിക്കാൻ കഴിയില്ല. അതുകൊണ്ട് അവർ അവരുടെ കഴിവനുസരിച്ച് ഫിദ്‌യ കൊടുക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, ഫിദ്‌യ വാർധക്യം പ്രാപിച്ചവരോ അതുപോലുള്ളവർക്കോ വേണ്ടിയാണ്. വാർധക്യം ബാധിച്ചവരോ അല്ലെങ്കിൽ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്ത അതു പോലുള്ളവരോ ആണ് ഫിദ്‌യ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടു കിട്ടി നോമ്പു പിടിക്കാൻ സാധിക്കുന്നവർ ഫിദ്‌യയെ കുറിച്ച് ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) 'സിർഫ്' എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അതിന്റെ ഉദ്ദേശ്യം, പിന്നീട് നോമ്പു പിടിക്കാൻ ശക്തിയുള്ളവർ ഫിദ്‌യ കൊടുക്കുകയാണെങ്കിൽ അതൊരു അധിക നന്മയായിരിക്കും എന്നാണ്. പിന്നീട് നോമ്പും പിടിച്ച് വീട്ടി, ഫിദ്‌യയും കൊടുത്തു. നോമ്പ് പിടിക്കാൻ കഴിവില്ലാത്ത വർക്കു വേണ്ടിയാണ് ഫിദ്‌യ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു, കഴിവുള്ളവർ ഫിദ്‌യ കൊടുക്കുക, താൽകാലികമായി രോഗിയായവരും.

വീണ്ടും അവിടുന്ന് പറയുന്നു, വ അലല്ലദീന യുത്വീഖൂനഹു ഫിദ്‌യത്തുൻ തആമു മിസ്കീൻ. ഫിദ്‌യ എന്തിനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരിക്കൽ ചിന്തിച്ചു. ഭാഗ്യം തെളിയാൻ വേണ്ടിയാണിതെന്ന് അപ്പോൾ മനസ്സിലായി. അതുമുഖേന നോമ്പു പിടിക്കാനുള്ള ഭാഗ്യം കിട്ടുന്നു. ഭാഗ്യം നൽകാൻ അല്ലാഹുവിന് മാത്രമേ കഴിയൂ. എല്ലാ കാര്യങ്ങളും അവനോടു തന്നെ ചോദിക്കണം. അവൻ സർവശക്തനാണ്. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കു പോലും നോമ്പു പിടിക്കാനുള്ള ശക്തി നൽകാം. ഫിദ്‌യ കൊണ്ടുള്ള ഉദ്ദേശ്യവും ആ ശക്തി ലഭിക്കുക എന്നതാണ്. അത് അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ഉണ്ടാകുന്നത്. എന്റെ പക്കൽ മനുഷ്യൻ ഇങ്ങനെ ദുആ ചെയ്യുന്നത് വളരെയേറെ നല്ലതാണ്. ഇലാഹീ! ഇതു നിന്റെ ഒരു അനുഗൃഹീത മാസമാണ്. ഞാൻ ഇതിൽ നിന്ന് തടയപ്പെടുകയാണ്. അടുത്ത വർഷം ജീവിച്ചിരിക്കുമോ എന്നറിയില്ല. അല്ലെങ്കിൽ ഈ വിട്ടുപോയ നോമ്പ് പിടിച്ചുവീട്ടാൻ പറ്റുമോ ഇല്ലേ എന്നും അറിയില്ല. അവനോട് അവസരം ചോദിക്കുക. അത്തരം ഹൃദയങ്ങൾക്ക് അല്ലാഹു ശക്തി പകരുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു.

നോമ്പ് പിടിക്കാൻ താൽകാലികമായ തടസ്സമുണ്ടാകുമ്പോൾ ഫിദ്‌യ കൊടുക്കുകയാണെങ്കിൽ അല്ലാഹു അതിന്റെ അനുഗ്രഹത്താൽ നോമ്പു പിടിക്കാൻ തൗഫീഖ് നൽകും. അത് കൊണ്ട് ഫിദ്‌യ കൊടുക്കുകയും ഒപ്പം ദുആയും ചെയ്യുക.

വീണ്ടും അവിടുന്ന് പറയുന്നു, വിശുദ്ധഖുർആൻ ഒഴിവു നൽകിയിട്ടുള്ളതനുസരിച്ച് പ്രവർത്തിക്കുന്നതും ഭയഭക്തിയാണെന്നതാണ് വാസ്തവം. അല്ലാഹു രോഗിക്കും യാത്രക്കാരനും മറ്റു സമയങ്ങളിൽ നോമ്പ് പിടിക്കുന്നതിന് അനുവാദവും ഒഴിവും നൽകിയിരിക്കുന്നു. അതുകൊണ്ട് ഇതനുസരിച്ചും പ്രവർത്തിക്കേണ്ടതാണ്. രോഗിയോ യാത്രക്കാരനോ നോമ്പ് പിടിക്കുകയാണെങ്കിൽ അതു പാപമാണെന്ന് മിക്ക മഹാത്മാക്കളും അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്തെന്നാൽ യഥാർഥ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തിയാണ്. നമ്മുടെ ഇഷ്ടമല്ല. അല്ലാഹുവിന്റെ തൃപ്തി അനുസരണത്തിലാണ്. അവൻ എന്താണോ കല്പിക്കുന്നത് അതനുസരിക്കുക. സ്വന്തം നിലയിൽ അതിന് അടിക്കുറിപ്പ് എഴുതരുത്. അവൻ കല്പിച്ചിട്ടുള്ളത്, മൻകാന മിൻകും മരീളൻ അവ് അലാ സഫരിൻ ഫഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖ്റ എന്നാണ്. ഇങ്ങനെയുള്ള യാത്രയെന്നോ അങ്ങനെയുള്ള യാത്രയെന്നോ പറഞ്ഞ് ഇതിന് ഒരു വിലക്കും ഏർപ്പെടുത്തിയിട്ടില്ല. പറഞ്ഞു, ഞാൻ യാത്രാവസരത്തിൽ നോമ്പെടുക്കാറില്ല, അതുപോലെ തന്നെ രോഗാവസ്ഥയിലും. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, ഇന്നും എനിക്ക് സുഖമില്ല. അതുകൊണ്ട് ഞാനിന്ന് നോമ്പെടുത്തിട്ടില്ല.

രോഗിയോ യാത്രക്കാരനോ റമദാൻ മാസത്തിലെ നോമ്പെടുത്താൽ അവൻ അല്ലാഹുവിന്റെ വ്യക്തമായ കല്പനയെ ധിക്കരിക്കുകയാണ് ചെയ്യുന്നത്. രോഗിയും യാത്രക്കാരനും നോമ്പെടുക്കരുതെന്ന് അല്ലാഹു സ്പഷ്ടമായും പറഞ്ഞിട്ടുണ്ട്. രോഗം സുഖമായതിനും യാത്ര അവസാനിച്ചതിനും ശേഷം നോമ്പ് പിടിക്കുക. അല്ലാഹുവിന്റെ ഈ കല്പനയനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. കാരണം മോക്ഷം അനുസരണത്തിലാണ് കരസ്ഥമാകുക. അല്ലാതെ സ്വന്തം ശക്തി കാണിച്ച് ആർക്കും അത് കരസ്ഥമാക്കാൻ സാധ്യമല്ല. കുറച്ചു രോഗമാണോ കൂടുതൽ രോഗമാണോ എന്നൊന്നും അല്ലാഹു പറഞ്ഞിട്ടില്ല. ചെറിയ യാത്രയാണോ വലിയ യാത്രയാണോ എന്നും പറഞ്ഞിട്ടില്ല. പ്രത്യുത, പൊതു കല്പനയാണ് നൽകിയിട്ടുള്ളത്. ഇതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. രോഗിയും യാത്രക്കാരനും നോമ്പ് പിടിക്കുകയാണെങ്കിൽ അവരിൽ കല്പന ലംഘിച്ചു എന്ന കുറ്റം ചുമത്തപ്പെടുന്നതാണ്.

ചിലയാളുകൾ ആവശ്യത്തേക്കാളധികം തങ്ങളെ ബുദ്ധിമുട്ടിലാക്കുന്നു. ബിദ്ധിമുട്ടിലാക്കാൻ പരിശ്രമിക്കുന്നു. ഇന്നത്തെ യാത്ര ഒരു യാത്രയല്ല എന്ന് പറയുന്നു. അതു കൊണ്ട് നോമ്പെടുക്കുന്നത് അനുവദനീയമത്രെ! ബോധപൂർവം സ്വയം ബുദ്ധിമുട്ടി ലാക്കുക എന്നതല്ല നന്മ. അല്ലാഹുവിന്റെ കല്പന നടപ്പിൽ വരുത്തുക എന്നതാണ് നന്മ. വ്യക്തമായ കല്പനയ്ക്ക് സ്വന്തം നിലയിൽ വിശദീകരണവും വ്യാഖ്യാനവും നൽകേണ്ട ആവശ്യമില്ല. അതനുസരിച്ച് പ്രവർത്തിക്കുകയാണ് വേണ്ടത്. രോഗിയും യാത്രക്കാരനും നോമ്പെടുക്കരുതെന്നത് വ്യക്തമായ കല്പനയാണ്. കല്പനകൾ പാലിക്കുന്നതിലാണ് അനുഗ്രഹം കുടികൊള്ളുന്നത്. അല്ലാതെ നിർബന്ധിച്ച് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ശ്രമിക്കലല്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, ഹദ്റത്ത് ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു, നബി (സ) തിരുമേനിയോട് ഒരാൾ റമദാൻ മാസത്തിൽ യാത്രയിൽ നോമ്പെടുക്കുന്നതിനെയും നമസ്കരിക്കുന്നതിനെയും കുറിച്ച് ചോദിച്ചു. നബി (സ) തിരുമേനി പറഞ്ഞു, റമദാൻ

മാസത്തിൽ യാത്രയിൽ നോമ്പെടുക്കാതിരിക്കുക. തനിക്ക് നോമ്പ് പിടിക്കാനുള്ള ശക്തിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു നബി (സ) തിരുമേനി അദ്ദേഹത്തോട് ചോദിച്ചു, നീയാണോ കൂടുതൽ ശക്തിമാൻ അതോ അല്ലാഹുവാണോ? തീർച്ചയായും അല്ലാഹു എന്റെ സമുദായത്തിലെ രോഗികൾക്കും യാത്രക്കാർക്കും റമദാൻ മാസത്തിൽ നോമ്പുപിടിക്കു ന്നതിനെ സദഖ എന്ന നിലയിൽ ഒരു ഇളവു നൽകിയിരിക്കുന്നു. നിങ്ങളിൽ ആരെങ്കിലും സദഖ കൊടുക്കുകയും ആ സദഖ അയാൾ നിങ്ങൾക്കു തന്നെ മടക്കി തരികയും ചെയ്യുന്നത് നിങ്ങൾ ഇഷ്ടപ്പെടുമോ? ഈ സദഖ അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത്. വിശുദ്ധഖുർആൻ തികവുറ്റതും പരിപൂർണവുമായ ശരീഅത്ത് ഗ്രന്ഥമാണ്. ഈ മാസത്തിലാണ് അത് അവതരിക്കപ്പെട്ടത്. ഹദ്റത്ത് ജിബ്രീൽ (അ) ഓരോ വർഷവും അതുവരെ ഇറങ്ങിയിരുന്ന ഖുർആൻ മുഴുവനും റമദാൻ മാസത്തിൽ ആവർത്തിച്ച് ചൊല്ലിക്കൊടുക്കു മായിരുന്നുവെന്ന് ഹദീസിൽ വന്നിരിക്കുന്നു. നബി (സ)തിരുമേനി വഫാത്തായതിനു മുമ്പേ വന്ന റമദാനിൽ രണ്ട് പ്രാവശ്യം ഇത് ആവർത്തിക്കപ്പെട്ടിരുന്നു. പറഞ്ഞു, ഇതിൽ മഹത്തായ ഒരു നിർദേശമുണ്ട്. അതുകൊണ്ട് നിങ്ങളും അത് ചിന്തിച്ച് പാരായണം ചെയ്യുക. എപ്പോഴും പാരായണം ചെയ്യേണ്ടതു തന്നെയാണ്. പക്ഷേ റമദാനിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഓതുകയും ചെയ്യുക, പരിഭാഷയും വായിക്കുക. ദർസിന് ഏർപ്പാടുള്ളിടത്ത് ദർസും കേൾക്കുക. കാരണം ചില കാര്യങ്ങൾ എല്ലാവർക്കും അറിയണമെന്നില്ല. എന്നാൽ നിങ്ങൾക്കതിലെ ഗഹനമായ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയും. എല്ലാ കാര്യങ്ങളേയും കല്പനകളേയും സംബന്ധിച്ച് വിശദീകരണമുണ്ടാകും. അതിനെ നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാൻ കഴിയും. രണ്ടാമത്തെ വചനത്തിൽ വീണ്ടും താക്കീത് ചെയ്തിരിക്കുന്നു. നോമ്പ് പിടിക്കുക. രോഗിയും യാത്രക്കാരനും ഈ ദിനങ്ങളിൽ നോമ്പ് പിടിക്കാതിരിക്കുക. മറ്റു ദിനങ്ങളിൽ എണ്ണം പൂർത്തിയാക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകടിപ്പിച്ചു കൊണ്ട് അവന്റെ മുമ്പിൽ കുനിയുക. അവനോട് നന്ദിയുള്ള ദാസരായി തീരുക. ഈ നന്ദിയും നിങ്ങളെ നന്മയിൽ വളർത്തുന്നതാണ്.

നോമ്പു പിടിക്കുകയും ഖുർആൻ പാരായണം ചെയ്യുകയും ആരാധനകൾ നിർവഹിക്കുകയുംചെയ്യുന്നതു കൊണ്ട് ഹൃദയം പ്രകാശിക്കുന്നു. അല്ലാഹുവുമായിട്ട് അടുത്ത ബന്ധം ഉണ്ടാകുന്നു. നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. ഈ ദിനങ്ങളിൽ നമസ്കാരത്തിലേക്കും പ്രത്യേകം ശ്രദ്ധചെലുത്തുക. ആത്മാവ് കൂടുതൽ ശുദ്ധമായിത്തീരുന്നതിന് വേണ്ടി. നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പിലൂടെ ഹൃദയത്തിന് വെളിച്ചം ലഭിക്കുന്നു. ഹൃദയത്തിന്റെ വെളിച്ചം എന്താണ്? അവിടുന്ന് പറയുന്നു, അല്ലാഹുവിനെ കാണുന്നു എന്ന നിലയിലുള്ള അടുത്ത ബന്ധം അവനുമായുണ്ടാകുന്നു.

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു, നബി തിരുമേനി (സ) പറഞ്ഞു, നോമ്പ് ഒഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമങ്ങളും അവനുതന്നെയുള്ളതാണെന്ന് അല്ലാഹു പ്രഖ്യാപിച്ചിട്ടുണ്ട്. നോമ്പ് എനിക്കു വേണ്ടി പിടിക്കുന്നു. ഞാൻ തന്നെ അതിന് പ്രതിഫലം നൽകുന്നതാണ്. നോമ്പ് പരിചയാണ്. നിങ്ങളിൽ ആർക്കെങ്കിലും നോമ്പ് ഉണ്ടെങ്കിൽ തിന്മ ചെയ്യാതിരിക്കുകയും കലഹിക്കാതിരിക്കുകയും ചെയ്തു കൊള്ളട്ടെ. ഇനി വല്ലവനും അവനെ വഴക്കു പറയുകയോ അവനോട് ശണ്ഠ കൂടുകയോ ചെയ്താൽ താൻ നോമ്പ് കാരനാണെന്നവൻ പറയട്ടെ! ഏതൊരുവന്റെ കയ്യിലാണോ മുഹമ്മദിന്റെ ജീവനിരിക്കുന്നത് അവനെ കൊണ്ട് സത്യം! നോമ്പുകാരന്റ വായയുടെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയേക്കാൾ മണമുള്ളതാണ്. നോമ്പുകാരന് രണ്ടാനന്ദമാണുള്ളത്. ഒന്ന് നോമ്പു മുറിക്കുമ്പോഴാണ്, മറ്റൊന്ന് തന്റെ നാഥ നെ കണ്ടുമുട്ടുമ്പോൾ തന്റെ നോമ്പു കാരണത്താൽ അവൻ സന്തുഷ്ടനായിത്തീരുന്നു. (ബുഖാരി, മുസ്ലിം) ഇതിൽ നോമ്പ് തനിക്കു വേണ്ടിയാണ് പിടിക്കുന്നതെന്ന് അല്ലാഹു പറയുന്നു. അല്ലാഹുവിന് വേണ്ടി ചെയ്യുന്ന കാര്യത്തിൽ ഭൗതികതയുടെ കലർപ്പുണ്ടാകുക അസാധ്യമാണ്. അല്ലാഹുവിന് വേണ്ടി ചെയ്യുന്ന കാര്യങ്ങൾ ജനങ്ങളിൽ പ്രകടിപ്പിക്കാനോ അവരിൽ നിന്ന് സ്തുതി പിടിച്ചു പറ്റാനോ ആകുകയില്ല. ആ നന്മ മറഞ്ഞിരിക്കണമെന്ന ചിന്തയായിരിക്കുമുണ്ടാകുക. ജനങ്ങളെ ഒളിച്ചു ചെയ്യുന്ന നന്മകൾക്ക് താൻ പ്രതിഫലമായിത്തീരുമെന്ന് അല്ലാഹു പറയുന്നു.

പിന്നീട് പറഞ്ഞത് നോമ്പ് പരിചയാണെന്നാണ്. സംരക്ഷണത്തിനുള്ള ശക്തമായ മാർഗമാണിത്. ഇതിന്റെ പിന്നിൽ മറഞ്ഞിരുന്ന് ശയ്ത്വാന്റെ ആക്രമണത്തിൽ നിന്ന് നിങ്ങൾക്ക് രക്ഷപ്പെടാവുന്നതാണ്. നോമ്പി നോടൊപ്പം അല്ലാഹുവിനെ ആരാധിക്കുകയും ദോഷങ്ങളിൽ നിന്നും വഴക്കുകളിൽ നിന്നും രക്ഷപ്പെടുകയും ചെയ്യുമ്പോഴാണ് അത് സാധ്യമാകുക. ആരെ ങ്കിലും ചീത്ത വിളിച്ചാൽതന്നെ ദേഷ്യപ്പെടാനും പാടില്ല. മറിച്ച് താൻ നോമ്പുകാരനാണെന്ന് പറയുക. ഓരോ തലത്തിലും വീട്ടിലായാലും പരിസരത്തായാലും വെളിയിലായാലും സുഹൃത്തുക്കളിലായാലും ഇതനുസരിച്ച് പ്രവർത്തിക്കുമെന്ന് ഓരോ അഹ്മദിയും പ്രതിജ്ഞ ചെയ്യുക. അതായത് ചീത്ത വിളിച്ചാൽ പ്രതികരിക്കില്ലെന്നും വഴക്കും വക്കാണവും ഉണ്ടാക്കില്ലെന്നും പ്രതിജ്ഞ ചെയ്താൽ ലോകത്തെ പകുതിയിലധികം കലഹങ്ങളും ഇല്ലാതാക്കാൻ കഴിയുമെന്ന് ഞാൻ മനസ്സിലാക്കുന്നു. സന്തോഷം ലഭിക്കുന്നവർക്ക് ഏറ്റവും അധികം സന്തോഷം ലഭിക്കുന്നത് തങ്ങളുടെ റബ്ബിന്റെ സാമീപ്യം കരസ്ഥമാകുമ്പോഴാണ്. അത് ഈ നോമ്പുകാലത്താണ് ലഭിക്കുക. ഇതിൽ നിന്ന് നോമ്പിന് ശേഷവും ഈ കർമം തുടർന്ന് പോയാൽ അല്ലാഹുവിന്റെ സാമീപ്യം ലഭിച്ചുകൊണ്ടേപോകുമെന്നാണ് മനസ്സിലാകുന്നത്. ഇല്ലെങ്കിൽ ഇത് താൽകാലികമായിരിക്കും. റമദാനിൽ എന്റെ സാമീപ്യം കരസ്ഥമാക്കുക, അതിനു ശേഷം ഇഷ്ടത്തിനനുസരിച്ച് നിങ്ങൾ പ്രവർത്തിച്ചു കൊള്ളുക എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. സ്വായത്തമാക്കുന്ന നന്മകൾക്ക് അമരത്തം നൽകേണ്ടതാണ്.

ഹദ്റത്ത് ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു, അവിടുന്ന് പറയുന്നു, നബി (സ) തിരുമേനി പറഞ്ഞു, കർമങ്ങളുടെ അവസ്ഥ അല്ലാഹുവിന്റെ സന്നിധിയിൽ ഏഴ് വിധത്തിലാണ്. രണ്ടു കർമങ്ങളുണ്ട്. അതു ചെയ്യുന്നതു കൊണ്ട് രണ്ടുകാര്യം നിർബന്ധ മായിത്തീരുന്നു. രണ്ടു കർമങ്ങളുണ്ട്. അതിന് സമാനമായ പ്രതി ഫലമാണ് ലഭിക്കുന്നത്. ഒരു കർമമുണ്ട്. അതിന് പത്തിരട്ടി പ്രതിഫലമുണ്ട്. വേറൊരു കർമമുണ്ട്. അതിന് എഴുന്നൂറിരട്ടി പ്രതിഫലമുണ്ട്. ഒരു കർമമുണ്ട്. അത് അനുഷ്ഠിക്കുക

> ക്ഷമ എല്ലാ തരത്തിലും വേണ്ടത് നിർബന്ധമാണ്. ഇത് ക്ഷമിക്കാനു ള്ള മാസമാണ്. എങ്ങനെയാണ് ക്ഷമ ഉണ്ടാകുന്നത്. നോമ്പ് പിടിച്ച് വിശപ്പ് സഹിക്കുമ്പോൾ ശരീരേച്ഛകൾ നിയന്ത്രിക്കപ്പെടുന്നു. സ്വന്തം അവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോഴും നോമ്പുകാരൻ ക്ഷമിക്കുന്നു. കാരണം വഴക്കിടരുത്, കലഹിക്കരുത് എന്നത് അല്ലാഹുവിന്റെ കല്പനയാണ്.

യാണെങ്കിൽ അതിനുള്ള പ്രതിഫലം അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയില്ല. രണ്ടു കാര്യം നിർബന്ധമായി തീരുന്ന കർമം ഇതാണ്. അതായത്, അത്മാർഥമായി അല്ലാഹുവിനെ ആരാധിക്കുകയും അവനോട് ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്ന നിലയിൽ അല്ലാഹുവിനെ കണ്ടുമുട്ടുന്ന ആൾക്ക് സ്വർഗം നിർബന്ധമായിരിക്കുന്നു. അല്ലാഹുവിന് പങ്കുകാരെ വെച്ചു കൊണ്ട് ആരാധന നടത്തുന്നവന് നരകം നിർബന്ധമാക്കിയിരിക്കുന്നു. തിന്മ ചെയ്യുന്നവന് അതനുസരിച്ച് ശിക്ഷ ലഭിക്കുന്നതാണ്. നന്മ ചെയ്യാൻ ഉദ്ദേശിച്ചു എന്നാൽ കഴിഞ്ഞില്ല. അയാൾക്ക് നന്മ ചെയ്തവനു തുല്യമായ പ്രതിഫലം ലഭിക്കുന്നതാണ്. എന്നാൽ നന്മ പ്രവർത്തിച്ചവന് പത്തിരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. ആരാണോ തന്റെ ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചത് അവൻ ചെലവഴിച്ച ദിർഹം അല്ലെങ്കിൽ ദിനാർ ഏഴുന്നൂറിരട്ടി വർധിപ്പിക്കുന്നതാണ്. നോമ്പ് അല്ലാഹുവിന് വേണ്ടി പിടിക്കുന്ന ഒരു കർമമാണ്. നോമ്പ് പിടിക്കുന്നവന്റെ പ്രതിഫലം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളു.

മറ്റൊരു സ്ഥലത്ത് അതിന്റെ പ്രതിഫലം താൻ തന്നെയാണെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ട്. അതെത്ര വേണമെങ്കിലും അവന് വർധിപ്പിക്കാൻ കഴിയും. എഴുന്നൂറിരട്ടി എന്നു പറഞ്ഞുകൊണ്ട്, ഇതി നേക്കാളധികം പ്രതിഫലം കിട്ടാൻ സാധ്യതയുണ്ടെന്ന് പറഞ്ഞിരിക്കുന്നു. കാരണം നോമ്പുകാരൻ തന്റെ ഉള്ളിൽ വലിയൊരു മാറ്റമുണ്ടാക്കുന്നു. അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കാൻ ശ്രമിക്കുന്നു. അതിൽ നലനിൽക്കാൻ ശ്രമിക്കുമ്പോൾ പ്രതിഫലവും കിട്ടിക്കൊണ്ടേയിരിക്കും. ഹദ്റത്ത് സൽമാൻ (റ) നിവേദനം ചെയ്യുന്നു, നബി (സ) തിരുമേനി ശഅ്ബാൻ മാസത്തിന്റെ അവസാന ദിവസം ഞങ്ങളെ അഭിസംബോധന ചെയ്തു കൊണ്ട് പറഞ്ഞു, അല്ലയോ ജനങ്ങളെ! നാളെ മുതൽ അതിശ്രേഷ്ഠമായ ഒരു മാസം ആരംഭിക്കുകയായി. ഏറ്റവും അനുഗ്രഹപൂർണമായ ഒരു മാസമത്രെ അത്. ഈ മാസത്തിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠതയുള്ള ഒരു പ്രത്യേക രാത്രിയുണ്ട്. ഈ മാസം അല്ലാഹു നമുക്ക് നോമ്പനുഷ്ടിക്കാനും നിർബന്ധമാക്കിയിരിക്കുന്നു. ഈ മാസത്തിലെ രാത്രികളിൽ ഉറക്കമുണർന്ന് നമസ്കരിക്കുന്നത് ഐച്ഛരിക മാക്കിയിരിക്കുന്നു. ഇതൊരു പ്രത്യേക മാസമാണ്. ഇതിന്റെ ആദ്യത്തെ പത്ത് കാരുണ്യത്തിന്റേയും രണ്ടാമത്തെ പത്ത് പാപപ്പൊറുതിയുടേയും അവസാന പത്ത് നരകത്തിൽ നിന്ന് മോചനം നൽകുന്നതുമാണ്. ഇതിൽ ഒരു നോമ്പുകാരനെ നോമ്പ് തുറപ്പിച്ചാൽ അവനെ അല്ലാ ഹു തന്റെ ഹൗളിൽ നിന്ന് കുടിപ്പിക്കുന്നതാണ്. തൽഫലമായി സ്വർഗത്തിൽ പ്രവേശിക്കുന്നതു വരെ അവന് ദാഹമുണ്ടാകില്ല.

ഈ മാസത്തെ നോമ്പ് നിർബന്ധമാണെന്ന് ഇതിൽ നിന്ന് കൂടുതൽ വ്യക്തമായി. അതുകൊണ്ട് തന്ത്രങ്ങളൊന്നും മെനയേണ്ട. മറ്റൊന്ന് വിശന്നിരുന്നാൽ മാത്രം പോരാ! ആരാധനാ കർമങ്ങളിലും വർധനവുണ്ടാക്കേണ്ടതാണ്. രാത്രിയിലും ആരാ ധനക്കായി എഴുന്നേൽക്കണം. അപ്പോഴാണ് ഇപ്പറഞ്ഞ പ്രതിഫ ലത്തിന് അർഹരായിത്തീരുന്നത്, അല്ലാഹു വാഗ്ദാനം ചെയ്ത സ്വർഗത്തിന് അവകാശികളായിത്തീരുന്നത്. ഹദ്റത്ത് സൽമാൻ (റ) നിവേദനം ചെയ്യുന്നു, നബി (സ) ശഅ്ബാൻ മാസത്തിന്റെ അവസാന ദിവസം ഞങ്ങളോട് പറഞ്ഞു, ഈ നോമ്പ് മാസത്തിൽ ആരാണോ ഏതെങ്കിലും നല്ല സ്വഭാവം സ്വായത്തമാക്കുന്നത് അവൻ, അതിനു പുറമെയുള്ള കടമകൾ നിറവേറ്റിയവനെ പോലെയാണ്. ആരാണോ ഈ മാസത്തിൽ ഒരു നിർബന്ധ കടമ നിറവേറ്റിയത് അവൻ റമദാനു പുറമെ എഴുപതു നിർബന്ധ കടമകൾ നിറവേറ്റിയവനെ പോലെയാണ്. റമദാൻ മാസം ക്ഷമയുടെ മാസമാണ്. ക്ഷമയുടെ പ്രതിഫലം സ്വർഗമാണ്. ഇത് സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റേയും മാസമാണ്. ഇതിൽ സത്യവിശ്വാസിക്ക് ജീവിത വിഭവം നൽകപ്പെടുന്നു. അതായത് സാഹോദര്യം, സ്നേഹം, സഹതാപം, സഹിഷ്ണുത തുടങ്ങിയവയുടെ മാസമാണ്.

ക്ഷമ എല്ലാ തരത്തിലും വേണ്ടത് നിർബന്ധമാണ്. ഇത് ക്ഷമിക്കാനുള്ള മാസമാണ്. എങ്ങനെയാണ് ക്ഷമ ഉണ്ടാകുന്നത്. നോമ്പ് പിടിച്ച് വിശപ്പ് സഹിക്കുമ്പോൾ ശരീരേച്ഛകൾ നിയന്ത്രിക്കപ്പെടുന്നു. സ്വന്തം അവകാശങ്ങൾ ധ്വംസിക്കപ്പെടുമ്പോഴും നോമ്പുകാരൻ ക്ഷമിക്കുന്നു. കാരണം വഴക്കിടരുത്, കലഹിക്കരുത് എന്നത് അല്ലാഹുവിന്റെ കല്പനയാണ്. ഇതിൽ ജനങ്ങളോട് സഹതാപത്തോടും സഹിഷ്ണുതയോടും വിട്ടുവീഴ്ചയോടും കൂടി പെരുമാറേണ്ടതാണ്. അപ്പോഴാണ് ഇതിൽ നിന്ന് ഫലമെടുക്കാൻ കഴിയുകകയും അനുഗ്രഹം ലഭിക്കുകയും ചെയ്യുന്നത്. ഈ ക്ഷമയും സഹതാപവും കാരണത്താൽ, അക്രമമുണ്ടാകുമ്പോൾ അല്ലാഹു ആത്മീയമായ അഭിവൃദ്ധി നൽകുന്നതിനോടൊപ്പം, ഭൗതിക ഭക്ഷണത്തിലും അനുഗ്രഹമിടുന്നതാണ്. അല്ലാഹുവിന് വേണ്ടി പ്രവർത്തിക്കുന്നവന്റെ ജാമ്യക്കാരൻ അല്ലാഹു തന്നെയായിത്തീരുന്നു. ഹദ്റത്ത് അബൂമസ്ഊദ് ഗഫ്ഫാരി (റ) നിവേദനം ചെയ്യുന്നു. റമദാൻ ആരംഭിച്ച ശേഷം ഒരു ദിവസം തിരുമേനി (സ) ഇങ്ങനെ പറയുന്നതായി കേട്ടു. റമദാന്റെ മഹത്വത്തെ കുറിച്ച് ജനങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ സമുദായം വർഷം മുഴുവൻ റമദാനായിരുന്നെങ്കിൽ എന്നാശിച്ചേനെ. ഇതു കേട്ടപ്പോൾ ഖസാ ഗോത്രത്തിലെ ഒരാൾ പറഞ്ഞു, അല്ലാഹുവിന്റെ ദൂതരെ! റമദാന്റെ മഹത്വത്തെ കുറിച്ച് ഞങ്ങൾക്ക് പറഞ്ഞു തന്നാലും. അവിടുന്ന് പറഞ്ഞു, തീർച്ചയായും. റമദാനുവേണ്ടി വർഷാരംഭം

മുതൽ അവസാനം വരെ സ്വർഗത്തെ അലങ്കരിച്ച് ഒരുക്കി നിർത്തുന്നു. റമദാന്റെ ആദ്യ ദിവസമാകുമ്പോൾ, അല്ലാഹുവിന്റെ സിംഹാസനത്തിനു കീഴെ കാറ്റു വീശുന്നു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു, നബി (സ) തിരുമേനി പറഞ്ഞു: റമദാന്റെ പ്രഥമരാത്രിയിൽ അല്ലാഹു തന്റെ സൃഷ്ടികളിലേക്ക് നോക്കുന്നു. അല്ലാഹു ഏതെങ്കിലും ദാസന്റെ നേരെ നോക്കിയാൽ പിന്നീടവന് ഒരിക്കലും ശിക്ഷ നൽകില്ല. അല്ലാഹു നിത്യവും ആയിരക്കണക്കിനും ലക്ഷക്കണക്കിനും ആളുകൾക്ക് മോക്ഷം നൽകുന്നു. റമദാന്റെ 29-ാം രാത്രി അല്ലാഹു റമദാന്റെ കഴിഞ്ഞ 28 രാത്രിക്കു സമാനമായി ജനങ്ങൾക്ക് പൊറുത്തു കൊടുക്കുന്നു. ഇവിടെ ഹദീസിൽ വഇദാ നളറല്ലാഹു ഇലാ അബ്ദിൻ ലം യുദ്ഹിബു അബദാ എന്നാണ് പറഞ്ഞിട്ടുള്ളത്. അബ്ദ് എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. അതായത് തികഞ്ഞ അനുസര ണശാലി. അവന്റെ മുമ്പിൽ കുനിയുന്നവനും അവനെ ആരാധി ക്കുന്നവനും ആയിരിക്കണം. എന്റെ അത്തരം ദാസന്മാരെ ഞാനെന്റെ സ്നേഹത്തിന്റെ പുതപ്പിൽ ഒരു പ്രാവശ്യം പൊതിയുന്നതാണ്. അതു കഴിഞ്ഞാൽ അവർക്കു നഷ്ടമുണ്ടാക്കാൻ ഒരു ശത്രുവിനും കഴിയില്ല. അല്ലാഹു അവരെ സ്വർഗത്തിന്റെ അനന്ത രാവകാശിയാക്കും. അല്ലാഹു എല്ലാവർക്കും യഥാർഥ ദാസരാ യിത്തീരാൻ സൗഭാഗ്യം നൽകുമാറാകട്ടെ.

തബ്റാനിയിൽ ഹദ്റത്ത് അനസിബ്നു മാലിക് (റ) നിവേദനം ചെയ്യുന്നു, അദ്ദേഹം പറഞ്ഞു, ഞാൻ നബി (സ) തിരുമേനിയിൽ നിന്ന് കേട്ടു, അവിടുന്ന് പറയുകയായിരുന്നു, ഇതിൽ സ്വർഗ കവാടങ്ങൾ തുറക്കപ്പെടുന്നു. നരകത്തിന്റെ കവാടങ്ങൾ അടക്കപ്പെടുന്നു. പിശാചുക്കൾ ചങ്ങലകളാൽ ബന്ധിക്കപ്പെടുകയും ചെയ്യുന്നു. റമദാൻ മാസം പ്രാപിക്കുകയും എന്നാൽ പാപങ്ങൾ പൊറുപ്പിക്കാതിരിക്കുകയും ചെയ്യുന്നവന്റെ മേൽ നാശം. റമദാനിൽ അത് പൊറുക്കപ്പെടുന്നില്ലെങ്കിൽ പിന്നെപ്പോഴാണ് അത് പൊറുക്കപ്പെടുക?

ഇതിൽ നിന്ന് ആദ്യം പറഞ്ഞ ഹദീസ് ഒന്നു കൂടി വ്യക്തമായി. അല്ലാഹു തന്റെ യഥാർഥ ദാസരായിത്തീരാനുള്ള എല്ലാ വഴികളും മനുഷ്യർക്ക് സൗകര്യപ്പെടുത്തി കൊടുത്തു. എന്നിട്ടും അവർ യഥാർഥ ദാസരാകുന്നില്ല. റമദാനിൽ നിന്ന് അനുഗ്രഹജലം എടുക്കുന്നില്ല. അവനെ ആരാധിക്കുന്നവനും അവന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവനും നന്മയെ പരത്തു ന്നവനും ആകുന്നില്ല. അവനെകുറിച്ച് ഖേദിക്കുകയല്ലാതെ എന്തു ചെയ്യാനാണ്? അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞത് അവന്റെ മേൽ നാശമുണ്ടാകും എന്നാണ്. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ എല്ലാ സൗകര്യങ്ങളുണ്ടായിട്ടും പാപം പൊറുപ്പിക്കാൻ അവനു കഴിഞ്ഞില്ല. അതുകൊണ്ട് ഈ പാപം പൊറുത്തു കിട്ടുന്നതിന് അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും നിറവേറ്റേണ്ടി വരും. അല്ലാഹു അതിന് തൗഫീഖ് നൽകുമാറാകട്ടെ.

ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു, നബി തിരുമേ നി (സ) പറഞ്ഞു, ഏതൊരുവൻ റമദാനിലെ നോമ്പ് വിശ്വാസദാർ ഢ്യത്തോടെയും ആത്മപരിശോധന നടത്തിക്കൊണ്ടും അനുഷ്ഠി ക്കുന്നുവോ അവന്റെ മുൻ പാപങ്ങൾ അവന് പൊറുക്കപ്പെടുന്നതാണ്.

ആയിരക്കണക്കിന് ലക്ഷക്കണക്കിന് ആളുകൾക്ക് പൊറുത്തു കൊടുക്കുമെന്ന് ആദ്യ ഹദീസിൽ പറയുകയുണ്ടായി. അതിന്റെ വിശദീകരണമാണ് ഇവിടെയുള്ളത്. വിശ്വാസ ദാർഢ്യ ത്തോടെ നോമ്പ് പിടിക്കുകയും മുറയനുസരിച്ചും ആത്മപരിശോ ധന നടത്തിയും തന്നിലേക്കുതന്നെ നോക്കിയും മറ്റുള്ളവരുടെ ദോഷം മാത്രം കണ്ടാൽ പോര, സ്വയം കണക്കെടുത്തും അല്ലാഹു വിന്റെ യഥാർഥ ദാസരായാൽ ഈ അനുഗ്രഹത്തിൽ നിന്ന് ഫലമെടുക്കുന്നവരായി മാറുന്നതാണ്.

ഹദ്റത്ത് നസർബിൻ സൽമാൻ പറയുന്നു: ഞാൻ അബൂ സൽമബിൻ അബ്ദുർറഹ്മാനോട് പറഞ്ഞു, താങ്കൾ താങ്കളുടെ പിതാവിൽ നിന്നു കേട്ട എന്തെങ്കിലും ആരാധനാ കർമം എനിക്ക് പറഞ്ഞു തരിക. അദ്ദേഹം റമദാൻ മാസത്തെ കുറിച്ച് നബി തിരുമേനി (സ)യിൽ നിന്ന് നേരിട്ട് കേട്ടതായിരിക്കണം അത്. അബൂസൽമബിൻ അബ്ദുർ റഹ്മാൻ പറഞ്ഞു: അതേ, എന്റെ പിതാവ് പറഞ്ഞു, നബി തിരുമേനി (സ) പറഞ്ഞിരുന്നു. അല്ലാഹു റമദാന്റെ നോമ്പ് നിങ്ങളിൽ നിർബന്ധമാക്കിയിരിക്കുന്നു. ഞാൻ നിങ്ങൾക്കു വേണ്ടി അതിന്റെ അനുഷ്ഠാനം തുടങ്ങിയിരിക്കുന്നു. ഏതൊരുവൻ ദൃഢവിശ്വാസത്തോടും പ്രതിഫലേച്ഛയോടും കൂടി അതിൽ നോമ്പ് നോൽക്കുന്നുവോ, തന്റെ മാതാവ് അവനെ പ്രസ വിച്ചതു പോലെ അവൻ പാപത്തിൽ നിന്ന് പുറത്തു വരുന്നു. അതായത് നിഷ്കളങ്കനായ കുട്ടിയെ പോലെ.

ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു, നോമ്പ് ഒരു പരിചയും തീയിൽ നിന്ന് രക്ഷിക്കുന്ന ശക്തമായ ഒരു കോട്ടയുമാണ്. എന്നാൽ ഇത് കോട്ടയാണെന്നത് ശരി തന്നെ. ഈ പരിചയുടെ പിന്നിൽ ഈ കോട്ടയ്ക്കുള്ളിൽ എപ്പോൾ വരെയാണ് സുരക്ഷിതരായി ഇരിക്കുവാൻ കഴിയുക. അതിന്റെ വിശദീകരണം മറ്റൊരു നിവേദനത്തിൽ പറഞ്ഞു. കളവും പരദൂഷണവും കൊണ്ട് അതിനെ അടിച്ചു പൊളിക്കുവാതിരിക്കുവോളം അതിലിരിക്കുന്നതാണ്.

റമദാനിലെ അനുഗ്രഹം ലഭിക്കുന്നത് നിസ്സാരമാണെന്നു തോ ന്നുന്ന ഇത്തരം ചെറിയ ചെറിയ ദോഷങ്ങളും ഉപേക്ഷിക്കു മ്പോഴാണ്. മനുഷ്യൻ ബോധവാനാകാത്ത ഏറ്റവും വലിയ ദോഷം കളവാണ്. കളവു പറയുമ്പോൾ ആ പരിചയെ തച്ചു തകർ ക്കുകയാണ് ചെയ്യുന്നത്. പരദൂഷണം പറയുമ്പോൾ, ഏഷണി പറയുമ്പോൾ, പിന്നിലിരുന്ന് പിറുപിറുക്കുമ്പോൾ ഇതും നിങ്ങ ളുടെ പരിചയെ തകർക്കുന്നതാണ്. നോമ്പ് എല്ലാ നിർബന്ധ നിബന്ധനയോടും കൂടി പിടിച്ചാൽ അത് പരിചയായിതീരും. ഇല്ലെങ്കിൽ ഒരിടത്ത് പറഞ്ഞത് ആ നോമ്പ് വെറും വിശപ്പും ദാഹവും ആണെന്നാണ്. അല്ലാഹു നമുക്ക് നോമ്പ് എല്ലാ നിബന്ധനയോടും കൂടി പിടിക്കാനുള്ള സൗഭാഗ്യം നൽകുമാറാകട്ടെ. അല്ലാഹുവിന് വേണ്ടി മാത്രം നോമ്പ് പിടിക്കുന്നവരായിത്തീരുമാറാകട്ടെ. ലോകത്തെ കാണിക്കുന്നതിന് വേണ്ടിയല്ല. ശരീരേച്ഛയുടെ ഒരു തന്ത്രവും നോമ്പു പിടിക്കാൻ തടസ്സമാകാതിരിക്കട്ടെ. ഈ മാസത്തിൽ നമ്മുടെ ആരാധനകളേയും ജീവസ്സുറ്റതാക്കി തീർക്കാൻ അല്ലാഹു തൗഫീഖ് നൽകുമാറാകട്ടെ. നന്മയുടെ മാർഗത്തിൽ ഈ റമദാനിൽ നടക്കു മ്പോൾ, ആ നന്മ റമദാൻ അവസാനിക്കുന്നതോടുകൂടി അവസാനിച്ചു പോകാതിരിക്കാനും ദുആ ചെയ്യേണ്ടതാണ്. ●

വിവി. മൗലവി മുഹമ്മദ് ഇസ്മായീൽ



# സ്നേഹം എന്ന വികാരം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

**സ്**നേഹം മനുഷ്യർക്കും മറ്റു ജന്തുക്കൾക്കും പൊതുവായുള്ളതാണ്. സ്നേഹത്തിന്റെ എതിരായിട്ടുള്ളത് വെറുപ്പാണല്ലോ. പ്രകൃതി ദത്തമായ ഈ രണ്ടു വികാരങ്ങളും ധാർമിക ഗുണ മായി മാറ്റുകയാണ് ആവശ്യം. നമുക്ക് എല്ലാറ്റിനേയും സ്നേഹിക്കുവാനും എല്ലാറ്റിനേയും വെറുക്കാനും സാദ്ധ്യ മല്ല. എന്നാൽ ഈ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിൽ നിയന്ത്രണങ്ങളും പരിധി നിശ്ചയങ്ങളും ആവശ്യമാണ്.

നമുക്ക് ആവശ്യമായിട്ടുള്ള വസ്തുക്കളെ, അല്ലെങ്കിൽ നമുക്ക് ആശ്വാസം നൽകുകയോ, നമ്മുടെ ഇന്ദ്രിയങ്ങൾക്ക് ആനന്ദം നൽകുകയോ ചെയ്യുന്ന വസ്തുക്കളെ നാം സ്നേഹിക്കുന്നു. ഇത് നന്മയൊന്നുമല്ല. എന്തെന്നാൽ ഈ സ്നേഹവികാരം ജന്തുക്കൾക്കും സഹജമായിട്ടുള്ളതാണ്. സ്നേഹം ഒരു ധാർമിക ഗുണമായി മാറുന്നത് മുന്നു വിധത്തിലാണ്. ഒന്ന് ശരിയായ അനുപാതത്തിൽ പ്രകടിപ്പി ക്കപ്പെടുമ്പോൾ അതായത് ഒരാൾ മറ്റൊരാളെക്കാൾ കൂടുതൽ സ്നേഹി ക്കപ്പെടുന്നതിന് അർഹനാ ണെങ്കിൽ അയാൾക്കത് ലഭിക്കുമാറാക ണം. രണ്ട് ഭാവിയിൽ ലഭിക്കുന്ന ഗുണ ഫലങ്ങളിലുള്ള പ്രത്യാശയുടെ അടി സ്ഥാനത്തിൽ പ്രകടിപ്പിക്കപ്പെടുന്നതി നേക്കാൾ മുമ്പ് ലഭിച്ചിട്ടുള്ള ഗുണഫല ങ്ങൾക്കുള്ള നന്ദി ഭാവത്തെ അടി സ്ഥാന പ്പെടുത്തിയിട്ടുള്ളതാകു മ്പോൾ ആദ്യത്തേതു സ്വാർഥ ലാഭേച്ഛയുടെ അടി സ്ഥാനത്തിലുള്ളതാണെങ്കിൽ രണ്ടാമത്തേത് ബാദ്ധ്യതയുടെ അടി സ്ഥാനത്തി ലുള്ളതാണ്. മൂന്ന് ഉടൻ ലഭിക്കുന്ന ഗുണഫലത്തെ യല്ലാതെ വിദൂര ഭാവിയിൽ ലഭിക്കാനിരി ക്കുന്ന ഗുണ ഫലത്തെ അടിസ്ഥാന മാക്കിയുള്ളതാകുമ്പോൾ. ഈ നില കളിൽ സ്നേഹം ഒരു ധാർമിക ഗുണമായി മാറുന്നു. ഈ മൂന്നു നിയന്ത്രണങ്ങൾക്കും വിധേയമായി സ്നേഹ വികാരം ഒരു സഹജ വികാരം മാത്രമല്ലാതെ് ഒരു ഉത്തമ ധാർമിക ഗുണമായിമാറുന്നു.

> ഔചിത്യ ബോധത്തോടെ പ്രകടിപ്പിക്കുമ്പോൾ മാത്രമാണ് സ്നേഹം എന്ന സഹജവികാരം ഒരു ധാർമിക ഗുണമായി മാറുന്നത്.

ഈ മൂന്നു നിബന്ധനകളും വിശുദ്ധ ഖുർആൻ നിർദേശിച്ചിട്ടുള്ളതാണ് ഖുർആൻ പറയുന്നു:

*'നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ മക്കളും നിങ്ങളുടെ സഹോ ദരന്മാരും നിങ്ങളുടെ ഭാര്യമാരും നിങ്ങളുടെ ഭർത്താക്കന്മാരും നിങ്ങളു ടെ ഉറ്റവരും നിങ്ങൾ സമ്പാദിച്ച് വെച്ച മുതലുകളും മോശമാകുമെന്ന് നിങ്ങൾ പേടിച്ചുകഴിയുന്ന നിങ്ങളുടെ വാസ സ്ഥലങ്ങളും രമ്യഹർമങ്ങളും അല്ലാഹു വിനേക്കാളും അവന്റെ റസൂലി നേക്കാളും ദൈവമാർഗത്തിലുള്ള പ്രയത്നങ്ങളേക്കാളും നിങ്ങൾക്ക് പ്രിയങ്കരമായിട്ടുള്ള താണെങ്കിൽ*

*നിങ്ങളെക്കുറിച്ചുള്ള ഒരു ദൈവ വിധിയെ കാത്തിരുന്നു കൊൾക! തങ്ങളുടെ ഉത്തരവാദിത്വങ്ങൾ വിസ്മരിക്കുന്നവരെ അല്ലാഹു നേർവഴിയിലാക്കുന്നില്ല. ' (9:24)*

നമ്മുടെ സ്നേഹം, അർഹിക്കുന്നവരോട് പുലർത്തേണ്ട സ്നേഹത്തിന്റെ അനുപാതമാണ് ഇവിടെ വിവരിച്ചിട്ടുള്ളത്. സ്നേഹം എന്ന സഹജ വികാരത്തെ ഒരു ധാർമിക ഗുണമാക്കിമാറ്റണമെങ്കിൽ നമ്മുടെ സ്നേഹം നിശ്ചിതമായ അനുപാതത്തിലുള്ളതായിരിക്കണം. ഒരോരുത്തരുടേയും പദവികളും നിലയും അനുസരിച്ചുള്ളതായിരിക്കണം. മാതാപിതാക്കന്മാരെയും ഭാര്യമാരെയും അവരെനിലക്കൊത്തും സ്നേഹിക്കേണ്ടതാണ്. അപ്രകാരമല്ലാത്ത പക്ഷം സ്നേഹം വെറുമൊരു വികാര പ്രകടനം മാത്രമായിരിക്കും. ഉദാഹരണമായി ഭാര്യക്ക് വേണ്ടി ഒരാൾ മാതാപിതാക്കന്മാരെ കൈവെടിയുകയാണെങ്കിൽ, സ്വന്തം മുതലുകൾ സംരക്ഷിക്കാതിരിക്കാനായി മാതൃരാജ്യത്തിന്റെ വിളികേൾക്കാതിരിക്കുകയാണെങ്കിൽ അത്തരമൊരാൾ സ്നേഹിക്കുന്നു എന്നത് കൊണ്ട് മാത്രം നല്ലവനായി കരുതാവുന്നതല്ല തന്നെ. എന്നാൽ അത് യുക്തിയും വിവേകവും മൂലം നിയന്ത്രിച്ചിട്ടില്ലായെങ്കിൽ ഒരു ധാർമിക ഗുണമാമാകുന്നില്ല.

രണ്ടാമത്തെ നിബന്ധന ഒരാൾ ഇപ്പോൾ അനുഭവിക്കുന്ന ഗുണഫലങ്ങളെയോ, ഭാവിയിൽ അനുഭവിക്കാനിരിക്കുന്ന ഗുണഫലങ്ങളെയോപരിഗണിച്ചു കൊണ്ടിരിക്കുന്ന സ്നേഹമാണ്. അനുഭവിച്ചു കൊണ്ടിരിക്കുന്ന ഗുണഫലങ്ങളെ അപേക്ഷിച്ച് അനുഭവപ്പെട്ടു കഴിഞ്ഞ ഗുണഫലങ്ങളുടെ അടിസ്ഥാനത്തിലുള്ള സ്നേഹ പ്രകടനമാണ് ഉത്തമ ധർമം. ഈ നിബന്ധന വെച്ചു നോക്കിയാൽ മക്കളോടുള്ള സ്നേഹം കേവലം ഒരു സഹജ വികാരവും മാതാപിതാക്കളോടുള്ള സ്നേഹം ഒരു ധാർമിക ഗുണമാണെന്നും കാണാം. മാതാപിതാക്കന്മാർക്ക് മക്കളോടുള്ള സ്നേഹം തലമുറ നിലനിർത്താനുള്ള സഹജ പ്രേരണയുടെ പ്രകടനമാകുന്നു. മാതാപിതാക്കൾ മക്കളോട് അനുവർത്തിക്കാൻ പ്രകൃതി നിശ്ചയിച്ച ധർമങ്ങൾ അവ മുമ്പു തന്നെ നിർവഹിച്ചു കഴിഞ്ഞിരിക്കയാൽ അവരുടെയാ വികാരം പ്രയോജനമില്ലാത്തതാണ്. എന്നാൽ മാതാപിതാക്കളോട് ഒരു പുത്രൻ കാണിക്കേണ്ട സ്നേഹാദരം ഒരു ധാർമിക ഗുണമാകുന്നു.

ഒരു മാതാവ് തന്റെ കുട്ടിയെ അവന്റെ തെറ്റു കുറ്റങ്ങളെ ആസ്പദമാക്കിശാസിക്കുവാൻ ഒരുങ്ങുന്നില്ലെന്ന് വിചാരിക്കുക. അത് അവനോടുള്ള സ്നേഹം കൊണ്ടാണെങ്കിൽ ഈ സ്നേഹം വെറുമൊരു വികാര പ്രകടനമല്ലാതെ ധാർമിക ഗുണമാകുന്നില്ല. ധാർമിക ഗുണമാക ണമെങ്കിൽ കുട്ടിയെ ശാസിക്കുകയും തെറ്റുതിരുത്താൻ പ്രേരിപ്പിക്കുകയും ആണ് ചെയ്യേണ്ടിയിരുന്നത്.

മാതാപിതാക്കളിൽ നിന്ന് തന്റെ ശൈശവത്തിലും ബാല്യത്തിലും, ലഭിച്ചുകഴിഞ്ഞ ഉപകാരത്തിന്റെ സ്മരണ എന്ന നിലയിൽ അവർ കാണിച്ച സ്നേഹ വായ്പ്പിന് പകരമായി അവരോടും സ്നേഹാദരങ്ങൾ കാണിക്കുകയും തന്റേതായ എല്ലാം സംത്യജിച്ചും അവർക്ക് എല്ലാ സുഖങ്ങളും ആശ്വാസങ്ങളും ഒരുക്കുവാൻ ഒരുങ്ങുകയും ആണ് അവർ ചെയ്യുന്നത്. അതുകൊണ്ട് തന്നെയാണ് **'സ്വർഗം മാതാവിന്റെ കാലിനടിയിലാണ്'** എന്ന് ഇസ്‌ലാം പറയുന്നത്. സ്വർഗം മക്കളുടെ കാലിനടിയിലാണെ ന്ന് പറഞ്ഞില്ല. ബുദ്ധിയുള്ള ഏതൊ രാളും മക്കളെ സ്വാഭാവികമായും സ്നേഹിക്കും എന്നാൽ എല്ലാവരും തങ്ങളുടെ മാതാപിതാക്കളെ സ്വാഭാവി കമായും സ്നേഹിക്കണമെന്നില്ല. മറിച്ച് സ്വന്തം മക്കളുടെ നിസ്സാര കാര്യങ്ങളെ മുൻനിർത്തി മാതാപിതാക്കന്മാരെ കയ്യൊഴിച്ചതിലേക്കു എത്രയോ ഉദാഹരണങ്ങൾ എടുത്തുകാണിക്കാനാവും. ഇത് ഉത്തമ ധാർമിക ഗുണമാണെന്ന് ആരെങ്കിലും പറയുമോ?

സ്നേഹം ഒരു സഹജ വികാരമെന്ന നിലയിൽ ധാർമിക ഗുണമായി മാറുന്നതിനാവശ്യമായ മൂന്നാമത്തെ ഉപാധി ഉടനെ ലഭിക്കുന്ന ഗുണ ഫലത്തെയും സുഖാനുഭൂതിയേയും മാത്രമല്ലാതെ വിദൂര ഭാവിയിലെ ഗുണ ഫലത്തെ ആശ്രയിരിക്കണം അതെന്നതാണ്. ഒരാൾ ഒരു വസ്തുവെ സ്നേഹിക്കുന്നു എന്നു കരുതുക. ആ സ്നേഹം അയാളുടെ മതവിശ്വാസത്തെയോ ധാർമികതയേയോ പ്രത്യക്ഷത്തിൽ അപകടപ്പെടുത്തുന്നതുമാണ്. അങ്ങനെ വരുമ്പോൾ ആ സ്നേഹം വെറുമൊരു സ്വാഭാവിക വികാരമല്ലാതെ ധാർമിക ഗുണമാകുന്നില്ല. എന്തെന്നാൽ അങ്ങനെയുള്ള സ്നേഹത്തിന്റെ അനിവാര്യ ഫലം നല്ലതല്ല. ചീത്ത തന്നെയായിരിക്കും. മറ്റൊരുദാഹരണം ഒരു മാതാവ് തന്റെ കുട്ടിയെ അവന്റെ തെറ്റു കുറ്റങ്ങളെ ആസ്പദമാക്കിശാസിക്കുവാൻ ഒരുങ്ങുന്നില്ലെന്ന് വിചാരിക്കുക. അത് അവനോടുള്ള സ്നേഹം കൊണ്ടാണെങ്കിൽ ഈ സ്നേഹം വെറുമൊരു വികാര പ്രകടനമല്ലാതെ ധാർമിക ഗുണമാകുന്നില്ല. ധാർമിക ഗുണമാകണമെങ്കിൽ കുട്ടിയെ ശാസിക്കുകയും തെറ്റുതിരുത്താൻ പ്രേരിപ്പിക്കുകയും ആണ് ചെയ്യേണ്ടിയിരുന്നത്. കാരണം കുട്ടിയുടെ യഥാർഥ നന്മ ആ ഘട്ടത്തിൽ അവനെ ശാസിക്കുന്നതിലാണ്. താലോലിക്കുന്നതിലല്ല. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ നൽകുന്ന പാഠമിതാണ്: **'അല്ലയോ വിശ്വാസികളേ യഥാർഥമായ സ്നേഹം ഇതാണ് നിങ്ങൾ നിങ്ങളെ തന്നെയും നിങ്ങളുടെ ഭാര്യാമക്കളെയും നാശത്തിൽ നിന്ന് രക്ഷിക്കുവിൻ! '(66:7)**

## സ്വത്ത് വീതം വെക്കുമ്പോൾ

അനന്തരാവകാശ സ്വത്ത് വീതം വെക്കുമ്പോൾ (അവകാശികളല്ലാത്ത മറ്റു) അടുത്ത ബന്ധുക്കളും അനാഥകളും അഗതികളും (അവിടെ) ഹാജരുണ്ടെങ്കിൽ അവർക്കും അതിൽ നിന്ന് വല്ലതും കൊടുക്കുക. അവരോട് നല്ല വാക്കുകൾ പറയുകയും ചെയ്യുക

**(വിശുദ്ധ ഖുർആൻ 4:9)**

# ഡോൾഫിനുകൾ
## ദൈവത്തിന്റെ അദ്ഭുത സൃഷ്ടി

ഹദ്റത്ത് മിർസാത്വാഹിർ അഹ്മദ് (റഹ്)


ഡാർവിനിസ്റ്റുകളുടെ ആകസ്മിക-പ്രകൃതി നിർധാരണ വാദത്തെ പരാജയപ്പെടുത്തുന്ന ദൈവത്തിന്റെ ഒരദ്ഭുത സൃഷ്ടിയാണ് ഡോൾഫിനുകൾ

**ഡോ**ൾഫിനുകൾക്ക് നൽകപ്പെട്ടത് അദ്ഭുതകരമായ ശബ്ദോപകരണ സംവിധാനങ്ങളാണ്. അവയുടെ സുഗമ ജീവിതത്തിന് വേണ്ടി സമുദ്രത്തിന്റെ വിശാലതകളിലും കടലുകളുടേയും നദികളുടേയും കീഴ്ത്തട്ടിലെ ചെളി നിറഞ്ഞ ഇരുണ്ട പ്രദേശങ്ങളിലും അവയുടെ ശബ്ദാവയവങ്ങളുടെ പ്രത്യേകതകൾ ഉപയോഗിക്കുന്നു. കനത്ത് കെട്ടി നിൽക്കുന്ന ചെളി ഏതാനും ഇഞ്ച് മുമ്പിൽ നിൽക്കുന്ന വസ്തുവിനെ പോലും കാണാൻ ഡോൾഫിനുകളെ അനുവദിക്കാറില്ല. അവക്ക് ആവശ്യമായത് അറിയുന്നത് അതിന്റെ കണ്ണുകൾ കൊണ്ടല്ല. പൂർണമായ ശബ്ദ ഉപകരണ വ്യവസ്ഥ കൊണ്ടാണ്(Complete Sonar System). ഈ ഉപാധികൾ എല്ലാ ഡോൾഫിനുകൾക്കുമുണ്ട്. പ്രത്യേക പഠനം അർഹിക്കുന്ന ഈ വ്യവസ്ഥിതി വളരെയേറെ സങ്കീർണവും പരസ്പരാശ്രയത്വമുള്ളവയുമാണ്. ഡോൾഫിന്റെ തലയിൽ പ്രത്യേക രീതിയിലുള്ള വായു അറകളും അതിനു കടന്നു പോകാനുള്ള വഴികളുമുണ്ട്. ഇതിലൂടെയാണ് വ്യാമർധിതമായ വായു (Compressed Air)പ്രവാഹം അതിന്റെ തലയുടെ മുകൾ ഭാഗത്തേക്ക് കടന്നു പോകുന്നത്. ഡോൾഫിനുകളുടെ നെറ്റിയുടെ മേൽ ഭാഗത്ത് കൊഴുപ്പ് നിറഞ്ഞ ദീർഘവൃത്താകൃതിയിലുള്ള ഒരു അവയവമുണ്ട്. മെലോൺ (Melon)



എന്നാണ് അതിന്റെ പേര്. ഈ മെലോണിൽ വ്യാമർധിക്കപ്പെട്ട വായു വന്നിടിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയാത്ത ഒരു വിചിത്ര പ്രതിഭാസം പ്രവർത്തനനിരതമാവുന്നു. ഈ കൊഴുപ്പിന്റെ കട്ടിയായ അവയവം ഉടൻ തന്നെ വിസ്മയകരമായ ഒരു ശബ്ദ പ്രസരണ കേന്ദ്രമായി മാറുന്നു. അത് ശബ്ദതരംഗങ്ങളുടെ ഒരു സെർച്ച് ലൈറ്റ് പോലെ ശബ്ദത്തിന്റെ ഒരു ദൂരദർശിനിയായി പ്രവർത്തിക്കുന്നു. അങ്ങനെ ഡോൾഫിന് ഈ സംവിധാനത്തിലൂടെ കലങ്ങിയ വെള്ളത്തിലോ ചെളിവെള്ളത്തിലോ അനായാസം യാതൊരു തടസ്സവും കൂടാതെ മുന്നോട്ടു സഞ്ചരിക്കാൻ കഴിയുന്നു.

ഡോൾഫിന് ഇത്തരത്തിൽ സെക്കന്റിൽ 700 ശബ്ദതരംഗങ്ങൾ പുറപ്പെടുവിക്കാൻ കഴിയും. ഏതെങ്കിലും വസ്തുവിൽ തട്ടി അത് പ്രതിദ്ധ്വനിച്ച് മടങ്ങുന്നു. ഡോൾഫിന്റെ മസ്തിഷ്ക്കം, പ്രതിദ്ധ്വനിച്ചു മടങ്ങുന്ന ശബ്ദ തരംഗങ്ങൾ ആ വസ്തുവും ഡോൾഫിനും തമ്മിലുള്ള അകലം വളരെ കൃത്യമായി കണക്ക് കൂട്ടുന്നു. അതോടൊപ്പം തന്നെ തന്റെ ശബ്ദം വന്നു പതിച്ച ആ വസ്തുവിനെ പറ്റിയുള്ള സൂക്ഷ്മ വിവരങ്ങളും ഡോൾഫിന് മനസ്സിലാക്കാൻ സാധിക്കുന്നു. ഈ സംവിധാനം ഉപയോഗിച്ച് ഡോൾഫിന് നിശ്ചിത അകലത്തിലുള്ള ലോഹം കൊണ്ടുള്ള ഒരു വസ്തുവിനെപ്പോലും സൂക്ഷ്മമായറിയാൻ സാധിക്കുന്നു. ആ ലോഹ വസ്തു ശൂന്യമാണെന്നോ നിറഞ്ഞതാണെന്നോ തിരിച്ചറിയാൻ സാധിക്കുന്നു. അതിന് ജീവനുള്ള വസ്തുവിനേയും നിർജീവവസ്തുവിനേയും തിരിച്ചറിയാൻ കഴിയും. ഇതേ ഉപാധിയിലൂടെയാണ് വിശാലമായ സമുദ്രത്തിൽ മൈലുകൾക്കപ്പുറത്തുള്ള മത്സ്യങ്ങളെ പോലും ഡോൾഫിൻ തിരിച്ചറിയുന്നത്. ഈ ഉപാധി ഉപയോഗിച്ചു തന്നെയാണ് തന്റെ മുന്നിലകപ്പെട്ട മത്സ്യക്കൂട്ടങ്ങളെ നിരന്തരം കണക്ക് കൂട്ടി കണ്ടെത്തി വളരെ വേഗത്തിൽ ഒന്നിനു പിറകെ മറ്റൊന്നായി വിഴുങ്ങുന്നതും. ഇത്രയും സങ്കീർണമായി ശബ്ദങ്ങൾ പ്രേഷണം ചെയ്യുന്ന സോണാർസിസ്റ്റവും, അതിനനുസൃതമായി പ്രേഷണം ചെയ്ത് പ്രതിദ്ധ്വനിച്ച് മടങ്ങി വരുന്ന ശബ്ദ തരംഗങ്ങളെ സ്വീകരിക്കുന്ന സംവിധാനവും അവയെ വിശകലനം ചെയ്യുന്ന മസ്തിഷ്ക്കത്തിലെ സംവിധാനങ്ങളും പ്രകൃതി നിർദ്ധാരണത്തിന്



ഡാർവിൻ

സൃഷ്ടിക്കാൻ കഴിയുമോ? ഏതെങ്കിലും പ്രകൃതി ശാസ്ത്രജ്ഞന് കുറച്ച് കൊഴുപ്പ് കൊണ്ട് ഡോൾഫിനുള്ളത് പോലെ ഒരു സോണാർ ബീം (ശബ്ദ തരംഗ പ്രേഷണത്തിനായുള്ള ഉപകരണം) നിർമിക്കാൻ സാധിക്കുമോ? ആധുനിക കാലത്തിന് ലഭ്യമായ എല്ലാ സാങ്കേതിക ജ്ഞാനങ്ങളും അദ്ദേഹം ഏർപ്പെടുത്തിക്കൊള്ളട്ടെ. അത്തരത്തിലുള്ള ഒരു കൊഴുപ്പ് കൂനയിൽ നിന്ന് ഒരു ശബ്ദതരംഗമെങ്കിലും ഉൽപാദിപ്പിക്കാൻ പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർക്ക് സാധിക്കുമോ? എന്നാൽ, ഡോൾഫിന്റെ മെലോണിന് അത്തരത്തിലുള്ള 700 ശബ്ദതരംഗങ്ങൾ ഒരു സെക്കന്റിൽ ഉൽപാദിപ്പിക്കാൻ സാധിക്കും.

ഡാർവിന്റെ മഹത്തായ ധൈഷണിക തരംഗങ്ങൾ ജീവന്റെ സമസ്യകൾ പരിഹരിച്ചുവെന്ന് പ്രകൃതിവാദികളായ ഡാർവിനിസ്റ്റുകൾ വിശ്വസിക്കുന്നു. എന്നാൽ ജീവന്റെ ഉദ്ഭവത്തെയും അത് രൂപപ്പെട്ടത് സംബന്ധിച്ചും ഡാർവിൻ നൽകിയത് മൂന്ന് മൃതതത്ത്വങ്ങൾ(Dead Principles) മാത്രമാണ്. നിലനിൽപ്പിനു വേണ്ടിയുള്ള സമരം(Struggle for Existense), അർഹതയുള്ളതിന്റെ അതിജീവനം(Survival of Fittest), പ്രകൃതി നിർദ്ധാരണം (Natural Selection) എന്നിവയാണ് ആ മൂന്ന് മൃതതത്ത്വങ്ങൾ. ഈ മൂന്ന് സിദ്ധാന്തങ്ങളും നിർജീവവും അന്ധവും മൂകവും ബധിരവുമാണെന്ന കാര്യം അവർ മറക്കുവാൻ ഇഷ്ടപ്പെടുന്നു. അവ ഒരിക്കലും സർഗാത്മക തത്ത്വങ്ങളല്ല. അവ പ്രവർത്തനനിരതമാവുന്നത് ഏതെങ്കിലും ഒരു ആസൂത്രകൻ അത് പ്രവർത്തിപ്പിക്കുമ്പോൾ മാത്രമാണ്. പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ ഒന്നാമതായി ഡോൾഫിന്റെ കേൾവി സംവിധാനം രൂപപ്പെടുത്തുന്നതിലെ സർഗാത്മക പ്രക്രിയഎന്തെന്ന് തെളിയിച്ചു കാട്ടേണ്ടിയിരിക്കുന്നു. അതിനു ശേഷം മാത്രമേ പ്രകൃതി നിർധാരണം അതിന് മേൽ എന്താണ് പ്രവർത്തിച്ചതെന്ന് പറയാൻ അവർക്ക് സാധ്യമാവൂ. നാം അവരോട് ആവശ്യപ്പെടുന്നത് പ്രകൃതി നിർധാരണം, സർഗാത്മ ശക്തികൾ എന്നീ രണ്ട് വിഷയങ്ങൾ പരസ്പരം കൂട്ടിക്കുഴക്കരുത് എന്നാണ്. ഡോൾഫിന്റെ സൃഷ്ടിയിൽ ഏത് സർഗാത്മക ശക്തികളാണ് പ്രവർത്തിച്ചത്? എങ്ങനെയാണ്?. അവ പ്രവർത്തിച്ചത്? അല്ലെങ്കിൽ വവ്വാലിന്റെ കാര്യത്തിൽ പ്രവർത്തിച്ചത് എങ്ങനെയാണ്. പിന്നീട് എങ്ങനെയാണ് ക്രമേണയായി അവയിൽ ഇത്തരം ഒരു സംവിധാനം രൂപപ്പെട്ടു പരിപൂർണതയിലെത്തിയത്? സൃഷ്ടികൾ ഇന്നത്തെ നിലയിൽ അവസാനമായി പരിപൂർണത പ്രാപിക്കുന്നതിന് മുമ്പേ സൃഷ്ടിയുടെ ഓരോ ചുവടുവെപ്പിലും അജ്ഞാതനായ സ്രഷ്ടാവ് ഡാർവീനിയൻ തത്ത്വങ്ങളെ എങ്ങനെയാണ് സഹായിച്ചത്? ●

## ദൈവം മനുഷ്യനെ അണിയിച്ചൊരുക്കും

**– ഹദ്റത്ത് യേശു (അ)**

ലില്ലി ചെടികളെ നോക്കു; അവ എങ്ങനെ വളരുന്നു! അവ അദ്ധ്വാനിക്കുന്നില്ല. നൂൽനൂൽക്കുന്നുമില്ല. എങ്കിലും ഞാൻ നിങ്ങളോട് പറയുന്നു: സർവ പ്രതാപങ്ങളും തികഞ്ഞ സോളമൻ പോലും ഇവയിലൊന്നി നെ പോലെ വിഭൂഷിതനായിരുന്നില്ല. ഇന്ന് ജീവനുള്ളതും നാളെ അടുപ്പിൽ എറിയപ്പെടുന്നതുമായ വയൽ പുല്ലുകളെ ദൈവം ഇങ്ങനെ അണിയിച്ചൊരുക്കുന്നുവെങ്കിൽ, അല്പവിശ്വാസികളായ മനുഷ്യരേ, അവൻ നിങ്ങളെ അവയെക്കാൾ മെച്ചമായി അണിയിക്കുകയില്ലേ? **(ബൈബിൾ. ലൂക്കോസ് 12: 27)**



തൗസീഹെ മറാം - 3
(ഉദ്ദേശ്യ പ്രകടനം)

# മുഹമ്മദ് നബി (സ്വ) യുടെ ആത്മീയപ്രഭ

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**ഇ**നി നബി(സ) തിരുമേനിയുടെ ഉന്നതമായ പദവി തിരിച്ചറിയുന്നതിനുവേണ്ടി അതിനെക്കുറിച്ച് എഴുതേണ്ടത് അത്യാവശ്യമാണ്. ദൈവസാമീപ്യത്തിന്റേയും ദൈവസ്നേഹത്തിന്റേയും നിലകൾ അതിന്റെ ആത്മീയമായ പദവികളനുസരിച്ച് മൂന്ന് തരത്തിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. ഏറ്റവും താഴ്ന്ന പദവി-യഥാർഥത്തിൽ അതും വലുതു തന്നെയാണ്-ഇതാണ്: ദൈവസ്നേഹത്തിന്റെ അഗ്നി മനുഷ്യ മനസ്സിന്റെ ഫലകത്തെ ചൂടാക്കുന്നു. എത്രത്തോളമെന്നാൽ, ആ ചൂട് പിടിപ്പിക്കപ്പെട്ട വസ്തുവും തീയുടെ ചില ഗുണങ്ങൾ ചെയ്യുന്നതാണ്. പക്ഷേ, ആ ആകർഷണത്തിൽ തീയുടെ തിളക്കം ഉണ്ടാവുകയില്ല എന്ന ന്യൂനത അവശേഷിക്കുന്നുണ്ടാകും. ആ നിലയിലുള്ള സ്നേഹത്തിനുമീതെ അല്ലാഹുവിന്റെ സ്നേഹത്തിന്റെ ജ്വാല പതിച്ചു കഴിഞ്ഞാൽ ആ ജ്വാലയിൽ നിന്ന് ആത്മാവിന് എത്രത്തോളം ചൂടുണ്ടാകുമെന്നുവെച്ചാൽ അവന് സമാധാനവും ശാന്തിയും ലഭിക്കുകയും ചിലപ്പോൾ മാലാഖ എന്നും മലക്ക് എന്നുമുള്ള വാക്കുകളാൽ വ്യാഖ്യാനിക്കപ്പെടു കയും ചെയ്യും.

സ്നേഹത്തിന്റെ രണ്ടാമത്തെ പദവി നാം മുകളിൽ വിവരിച്ചുകഴിഞ്ഞതാണ്. ഇതിൽ രണ്ട് സ്നേഹങ്ങളും സംഗമിക്കുന്നതുമൂലം ദൈവസ്നേഹത്തിന്റെ അഗ്നി മനുഷ്യമനസ്സിന്റെ ഫലകത്തെ ചൂടാക്കുന്നു. എത്രത്തോളമെന്നാൽ, അതിൽ അഗ്നിയുടെ രൂപത്തിനുമീതെ ഒരു തിളക്കമുണ്ടാകുന്നു. പക്ഷേ, ആ തിളക്കത്തിൽ ഒരുതരത്തിലുള്ള ആളിക്കത്തലോ ജ്വലനമോ സംഭവിക്കുകയില്ല. ഒരു തിളക്കം മാത്രമായിരിക്കും ഉണ്ടാവുക. അത് റൂഹുൽ ഖുദുസ് (പരിശുദ്ധാത്മാവ്) എന്ന നാമത്താൽ വിളിക്കപ്പെടുന്നു.

സ്നേഹത്തിന്റെ മൂന്നാമത്തെ പദവി, അതിൽ ദൈവസ്നേഹത്തിന്റെ ആളിക്കത്തുന്ന അതിരറ്റ ജ്വാല, മാനുഷികമായ സ്നേഹത്തിന്റെ കൈത്തിരിയുടെ മീതെ പതിച്ച് അതിനേയും ആളിക്കത്തിക്കുന്നു. അതിന്റെ എല്ലാ ഭാഗങ്ങളുടേയും എല്ലാ നാഡിഞരമ്പുകളുടേയുംമേൽ സ്വാധീനം ചെലുത്തി തന്റെ അസ്തിത്വത്തിന്റെ തികവുറ്റതും സർവസമ്പൂർണവുമായ പ്രതീകമാക്കി മാറ്റുന്നു. ഈ അവസ്ഥയിൽ ദൈവസ്നേഹത്തിന്റെ അഗ്നി മനുഷ്യമനസ്സിന്റെ ഫലകത്തിന് ഒരു തിളക്കം നല്കുന്നു എന്നു മാത്രമല്ല, ആ തിളക്കത്തോടൊപ്പം ക്ഷണത്തിൽ അസ്തിത്വം മുഴുവൻ ആളിക്കത്തുന്നു. അതിന്റെ ജ്വാലകൾ പരിസരപ്രദേശത്തെ മുഴുവൻ പകൽ വെളിച്ചം പോലെ പ്രകാശിപ്പിക്കുന്നു. ഒരുതരത്തിലുള്ള അന്ധകാരവും അവശേഷിക്കുകയില്ല. തികവുറ്റ നിലയിലും സമ്പൂർണമായ സകല സവിശേഷതകളോടുംകൂടി ആ അസ്തിത്വം മുഴുവൻ അഗ്നിമയമായിത്തീരുന്നു. ആളിക്കത്തുന്ന അഗ്നിയുടെ രൂപത്തിനുമീതെ രണ്ട് സ്നേഹങ്ങളും സംഗമിക്കുന്നതുകൊണ്ട് രൂപംകൊള്ളുന്ന ഈ അവസ്ഥാവിശേഷത്തെ റൂഹെ അമീൻ (വിശ്വസ്താത്മാവ്) എന്ന പേരുകൊണ്ടാണ് വിളിക്കുന്നത്. കാരണം ഇത് എല്ലാ അന്ധകാരങ്ങളിൽനിന്നും സമാധാനം നല്കുന്നു. ഇത് എല്ലാവിധ പൊടിപടലങ്ങളിൽനിന്നും മുക്തവുമാണ്. അതിന് ശദീദുൽഖുവാ (കഴിവുകളുടെ തീക്ഷ്ണത) എന്നും പേരുണ്ട്. ഇത് സമുന്നതമായ ദിവ്യവെളിപാടുകളുടെ ശക്തി പ്രഭാവമാണ്. ഇതിനേക്കാളുപരിയായ ദിവ്യവെളിപാട് സങ്കൽപിക്കാനാവുകയില്ല. ദുൽഉഫുഖിൽ അഅ്ലാ (അത്യുന്നത ദിങ്മണ്ഡലക്കാരൻ) എന്നും ഇതിന് പേരുണ്ട്. എന്തുകൊണ്ടെന്നാൽ ദൈവികബോധനങ്ങളുടെ പരമമായ ദിവ്യജ്യോതിസ്സാണിത്. ഇതിനെ 'റ ആ മാ റആ' (അവൻ കണ്ടത് അദ്ദേഹം കണ്ടു) എന്ന പേരിലും വിളിക്കുന്നു. കാരണം ഈ അവസ്ഥയുടെ അളവ് സർവസൃഷ്ടികളുടേയും അനുമാനങ്ങൾക്കും സങ്കല്പങ്ങൾക്കും അതീതമാണ്. ഈ അവസ്ഥ ലോകത്ത് ഒരേയൊരു വ്യക്തിക്കേ ലഭിച്ചിട്ടുള്ളൂ. ആ വ്യക്തി സമ്പൂർണ മനുഷ്യനാണ് (സ). മനുഷ്യത്വത്തിന്റെ സകല ശൃംഖലകളും ആ മഹാത്മാവിൽ അവസാനിച്ചു. മാനുഷികമായ കഴിവുകളുടെ വൃത്തപരിധി പരിപൂർണത പ്രാപിച്ചു. അത് യഥാർഥത്തിൽ ദൈവസൃഷ്ടിപ്പിന്റെ ആവരണം ചെയ്യപ്പെട്ട രേഖയുടെ മേൽഭാഗത്തെ അവസാനസ്ഥലമാണ്. അത് സകല ഉയർച്ചകളുടേയും അതിരാണ്. ദൈവയുക്തിയുടെ കരങ്ങൾ വളരെ താഴ്ന്ന സൃഷ്ടിയിൽനിന്നും, ഏറ്റവും തരംതാണ സൃഷ്ടികളിൽനിന്നും ഉത്പത്തിയുടെ പരമ്പര ആരംഭിച്ച് ആ ഉന്നതമായ പദവിയുടെ അതിരുവരെ എത്തിച്ചു. അതിന്റെ പേര് മറ്റു വാക്കുകളിൽ **മുഹമ്മദ്** എന്നാണ് (സ്വല്ലല്ലാഹു അലയ്ഹിവസല്ലം). അങ്ങേയറ്റം പുകഴ്ത്തപ്പെട്ടത് എന്നാണ് ഇതിന്റെ അർഥം. അതായത് എല്ലാ കഴിവുകളുടേയും സമ്പൂർണ പ്രതീകം. അതുകൊണ്ട് പ്രകൃതിപരമായ നിലയിൽ ഈ നബിയുടെ സ്ഥാനം ഉയർന്നതും ഏറ്റവും ഉന്നതവുമായിരിക്കുന്നതുപോലെ ബാഹ്യമായ നിലയിലും ദിവ്യവെളിപാടിന്റെ ഉയർന്നതും ഏറ്റവും ഉന്നതവുമായ സ്ഥാനവും ആ മഹാത്മാവിന് നല്കപ്പെടുകയും സ്നേഹത്തിന്റെ മഹോന്നത സ്ഥാനം ലഭിക്കുകയും ചെയ്തു. ഈ ഉത്തുംഗസ്ഥാനംവരെ എത്താൻ

എനിക്കോ (ഈസാ) മസീഹിനോ സാധ്യമല്ല. അതിന്റെ പേര് മഖാമെ ജമാ (സ്ഥാനശേഖരം) എന്നും മഖാമെ വഹ്ദത്തെ താമ (തികവുറ്റ ഏകാത്മക സ്ഥാനം) എന്നുമാണ്. നബി(സ) തിരുമേനിയുടെ ആഗമനത്തെക്കുറിച്ച് പ്രവചനം ചെയ്തിട്ടുള്ള മുൻപ്രവാചകന്മാർ ഈ മേൽവിലാസത്തോടെയും ലക്ഷണങ്ങളോടെയുമാണ് പ്രവചനം ചെയ്തിട്ടുള്ളത്. ഇതേ സ്ഥാനത്തിലേക്കാണ് അവർ സൂചന നല്കിയിട്ടുള്ളതും. (ഈസാ) മസീഹിന്റേയും ഈ സാധുവിന്റേയും സ്ഥാനത്തെ ആലങ്കാരികമായി പുത്രത്വം എന്ന വാക്കുകൊണ്ട് വ്യാഖ്യാനിക്കാവുന്നതുപോലെ, മഹോന്നതമായ ഈ സ്ഥാനത്തെ കഴിഞ്ഞുകടന്ന നബിമാർ ആലങ്കാരികമായി സ്ഥാനമുടയവ്യക്തിയുടെ വെളിപ്പെടലിനെ അല്ലാഹുവിന്റെ വെളിപ്പെടലായി പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ വരവ് അല്ലാഹുവിന്റെ വരവായി നിശ്ചയിച്ചിരിക്കുന്നു. ഹദ്റത്ത് (ഈസാ) മസീഹും ഒരു ഉദാഹരണം നല്കിക്കൊണ്ട് പറഞ്ഞു: മുന്തിരിത്തോട്ടത്തിന്റെ അനുഭവം വാങ്ങേണ്ടതിന് ഒന്നാമതായി തോട്ടത്തിന്റെ ഉടമസ്ഥൻ (അല്ലാഹു) തന്റെ വേലക്കാരെ അയച്ചു. അതായത്, ആദ്യത്തെ പദവിയിലുള്ള ദൈവസാമീപ്യം പ്രാപിച്ചവരെ. ഇതുകൊണ്ടുള്ള ഉദ്ദേശ്യം, ഹദ്റത്ത് (ഈസാ) മസീഹിന്റെ കാലഘട്ടത്തിലും അതേ നൂറ്റാണ്ടിലും ഒരളവോളം അദ്ദേഹത്തിന് മുമ്പേയും വന്ന സാലിഹീംകളാണ് (സദാചാരികളായ മഹാത്മാക്കൾ). പിന്നീട് കുടിയാന്മാർ തോട്ടത്തിന്റെ അനുഭവം നല്കാൻ വിസമ്മതിച്ചപ്പോൾ തോട്ടത്തിന്റെ ഉടമസ്ഥൻ താക്കീത് എന്ന നിലയിൽ തന്റെ പുത്രനെ അവരുടെ അടുത്തേക്ക് അയച്ചു; അവനെ മകനെന്നു മനസ്സിലാക്കി തോട്ടത്തിന്റെ അനുഭവം അവനെ ഏല്പിക്കുന്നതിനു വേണ്ടിയാണ് അയച്ചത്. ദൈവസാമീപ്യത്തിന്റേയും ദൈവസ്നേഹത്തിന്റേയും പദവി ലഭിച്ച (ഈസാ) മസീഹാണ് ഇവിടെ പുത്രൻ എന്നതുകൊണ്ടുള്ള വിവക്ഷിതം. എന്നാൽ, കുടിയാന്മാർ ആ പുത്രനും തോട്ടത്തിന്റെ അനുഭവം നല്കിയില്ല. എന്നല്ല അവനെ കൊന്നുകളഞ്ഞു. അതിനുശേഷം (ഈസാ) മസീഹ് പറയുന്നു: ഇനി തോട്ടത്തിന്റെ ഉടയവൻ നേരിട്ട് വരും. അതായത് അല്ലാഹു കുടിയാന്മാരെ നിഗ്രഹിച്ച് അനുഭവം യഥാസമയം നല്കുന്നതിനായി തോട്ടം മറ്റുള്ളവരെ ഏല്പിക്കും. ഇവിടെ ദൈവം വരും എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ വരവാണ്. അത് ദൈവസാമീപ്യത്തിന്റേയും ദൈവസ്നേഹത്തിന്റേയും മൂന്നാമത്തെ പദവി ഉൾക്കൊള്ളുന്നു.

നമ്മുടെ നേതാവും യജമാനനും പരിശുദ്ധനുമായ ഖാത്തമുൽ അമ്പിയായെ (നബിമാരിൽ ശ്രേഷ്ഠനെ) സംബന്ധിച്ച്, ആ മഹാത്മാവിന്റെ ഭൂമിയിലേക്കുള്ള വരവ് യഥാർഥത്തിൽ അല്ലാഹുവിന്റെ വെളിപ്പെടലാണെന്ന് (ഈസാ) മസീഹ് മാത്രമല്ല പറഞ്ഞിട്ടുള്ളത്. അതേ രീതിയിലുള്ള വാക്യങ്ങൾ മറ്റു നബിമാരും നബി(സ)യെ സംബന്ധിച്ച് അവരവരുടെ പ്രവചനങ്ങളിൽ പറയുകയും ആലങ്കാരികമായ നിലയിൽ നബി(സ)യുടെ വെളിപ്പെടലിനെ അല്ലാഹുവിന്റെ വെളിപ്പെടലായി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. എന്നല്ല അല്ലാഹുവിന്റെ സമ്പൂർണ പ്രതീകമായതിനാൽ നബി(സ)യെ ദൈവമെന്ന് വിളിക്കുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് ദാവൂദിന്റെ സബൂറിൽ എഴുതിയിരിക്കുന്നു: "നീ മനുഷ്യപുത്രന്മാരിൽ അതിസുന്ദരൻ; ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പകർന്നിരിക്കുന്നു. അതുകൊണ്ട് ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു (ഖാത്തമുൽ അമ്പിയാഅ് അതായത് നീ അമ്പിയാക്കന്മാരിൽ ശ്രേഷ്ഠനായി). വീരനായുള്ളോവേ, നിന്റെ തേജസ്സും മഹിമയും കൊണ്ട് നിന്റെ വാൾ തുകൽപ്പട്ട കെട്ടി നിന്റെ തുടയിൽ തൂക്കിയിടുക. സത്യവും സൗമ്യതയും നീതിയും പാലിക്കേണ്ടതിന് നീ മഹിമയോടെ കൃതാർഥനായി വാഹനമേറി എഴുന്നള്ളുക. നിന്റെ വലങ്കൈ ഭയങ്കര കാര്യങ്ങളെ നിനക്ക് ഉപദേശിച്ചുതരുമാറാകട്ടെ. നിന്റെ അസ്ത്രങ്ങൾ മൂർച്ചയുള്ളവയാകുന്നു. ജാതികൾ നിന്റെ കീഴിൽ വീഴുന്നു. രാജാവിന്റെ ശത്രുക്കളുടെ നെഞ്ചത്ത് അവ തറയ്ക്കുന്നു. ദൈവമേ, നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളതാകുന്നു. നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുള്ള ചെങ്കോലാകുന്നു. നീ നീതിയെ ഇഷ്ടപ്പെട്ടു. ദുഷ്ടതയെ ദ്വേഷിക്കുന്നു. അതുകൊണ്ട് ദൈവം നിന്റെ ദൈവം തന്നെ, നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദതൈലംകൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു." 'ദൈവത്തിന്റെ സിംഹാസനം എന്നും എന്നേക്കും ഉള്ളതാകുന്നു, നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നീതിയുടെ ചെങ്കോലാകുന്നു' എന്ന സബൂറിലെ വാക്യം ആലങ്കാരികമായിട്ടുള്ളതാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ നിലയിൽ മുഹമ്മദീ മഹിമാവിലാസമാണ്. അതിനെ പ്രകടിപ്പിക്കലാണ്. യെശയ്യാ നബിയുടെ ഗ്രന്ഥത്തിലും അങ്ങനെ എഴുതിയിട്ടുള്ളതായി കാണാം. അതിലെ വാക്യങ്ങൾ ഇപ്രകാരമാണ്. ''ഞാൻ താങ്ങുന്ന എന്റെ ദാസൻ; എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ വൃതൻ; ഞാൻ എന്റെ ആത്മാവിനെ അവന്റെമേൽ വെച്ചിരിക്കുന്നു; അവൻ ജാതികളോട് ന്യായം പ്രസ്താവിക്കും. അവൻ നിലവിളിക്കുകയില്ല. ഒച്ചയുണ്ടാക്കുകയില്ല. തെരുവീഥികളിൽ തന്റെ ശബ്ദം കേൾപ്പിക്കുകയുമില്ല. ചതഞ്ഞ ഓട അവൻ ഒടിച്ചുകളകയില്ല. പുകയുന്ന തിരി കെടുത്തുകളകയില്ല. അവൻ സത്യത്തോടെ ന്യായം പ്രസ്താവിക്കും. ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയുമില്ല. അവന്റെ ഉപദേശത്തിനായി ദ്വീപുകൾ കാത്തിരിക്കുന്നു... യഹോവ ഒരു വീരനെ പോലെ പുറപ്പെടും. ഒരു യോദ്ധാവിനെ പോലെ തീക്ഷ്ണതയെ ജ്വലിപ്പിക്കും." (യെശയ്യ:42)

യഹോവ ഒരു വീരനെപോലെ പുറപ്പെടും എന്ന വാക്യവും ആലങ്കാരികമായി നബി(സ)യുടെ പ്രതാപത്തോടെയുള്ള വെളിപ്പെടൽ പ്രകടിപ്പിക്കുന്നതാണെന്ന് മനസ്സിലാക്കേണ്ടതാണ്. ഇപ്രകാരം തന്നെ നിരവധി നബിമാർ ഈ ഉപമാലങ്കാരത്തെ തങ്ങളുടെ പ്രവചനങ്ങളിൽ നബി(സ)യുടെ മഹിമാവിലാസം പ്രകടിപ്പിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. അതെല്ലാം എഴുതുമ്പോൾ വിഷയം ദീർഘിച്ചുപോകും. അതുകൊണ്ട് ഇത്രമാത്രം എഴുതി മതിയാക്കുകയാണ്.

ഞാൻ ഇവിടെ ദൈവസാമീപ്യത്തിന്റേയും ദൈവസ്നേഹത്തിന്റേയും മൂന്ന് പദവികളെഴുതി. മൂന്നാമത്തെ പദവി-അതാണെങ്കിൽ ഏറ്റവും ആദരണീയമായ പദവിയാണ്- നബി(സ)യ്ക്കുവേണ്ടി സ്ഥാപിക്കുകയും ചെയ്തു. ഇത് എന്റെ വക ഒരു ഗവേഷണ ചിന്തയല്ല. അല്ലാഹു എനിക്ക് തുറന്നുതന്നതാണ്. ഇതെല്ലാം ആത്മീയമായ പദവികളാണ്. അത് ഉപമാലങ്കാരമായിട്ട് ഉചിതമായ വാക്കുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ●


# ഭൂതകാല ദുരന്തങ്ങളിൽ വർത്തമാന കാലത്തിന് ഗുണപാഠം

സിദ്ദീഖ് അശ്‌റഫ് അലി, മോഗ്രാൽ

സത്യ പ്രസ്ഥാനത്തിന്റെ പ്രതിയോഗികളുടെ ഗതി സത്യാന്വേഷികൾ ഗ്രഹിക്കേണ്ട ഒരു ചരിത്ര പാഠമാണ്

**1974**-ൽ പാകിസ്താൻ ഭരണഘടനാ ഭേദഗതിയിലൂടെ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചുകൊണ്ട് ദുൽഫിഖർ അലി ഭൂട്ടോ ഇപ്രകാരം പറയുകയുണ്ടായി,' 90 വർഷത്തെ പ്രശ്നം ഞാൻ 90 ദിവസം കൊണ്ട് പരിഹരിച്ചിരിക്കുന്നു.' അദ്ദേഹത്തിന്റെ ആ തീരുമാനത്തെക്കുറിച്ച് പാകിസ്താനിലെ നവായെ വഖ്ത് ഇപ്രകാരം എഴുതി:

"ഇസ്‌ലാമിന്റെ ചരിത്രത്തിൽ ഇന്നുവരെ ഇത്രമാത്രം സമ്പൂർണമായ നിലയിൽ ഒരു പ്രശ്നത്തിലും ഒരിക്കലും



ഹദ്റത്ത് മിർസാ നാസിർ അഹ്‌മദ് (റഹ്)

ഉമ്മത്തിന്റെ ഏകോപിച്ച തീരുമാനം(ഇജ്മാ) ഉണ്ടായിട്ടില്ല. ഉമ്മത്തിന്റെ ഐക്യകണ്ഠമായ തീരുമാനത്തോടു പാകിസ്താനിലെ വലിയ വലിയ മതപണ്ഡിതന്മാർക്കും ഇസ്‌ലാമിക നിയമസംഹിതാ പാരംഗതർക്കും പുറമെ സകല രാഷ്ട്രീയ കക്ഷിനേതാക്കളും അവരുടെ മാർഗദർശകരും പൂർണമായും യോജിച്ചു. ഖാദിയാനിസം കൂടാതെ ഇസ്‌ലാമിൽ 72 മുസ്‌ലിം കക്ഷികളുണ്ടെന്നാണ് പറയപ്പെടുന്നത്. അവരെല്ലാവരും ഈ പ്രശ്നപരിഹാരത്തോടു യോജിക്കുന്നവരും സന്തോഷിക്കുന്നവരുമാണ്." (നവായെ വഖ്ത്,1974 ഒക്ടോബർ 16)

അക്കാലത്തെ പാകിസ്താൻ അസംബ്ലി മെമ്പർമാരെ അഭിസംബോധന ചെയ്തുകൊണ്ട് അന്നത്തെ ഖലീഫ ഹദ്റത്ത് മിർസാ നാസിർ അഹ്‌മദ് (റഹ്)ഇപ്രകാരം പറഞ്ഞു: 'നബി (സ) തിരുമേനി 72 കക്ഷികളെയാണ് വഴിപിഴച്ചവരെന്ന്പറഞ്ഞിട്ടുളളത്. അല്ലാതെ ഒരു കക്ഷിയെ അല്ല. അതുകൊണ്ട് റസൂൽ തിരുമേനി (സ)യുടെ ആ തീരുമാനത്തിനു എതിരായി പ്രവർത്തിക്കാതിരിക്കുക.അല്ലെങ്കിൽ അതിന്റെ പര്യവസാനം വേദനാജനകമായിരിക്കും." എന്നാൽ, ദൗർഭാഗ്യമെന്നു പറയട്ടെ കാലത്തിന്റെ ഖലീഫയുടെ ആ ഉപദേശം കൈക്കൊള്ളാൻ അവർ തയ്യാറായില്ല. ആ കൊടുംപാപത്തിന്റെ അനന്തര ഫലമാണ് പാകിസ്താൻ ഇന്നും അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ദുൽഫിഖർ അലി ഭൂട്ടോയ്ക്കുശേഷം ജനറൽ സിയാവുൽഹഖ് അധികാരമേറ്റു. ഖാദിയാനിസത്തെ വേരോടെ പിഴുതെറിയുക എന്ന കർത്തവ്യം അല്ലാഹു തന്നിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നതെന്ന് എന്നദ്ദേഹം വാദിച്ചു. അങ്ങനെ 1984-ൽ ദുഷ്പേരുണ്ടാക്കുന്ന ഓർഡിനൻസ് മുഖേന അദ്ദേഹം അഹ്മദികളുടെ ജീവിതം ദുരിതപൂർണമാക്കി. അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ അന്നത്തെ ആത്മീയ നേതാവായിരുന്ന ഹദ്റത്ത് മിർസാ ത്വാഹിർ അഹ്‌മദ് (റഹ്) ന് ലണ്ടനിലേക്ക് ഹിജ്റത്ത് ചെയ്യേണ്ടതായി വന്നു. ആയിരക്കണക്കിന് അഹ്‌മദികൾക്കും വിവിധ രാജ്യങ്ങളിലേക്ക് ഹിജ്റത്ത് ചെയ്യേണ്ടി വന്നു. പാകിസ്താനിലെ മറ്റു അഹ്‌മദികളും വർഷങ്ങളായി അക്രമവും അനീതിയും സഹിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, അല്ലാഹുവിനാൽ സ്ഥാപിതമായ ജമാഅത്തിനെ തകർക്കാൻ ഒരു മനുഷ്യനും സാധ്യമല്ല എന്നതിന് കാലം സാക്ഷിയാണ്. 1984-ൽ ജനറൽ സിയാ അഹ്‌മദികൾക്കെതിരിൽ ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ അഹ്‌മദിയ്യാ ജമാഅത്ത് 74 രാജ്യങ്ങളിൽ മാത്രമായിരുന്നെങ്കിൽ ഇന്ന് 200-ൽപരം രാജ്യങ്ങളിൽ അഹ്‌മദിയ്യത്തിന്റെ വെന്നിക്കൊടി പാറിക്കൊണ്ടിരിക്കുന്നു.

1983-ൽ പാകിസ്താനിലെ ജംഗ് എന്ന പത്രം ഇപ്രകാരം എഴുതി: "പാകിസ്താനിൽ ആദ്യം ഖാദിയാനീ പ്രശ്നം ഉയർത്തിക്കൊണ്ടുവന്നത് ജനാബ് ദൗലത്താനയായിരുന്നു; പിന്നീട് ഭൂട്ടോയും. അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും മിർസായികളുടെ സഹായം കൊണ്ടാണ് അധികാരത്തിൽ വന്നത്. പക്ഷേ, പിന്നീടു സംഭവിച്ചതോ, അവർക്ക് ഔദാര്യം ചെയ്തവരായ മിർസായികളുടെ കഴുത്തിൽതന്നെ തങ്ങളുടെ മുങ്ങിത്താഴാൻ പോകുന്ന അധികാരത്തെ താങ്ങി നിറുത്താൻ ആഞ്ഞു വെട്ടി. എങ്ങനെയുളള വെട്ടെന്നാൽ 90 വർഷത്തെ പ്രശ്നം പരിഹരിക്കപ്പെട്ടുവത്രെ!!

ഇപ്പോഴത്തെ പ്രസിഡന്റ് സിയാവുൽഹഖ് മിർസായിയത്തിൽനിന്നുള്ള മോചന പ്രഖ്യാപനം നടത്തിയിരിക്കുന്നു. അവരെ ഔദ്യോഗിക സ്ഥാനങ്ങളിൽനിന്ന് ഒഴിവാക്കുമെന്ന് പ്രതിജ്ഞ ചെയ്തിരിക്കുന്നു! പക്ഷേ, ഭൂതകാലം മുമ്പിൽ കാണുമ്പോൾ ഹൃദയം വിറകൊളളുന്നു.എന്തെന്നാൽ ആരൊക്കെ ഖാദിയാനീ പ്രശ്നം ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ടോ അവരെല്ലാം അധികാരം ഒഴിയേണ്ടി വന്നിട്ടുണ്ട് എന്നത് അനിഷേധ്യമായ യാഥാർഥ്യമാണ്. അത് എന്തുകൊണ്ടുണ്ടാകുന്നു? അതിന്റെ പിന്നിൽ ആരാണ് പ്രവർത്തിക്കുന്നത്? ഇത് മുഴുവൻ ജനങ്ങളും ചിന്തിക്കേണ്ട വിഷയമാണ്." (ജംഗ് ലാഹോർ,1983 ഡിസംബർ 13,)

താമസം ഉണ്ടായേക്കാം പക്ഷേ, അല്ലാഹുവിന്റെ പിടിത്തം വന്നാൽ അത് കഠിനതരമായിരിക്കും. ഇതിൽ യാതൊരു സംശയവുമില്ല. കാലാകാലങ്ങളിലുളള അല്ലാഹുവിന്റെ സുന്നത്താണിത്. ദൃഢമാക്കപ്പെട്ട അത്തരം



സുൽഫിക്കർ അലി ഭൂട്ടോ



സിയാവുൽ ഹഖ്

കാര്യങ്ങൾ ഒരിക്കലും മാറ്റപ്പെടുകയില്ല.

സിയാവുൽഹഖിന്റെയും കൂട്ടാളികളുടേയും ദാരുണമായ അന്ത്യം ഇതിനു ഉദാഹരണമാണ്. പാകിസ്താനിലെ മാധ്യമങ്ങൾക്ക് അടങ്ങിയിരിക്കാൻ കഴിയുന്നില്ല. അവർ വീണ്ടും മുറവിളി കൂട്ടാൻ തുടങ്ങി. ജംഗ് ദിനപത്രത്തിൽ : "ഇസഡ്. എ. ഭൂട്ടോ വിസ്മയമുളവാക്കുന്ന പ്രതിഭാശാലിയായ ഒരു വ്യക്തിത്വമായിരുന്നു. അദ്ദേഹത്തിന്റെ കഴിവും വാഗ്ധോരണിയും എതിരാളികൾപോലും അംഗീകരിച്ചിരുന്നു. ഒരു നല്ല രാഷ്ട്രീയ ഉപദേഷ്ടാവു കൂടിയായ ആ വ്യക്തിയുടെ ഉന്നതി അതുല്യവും ആകർഷണീയവുമായിരുന്നു. അതുപോലെ തന്നെ അദ്ദേഹത്തിന്റെ അധഃപതനവും പാഠം പഠിക്കത്തക്കതായിരുന്നു. അദ്ദേഹത്തിന്റെകുടുംബത്തിലെ രണ്ടാമത്തെ പ്രധാന വ്യക്തി -അവർ ഒരു മുൻ പ്രധാനമന്ത്രിയുടെ ഭാര്യയും ഒരു മുൻ പ്രധാനമന്ത്രിയുടെ മാതാവുമാണ് - ഇപ്പോൾ കുറ്റവാളിയാണെന്ന് മാത്രമല്ല, കാലങ്ങളായിട്ട് ദയാർഹയായി കഴിയുകയുമാണ്. ഭൂട്ടോ സാഹിബിന്റെ ഒരു മകൻ വിദേശത്ത് പോലീസുകാരാൽ വധിക്കപ്പെട്ടു. ഇത് സംബന്ധിച്ചുള്ള അന്വേഷണം ഒരിടത്തും എത്തിയില്ല. ഭൂട്ടോയുടെ ഒരു മകൾ രണ്ടു തവണ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടിട്ടും ഇപ്പോൾ ശിക്ഷിക്കപ്പെട്ടവളും നാടുകടത്തപ്പെട്ടവളുമാണ്. മുൻമന്ത്രിയായ അവരുടെ ഭർത്താവ് (ആസിഫ് അലി സർദാരി) അസംഖ്യം കേസ്സുകളിൽ കുടുങ്ങി രണ്ടു തവണകളിലായി 7 വർഷം ജയിലിലാണ്. ഇപ്പോൾ അവിടുത്തെ ജനങ്ങളുടെ ഭയാനകവും വേദനാജനകവുമായ അവസ്ഥ വീക്ഷിക്കുന്നവർക്ക് അതിൽ ഗുണപാഠമുണ്ട്. ഒരിക്കലും മാപ്പർഹിക്കാത്ത ഏത് കുറ്റങ്ങളുടെ അനന്തരഫലമാണ് ഈ അനുഭവിക്കുന്ന ദുരവസ്ഥ എന്ന് ഈ നാട്ടിലെ ഓരോ ജനങ്ങളും ചിന്തിക്കേണ്ട താണ്." (ജംഗ്, 2001 ജനുവരി 22) ഇതിനുശേഷം ബേനസീർ ഭൂട്ടോയും ഏതോ ഭീകരവാദിയുടെ തോക്കിനിരയായി വധിക്കപ്പെട്ടു.

2010 മെയ് 28 വെളളിയാഴ്ച ജുമുഅ വേളയിൽ ലാഹോറിലെ അഹ്മദിയ്യാ പള്ളി ശത്രുക്കൾ ആക്രമിക്കുകയുണ്ടായി. നിരപരാധികളായ നൂറോളം അഹ്മദി സഹോദരങ്ങളെയാണവർ ക്രൂരമായി മർദിക്കുകയും ശഹീദാക്കുകയും ചെയ്തത്. ഒരു തമാശ കാണുന്ന ലാഘവത്തോടെയാണ് സർക്കാർ ആ രംഗം നോക്കിക്കണ്ടത്. ശഹീദായ അഹ്മദികൾ അഭിമാനത്തിന്റേയും ധൈര്യത്തിന്റേയും ക്ഷമയുടേയും ഉദാത്തമായ മാതൃക ലോകത്തിനു കാണിച്ചു കൊടുത്തു. മഹത്തായ ആ മാതൃക ഖിയാമത്തുനാൾവരെ ഇസ്ലാമിന്റേയും അഹ്മദിയ്യത്തിന്റേയും നാമം ജീവസുറ്റതാക്കി നിലനിർത്തുക തന്നെചെയ്യും. ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹു തആലായുടെ നിർദേശാനുസരണം അഹ്മദികൾ ഒരു തരത്തിലുള്ള പ്രതിഷേധ പ്രകടനങ്ങളും നടത്തിയില്ല. പ്രത്യേകിച്ചും ശുഹദാക്കളുടെ ബന്ധുമിത്രാദികൾ ലോകത്തെ അമ്പരപ്പിക്കുന്ന രീതിയിൽ ക്ഷമയുടെ ഉന്നതമായ മാതൃകയാണ് കാഴ്ചവെച്ചത്.

ഈ വീരമൃത്യുവരിച്ചവരുടെ രക്തം പാഴായിപ്പോകുമെന്നാണോ? ഒരിക്കലുമില്ല. അഹ്മദിയ്യാമുസ്ലിം ജമാഅത്തിന്റെ നാലാമത്തെ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)ന്റെ വാക്കുകൾ എപ്രകാരമാണ് ഇവിടെ അന്വർഥമായത് എന്ന് നോക്കുക. ഖലീഫാ തിരുമനസ്സ് തന്റെ ഒരു പദ്യശകലത്തിൽ ഇപ്രകാരം പറയുകയുണ്ടായി:

ഉമ്മത്തീ ശുഹദാക്കളുടെ രക്തം
അല്ലയോ ബുദ്ധിഹീനരേ!
എപ്പോഴെങ്കിലും വ്യർഥമായിട്ടുണ്ടോ-
ഇപ്പോൾ വ്യർഥമാകാൻ.
ഓരോ ശഹാദത്തും
നിങ്ങൾ നോക്കിക്കൊണ്ടിരിക്കേ
പുഷ്പങ്ങളും ഫലങ്ങളുംകൊണ്ടു വരുന്നതാണ്.

അവ വീണ്ടും പുഷ്പിക്കുന്നതും കായ്ക്കുന്നതുമാണ്.

ഈ അടുത്ത കാലത്ത് പാകിസ്താനിലെ രാഷ്ട്രീയ നിരീക്ഷകനായ ജനാബ് അംജദ് ഇസ്ലാം അംജദ് എക്സ്പ്രസ് എന്ന ദിന പത്രത്തിൽ എഴുതി: ''പാകിസ്താനിൽ ആദ്യമേ ഉണ്ടായിരുന്ന കക്ഷിവിവേചനം കൂടുതൽ ശക്തി പ്രാപിച്ചത് സിയാവുൽഹഖിന്റെ കാലത്തെ മതപരമായ പോളിസി കാരണമാണ് എന്നതിൽ ഒരു സംശയവുമില്ല. അയാൾ ഒരു നാണയം പുറത്തിറക്കി. അതിന്റെ ഒരു വശത്ത് ജിഹാദും മറുവശത്ത് ഭീകരതയുമായിരുന്നു. പിന്നീട് ആ നാണയത്തിന്റെ മറവിൽ താലിബാനും അൽഖായിദയും ഉടലെടുക്കുകയുണ്ടായി. എന്നാൽ, പലവിധത്തിലുള്ള തത്ത്വസംഹിതകളും മുൻനിറുത്തിയുള്ള അവരുടെ പോരാട്ടം പക്ഷേ, സ്വന്തം സഹോദരങ്ങളോട് തന്നെയായിരുന്നു. പള്ളിയിൽ സുജൂദിൽക്കിടക്കുന്ന നിഷ്കളങ്കരും നിരപരാധികളുമായ മുസ്ലിംകളുടെ രക്തം കൊണ്ട് ഇസ്ലാമിന്റെ സംരക്ഷകർ എന്നവകാശപ്പെടുന്ന അവർ ഹോളി കളിക്കുകയാണ്. ഖാദിയാനികളുടെ ആരാധനാലയങ്ങളിൽ ഇപ്പോൾ നടന്നിട്ടുള്ള ആക്രമണം, അത്തരം ആക്രമണ പരമ്പരയിൽ ഒന്നു മാത്രമാണ്. മതത്തിന്റെ പേരിലുള്ള ഈ ക്രൂരകൃത്യവും ഭീകരവാദവും എങ്ങോട്ടാണ് നമ്മെ കൊണ്ടുപോകുന്നതെന്ന് ഓരോരുത്തരും ചിന്തിക്കേണ്ടതാണ്.'' (എക്സ്പ്രസ്സ് 2010 മെയ് 30 )

ലാഹോറിലെ ആക്രമണത്തിനു ശേഷം പാകിസ്താനിൽ നാശങ്ങളുടെ ഒരു കൊടുങ്കാറ്റുതന്നെ ആഞ്ഞു വീശിയിരിക്കുകയാണ്. നൂറുവർഷത്തിനുളളിൽ ഉണ്ടാകാത്ത ശക്തമായ വെള്ളപ്പൊക്കമാണ് അവിടെ ഉണ്ടായത്. അത് ദൈവികശിക്ഷയാണെന്ന് ഓരോരുത്തരും പറഞ്ഞു. എന്നിട്ടും അവിടുത്തെ ഭരണാധികാരികൾക്ക് ബുദ്ധി ഉദിച്ചിട്ടില്ല! ജനറൽ സിയാവുൽഹഖ് പറഞ്ഞത്, അഹ്മദികളെക്കൊണ്ട് ഭിക്ഷാപാത്രം എടുപ്പിക്കുമെന്നാണ്. എന്നാൽ, വെള്ളപ്പൊക്കം ഉണ്ടാക്കിവച്ച നാശനഷ്ടങ്ങൾ നികത്താൻ അവർ ലോകത്തിന്റെ മുന്നിൽ ഭിക്ഷാപാത്രമേന്തി നിന്നത് നാം കണ്ടു. അവിടുത്തെ ഭരണാധികാരികൾ ആ ഭിക്ഷാപാത്രത്തിലും കൈയിട്ടു വാരുമോ എന്നു മാത്രമേ ഇനി കാണേണ്ടതുള്ളു.

●

# ഈസാനബി (അ) അല്ലാഹുവിന്റെ കോടതിയിൽ

മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ

ഈസാ നബി (അ) പരലോകത്ത് വെച്ച് വിചാരണ ചെയ്യപ്പെടുന്നതിന്റെ വിവരണം വിശുദ്ധ ഖുർആനിലും ഹദീസിലുമുണ്ട്. അദ്ദേഹം മരിച്ചു പോയിരിക്കുന്നു എന്ന അനിഷേധ്യമായ വസ്തുത ഇസ്‌ലാമിന്റെ ഈ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നും വ്യക്തമാണ്

സി.എച്ച്.മുഹമ്മദ് & സൺസ് തിരൂരങ്ങാടി, കേരള 1995 ജൂൺ 15ന് പ്രസിദ്ധീകരിച്ച പത്ത്കിതാബ് മലയാള പരിഭാഷ (അറബി മൂലത്തോടു കൂടി)-പരിഭാഷകൻ പി അബ്ദുൽ അസീസ് മുസ്ല്യാർ പൊന്നാനി- എന്ന ഗ്രന്ഥത്തിൽ 'അന്ത്യനാളിൽ എങ്ങനെ വിശ്വസിക്കണം ?' എന്ന ചോദ്യത്തിന് ഉത്തരമായി പറയുന്നു:

''അവസാനം ഉണ്ടാകുകതന്നെ ചെയ്യുമെന്നും, അതിൽ യാതൊരു സംശയവുമില്ലെന്നും ലോകവും ജീവനുള്ള എല്ലാ വസ്തുക്കളും അന്നു നശിക്കുമെന്നും യാതൊന്നുംതന്നെ അവശേഷിക്കുകയില്ലെന്നും നീ വിശ്വസിക്കലാണ്. പരമോന്നതനും മഹാനുമായ നിന്റെ നാഥൻ മാത്രം അവശേഷിക്കുകയും ഭൂമിക്കുമേലുള്ള സർവതും നശിക്കുകയും ചെയ്യുന്നതാണ്"(ഖു.ശ). മാത്രമല്ല മരണത്തിനു ശേഷം ഖബറുകളിൽനിന്നും പുനർജന്മമുണ്ടാകുമെന്നത് സത്യമാണെന്നും, സൂറന്നെ കാഹളത്തിൽ ഇസ്രാഫീൽ എന്ന മലക്ക് ഊതലും, വിചാരണ, സിറാത്ത് (പാലം), മീസാൻ(ത്രാസ്), സ്വർഗം, നരകം ഇവ സത്യമാണെന്നും നീ വിശ്വസിക്കുക. അന്ത്യനാളിലെ ഭയങ്കരതകളേയും കഠോരമായ സംഭവങ്ങളേയും നിഷേധിക്കുന്നവൻ കാഫിറാകുന്നു. (പേജ് 48,49).

ലോകാവസാനത്തെ കുറിച്ച് സി.എൻ. അഹ്മദ് മൗലവിപറയുന്നു: "ഇക്കാണുന്ന പ്രപഞ്ചം ഇതേപടിക്ക് എന്നെന്നും നിലനില്ക്കുകയില്ല. പല പരിവർത്തനങ്ങളും വന്നിട്ടാണ് ഈ രൂപത്തിലെത്തിയത്. ഇനിയും വമ്പിച്ച പരിവർത്തനങ്ങൾ ഇവിടെ നടക്കും. ഖുർആൻ അത് എത്രയോ സ്ഥലങ്ങളിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ ഗോളങ്ങളെത്തന്നെ വമ്പിച്ച തകർച്ച ബാധിക്കുമെന്നും അത് അതിഭയാനകമായൊരു പ്രളയമായിരിക്കുമെന്നും ഖുർആൻ ഉണർത്തുന്നു. ആ പ്രളയം പൊടുന്നനെയാണുണ്ടാവുക.(17:187). കാഹളം ഊതുന്നതിനെക്കുറിച്ചു പറയുന്നു: "ഏതെങ്കിലും ഒരു അസാധാരണ സംഭവത്തെക്കുറിച്ച് രാജകീയ വിളംബരം ഉണ്ടാകുമ്പോൾ കാഹളം ഊതുന്ന പതിവ് പുരാതന കാലങ്ങളിലുണ്ടായിരുന്നു. ഇതനുസരിച്ച്, മരണമടഞ്ഞ മനുഷ്യരെയെല്ലാം ഉയിർത്തെഴുന്നേല്പിക്കാനുള്ള അല്ലാഹുവിന്റെ കല്പനയെക്കുറിച്ചും 'കാഹളം ഊതൽ' എന്നവാക്ക് ഖുർആനിൽ ഉപയോഗിച്ചു" (പരിശുദ്ധ ഖുർആൻ, ഒന്നാം വാള്യം മുഖവുര പേജ് 40,41). "കാഹളം ഊതിക്കഴിഞ്ഞാൽ ഖബറുകളിൽനിന്ന് എല്ലാവരും എഴുന്നേറ്റു വരും. മറ്റൊരു ജഡം സ്വീകരിച്ചുകൊണ്ടാണ് അവർ ഉയിർത്തെഴുന്നേല്ക്കുക" (പേജ്39). പരലോകജീവിതത്തെക്കുറിച്ച് അദ്ദേഹം പറയുന്നു: ''ഖുർആന്റെ സിദ്ധാന്തം ഇവിടെ അങ്ങേയറ്റം പുരോഗമനപരമാണ്. മനുഷ്യൻ ജന്മമെടുത്തു കഴിഞ്ഞാൽ പിന്നീട് അവന്റെ ജീവിതത്തിന് അന്ത്യമില്ലെന്ന് ഖുർആൻ സിദ്ധാന്തിക്കുന്നു. മാത്രമല്ല, അവൻ പടിപടിയായി മേല്പോട്ടുയർന്നുകൊണ്ടേപോകുമെന്ന് ഖുർആൻ(84:19)പ്രഖ്യാപിക്കുന്നു. അങ്ങനെ പടിപടിയായി ഉയർന്നു മേല്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നതിനിടയിൽ കുറെ ദശകൾ ഈലോകത്തിൽവെച്ചുതന്നെ അവൻ തരണം ചെയ്തു കഴിഞ്ഞു. മണ്ണിൽനിന്ന് ഉടലെടുത്തുകൊണ്ടാരംഭിച്ച ജീവിതം മരണത്തിൽ ചെന്നെത്തിയതുവരെയായി പലദശകളും അവൻ തരണം ചെയ്തത് നാം ചൂണ്ടിക്കാട്ടിയല്ലോ. ചിന്താശൂന്യർ ധരിച്ചപോലെ, മരണം അവന്റെ നാശത്തെ അഥവാ അവന്റെ ജീവിതത്തിന്റെ അന്ത്യത്തെ കുറിക്കുന്ന ഒന്നല്ല. മറിച്ച് അവന്റെജീവിതത്തിലെ ഒരു ദശാസന്ധി മാത്രമാണ്. ഒരു കാലത്ത് അവന് വളരാൻ പറ്റിയ സാഹചര്യം മാതാവിന്റെ ഗർഭാശയത്തിലായിരുന്നു. ആ ഘട്ടം അവസാനിച്ചപ്പോൾ അവിടംവിട്ടു മറ്റൊരു ലോകത്ത് അവൻ പ്രവേശിച്ചു. ഈ ലോകവും അവന്റെ വളർച്ചയ്ക്കു പറ്റുകയില്ലെന്നു കാണുമ്പോൾ ഇതിനെക്കാൾ വിശാലമായ മറ്റൊരു ലോകത്തേക്ക് അവൻ കാലെടുത്തു വയ്ക്കുന്നു. ഇതാണ് മരണം. ഇനി അവൻ മറ്റൊരു ജഡം സ്വീകരിച്ചുകൊണ്ടാണ് ഉയിർത്തെഴുന്നേല്ക്കുക. ഖുർആൻ അത് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ''നിങ്ങൾക്കു (ഇന്ന്) ഗ്രഹിക്കാൻ കഴിയാത്ത രൂപത്തിലാണ് നിങ്ങളെ നാം ഭാവിയിൽ വളർത്തിക്കൊണ്ടുപോകുക" എന്ന ഖുർആൻ വാക്യത്തിന്റെ (56:61) സാരം അതാണ്. (പേജ് 38,39).

പരലോകത്തെക്കുറിച്ചും അവിടത്തെ വിചാരണയെക്കുറിച്ചും എല്ലാ മുസ്ലിംകളും അഭിപ്രായ വ്യത്യാസം കൂടാതെ ദൃഢമായും വിശ്വസിക്കുന്നുണ്ട്. അതിനുള്ള രണ്ടുദാഹരണങ്ങളാണ് മുകളിൽ എഴുതിയത്. അത്തരം ഒരു വിചാരണ നാളിൽ നടക്കുന്ന സംഭവം ഇവിടെ സ്മരിക്കുകയാണ്.

ആദ്യമനുഷ്യൻ തുടങ്ങി ഇഹ ലോകത്ത് ജീവിച്ച അവസാന മനുഷ്യൻവരെ ഉയിർത്തെഴുന്നേറ്റ് വിചാരണ നേരിടുന്ന ഒരു നാൾ. ആ നാളിൽ എല്ലാവരും സന്നിഹിതരാണ്. ഓരോരുത്തരും വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നു. അവിടെ ഈസാനബിയും അദ്ദേഹത്തിന്റെ സമുദായവും മുഹമ്മദുനബി(സ)യും ആ മഹാത്മാവിന്റെ സമുദായവുമെല്ലാം വിചാരണ നേരിടാൻ തങ്ങളുടെ ഊഴം കാത്തുനിൽക്കുകയാണ്. ഇഹലോകം നശിച്ചുകഴിഞ്ഞു. അവിടേക്കിനി തിരിച്ചു വരുന്ന പ്രശ്നം ഉദിക്കുന്നില്ല. വിചാരണയ്ക്കു ശേഷമുള്ള ജീവിതമാണ് എല്ലാവരും പ്രതീക്ഷിച്ചു നിൽക്കുന്നത്. അപ്പോഴാണ് അല്ലാഹു ഈസാനബിയുടെ പേരു വിളിക്കുന്നത്. അങ്ങനെ അദ്ദേഹം ദൈവകോടതിയുടെ കൂട്ടിൽ കയറിനിന്നു. ചോദ്യവും ഉത്തരവും തുടങ്ങുകയായി. വിശുദ്ധ ഖുർആൻ 5-ാം അധ്യായം 117,118 (ബിസ്മി ഉൾപ്പെടെ) വചനങ്ങളിൽ അതിങ്ങനെ കാണാവുന്നതാണ്:

**അല്ലാഹു:** ''മർയമിന്റെ മകൻ ഈസാ! നിന്നേയും നിന്റെ മാതാവിനേയും എന്നെക്കൂടാതെ രണ്ടുദൈവങ്ങളായി സ്വീകരിക്കുക എന്ന് നീ ജനങ്ങളോട് പറഞ്ഞുവോ?"

**ഈസാ:** ''നീ പരിശുദ്ധനാണ്. എനിക്കു അവകാശമില്ലാത്ത ഒരുകാര്യം പറയുക എന്നത് എനിക്കു ചേർന്നതല്ല. ഞാൻ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും നീ അത് അറിഞ്ഞിരിക്കും. എന്നിലുള്ളത് നീ അറിയുന്നു. നിന്നിലുള്ളത് ഞാൻ അറിയുന്നില്ല. നീ പരോക്ഷകാര്യം നല്ലവണ്ണം അറിയുന്നവനാകുന്നു. നീ എന്നോട് ആജ്ഞാപിച്ചത് മാത്രമേ ഞാൻ അവരോട് പറഞ്ഞിട്ടുള്ളു; എന്റേയും നിങ്ങളുടേയും നാഥനായ അല്ലാഹുവിനെ നിങ്ങൾആരാധിക്കാൻ! ഞാൻ അവരിൽ ഉണ്ടായിരുന്നിടത്തോളം ഞാൻ അവരുടെ മേൽ സാക്ഷിയായിരുന്നു. എന്നാൽ, നീ എന്നെ മരിപ്പിച്ചപ്പോൾ അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയായി. നീ എല്ലാകാര്യങ്ങൾക്കും സാക്ഷിയാകുന്നു. നീ അവരെ ശിക്ഷിക്കുകയാണെങ്കിൽ തീർച്ചയായും അവർ നിന്റെ ദാസരാണ്. ഇനി നീ അവർക്കു പൊറുത്തു കൊടുക്കുകയാണെങ്കിൽ നിശ്ചയമായും നീ വലിയ പ്രതാപശാലിയും യുക്തിജ്ഞനുമാകുന്നു."

**അല്ലാഹു:** "ഇത് സത്യവാന്മാർക്ക് അവരുടെ സത്യം പ്രയോജനപ്പെടുന്ന നാളാണ്.അവർക്ക് താഴോരത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന പൂന്തോപ്പുകൾ ഉണ്ട്. അവർ അതിൽ നിത്യവാസികളായിരിക്കും."

ഈ ഖുർആൻ വചനത്തിൽ ഈസാ(അ) അല്ലാഹുവിനോടു പറഞ്ഞ **'ഫലമ്മാതവഫ്ഫയ്ത്തനീ'** എന്ന വാക്കുകൾക്ക് ഇവിടെ കൊടുക്കുന്ന അർഥം 'നീ എന്നെ മരിപ്പിച്ചപ്പോൾ' എന്നാണ്. ആ അർഥം കൊടുക്കാൻ കാരണം നബി(സ)തിരുമേനി ആ വാക്കുകൾക്ക് അങ്ങനെ അർഥം കൊടുത്തതാണ്.

ഈസാനബി(അ)യെ അല്ലാഹു വിസ്തരിക്കുമ്പോൾ നബി (സ) തിരുമേനി അത് സശ്രദ്ധം കേട്ടു നില്ക്കുന്നുണ്ടായിരുന്നു എന്നാണ് മനസ്സിലാകുന്നത്. ആ വിചാരണ കഴിഞ്ഞപ്പോൾ ഒരു പറ്റം ആളുകളെ നരക ഭാഗത്തേക്ക് മലക്കുകൾ ഉന്തിത്തള്ളി കൊണ്ടു പോകുന്നത് നബി (സ) കണ്ടു. ആ രംഗം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ് (റ) വിവരിക്കുന്നത് ഇപ്രകാരമാണ്:

**അനിബ്നി അബ്ബാസിൻ ഖാല - ഖത്വബ റസൂലുല്ലാഹി സ്വല്ലല്ലാഹു അലയ്ഹി വസല്ലമ ഫഖാല - യാ അയ്യുഹന്നാസു - ഇന്നക്കും മഹ്ശുറൂന ഇലല്ലാഹി - ജുഫാത്തൻ ഉറാത്തൻ ഗുർലൻ - ഥുമ്മ ഖാല- കമാ ബദ്അ്നാ അവ്വല ഖൽഖിൻ നുഈദുഹൂ വഅ്ദൻ അലയ്നാ ഇന്നാ കുന്നാ ഫാഇലീന ഇലാ ആഖിരിൽആയത്തി -ഥുമ്മ ഖാല അലാ! വഇന്ന അവ്വലൽഖലാഇഖി യുക്സാ യൗമൽഖിയാമത്തി ഇബ്റാഹീമു - അലാ! വ ഇന്നഹൂ യുജാഉ ബിരിജാലിൻ മിൻ ഉമ്മത്തീ ഫയുഅ്ഖദു ബിഹിം ദാത്തശ്ശിമാലി - ഫഅഖൂലു യാ റബ്ബി ഉസ്വയ്ഹാബീ -ഫ യുഖാലു - ഇന്നക്ക ലാ തദ്രീ മാ അഹ്ദഥൂ ബഅ്ദക്ക- ഫ അഖൂലു - കമാ ഖാലൽഅബ്ദുസ്സ്വാലിഹു- വ കുൻതു അലയ്ഹിം ശഹീദൻമ്മാദുംതു ഫീഹിം ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം- ഫയുഖാലു - ഇന്ന ഹാഉലായി ലം യസാലൂ മുർത്തദ്ദീന അലാ അഉ്ഖാബിഹിം മുൻദു ഫാറഖ്ത്തഹും** (ബുഖാരി കിതാബുത്തഫ്സീർ, ബാബ് ഖൗലിഹീ വ കുൻതു അലയ്ഹിം ശഹീദൻമ്മാദുംതു ഫീഹിം ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർ റഖീബ അലയ്ഹിം വ അൻത അലാ കുല്ലി ശയ്ഇൻ ശഹീദ്)

ഈ ഹദീഥിന് മുജാഹിദു പണ്ഡിതനായ എ. അബ്ദുസ്സലാം സുല്ലമി (ജാമിഅഃ നദ്വിയ്യഃ എടവണ്ണ) നൽകിയ പരിഭാഷ ഇപ്രകാരമാണ്:

3349."ഇബ്നു അബ്ബാസ് (റ) നിവേദനം. നബി(സ)അരുളി: 'പരലോകത്തിൽ നഗ്നപാദരും ചേലാകർമം ചെയ്യപ്പെടാത്തവരുമായിട്ടാണ് നിങ്ങൾ ഉയർത്തെഴുന്നേല്ക്കുക. ശേഷം നബി(സ)ഇപ്രകാരം ഓതി (നാം ആദ്യമായി സൃഷ്ടിപ്പ് ആരംഭിച്ചതു പോലെതന്നെ അതു നാം ആവർത്തിക്കും. ഇതു നമ്മുടെമേൽ നിർബന്ധവാഗ്ദാനമാണ്). പരലോകത്തു ആദ്യമായി വസ്ത്രം ധരിപ്പിക്കുക ഇബ്റാഹീം നബി(അ)യെയാണ്. എന്റെ അനുചരന്മാരിൽ ചിലരെ അന്ന് ഇടതുഭാഗത്തേക്കു കൊണ്ടുപോകും. അപ്പോൾ ഞാൻ പറയും: എന്റെ അനുചരന്മാർ! എന്റെ അനുചരന്മാർ! അന്നേരം നിങ്ങൾ വിട്ടുപോന്ന ശേഷം തങ്ങളുടെ പഴയ ജീവിതത്തിലേക്കു തന്നെ മടങ്ങിപ്പോയവരാണവർ എന്ന് എനിക്കു മറുപടി ലഭിക്കും. അപ്പോൾ ഉൽകൃഷ്ട ദാസൻ (ഈസാ) പറഞ്ഞതുപോലെതന്നെ ഞാനും പറയും. (അവർക്കിടയിൽ ജീവിച്ചിരുന്ന കാലമത്രയും അവരുടെ ജീവിതത്തെ ഞാൻ വീക്ഷിച്ചുകൊണ്ടിരുന്നു.) (സ്വഹീഹുൽബുഖാരി, പരിഭാഷയും വ്യാഖ്യാനവും, അയ്യൂബി ബുക് ഹൗസ്, മസ്ജിദ് ബസാർ, കോഴിക്കോട്-1, 1999 വാള്യം 3 പേജ് 184).

അബ്ദുസ്സലാംസുല്ലമി വളരെ തന്ത്രപൂർവം ഹദീഥിന്റെ അർഥം മുഴുവനും എഴുതാതെ ഇവിടെ നിറുത്തിക്കളഞ്ഞിരിക്കുകയാണ്. ബാക്കി അർഥം കൂടിപ്പറഞ്ഞാൽ ഈസാനബി മരിച്ചുപോയെന്ന് നബി (സ) പറഞ്ഞത് അദ്ദേഹത്തിന് സമ്മതിക്കേണ്ടതായിവരും. അദ്ദേഹം വിട്ടവരികളും അതിന്റെ അർഥവും ഇപ്രകാരമാണ്. **'ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർറഖീബ അലയ്ഹിം** നീ എന്നെ മരിപ്പിച്ചപ്പോൾ നീ തന്നെയായിരുന്നു അവരുടെ മേൽനോട്ടക്കാരൻ. അപ്പോൾ പറയപ്പെടും. നീ അവരിൽനിന്ന് വേർപെട്ടപ്പോൾ ഇവർ ആ നേരം മതപരിത്യാഗികളായിപ്പോയവരാണ്.'

കൗതുകം അതല്ല. സൂറാ മാഇദായിലെ ഈ ഖുർആനിക വചനത്തിന് വ്യാഖ്യാനമായികൊടുത്തിട്ടുള്ള ഹദീഥിന്റെ തലക്കെട്ടിന് അതായത് **ഫലമ്മാ തവഫ്ഫയ്ത്തനീ** എന്നതിന്

അദ്ദേഹം പച്ച മലയാളത്തിൽ കൊടുത്തിട്ടുളളഅർഥം **'നീ എന്നെ മരിപ്പിച്ചപ്പോൾ** എന്നാണ്. (നോക്കുക സ്വഹീഹുൽബുഖാരി, പരിഭാഷയും വ്യാഖ്യാനവും, അയ്യൂബി ബുക് ഹൗസ്, മസ്ജിദ് ബസാർ, കോഴിക്കോട്-1, 1999 വാള്യം 3 പേജ് 184).

അവിടെ 4625-ാം നമ്പർ ഹദീഥ് രേഖപ്പെടുത്താതെ,ആവർത്തനം എന്നു പറഞ്ഞ് 3349-ാം നമ്പർ ഹദീഥ് നോക്കുക എന്നാണ് പറഞ്ഞിട്ടുളളത് (പേജ് 427). അങ്ങനെ 3349-ാം നമ്പർ ഹദീഥ് നോക്കിയപ്പോഴാണ് ഹദീഥിന്റെ മർമപ്രധാനമായഭാഗം വിഴുങ്ങി, തിരിമറി നടത്തിയിരിക്കുന്നതായി കണ്ടത്. നബി(സ)തിരുമേനി പറഞ്ഞകാര്യം ജനങ്ങളിൽനിന്ന് മറച്ചുവയ്ക്കുന്ന ഇവരാണത്രെ യഥാർഥ മുസ്‌ലിംകൾ !!! നബി(സ)യോടു കാണിക്കുന്ന ക്രൂരത. തുടർന്ന് അദ്ദേഹം പ്രസ്തുത ഹദീഥിന് ചെറിയൊരു കുറിപ്പെഴുതിയിട്ടുണ്ട്. അതാണെങ്കിൽ ഞാൻകൊടുക്കുന്ന അർഥത്തെ സാധൂകരിക്കുന്നതാണ്. അദ്ദേഹം എഴുതുന്നു:

''മരണപ്പെട്ട നബി(സ)യ്ക്ക് ഭൂമിയിൽ നടക്കുന്ന സംഭവങ്ങൾ ഒരിക്കലും അറിയുകയില്ലെന്ന് ഈ ഹദീസും വ്യക്തമാക്കുന്നു. അവർ നൂതനമായി മതത്തിൽ നിർമിച്ചത് നിനക്കറിയുകയില്ലെന്ന് നബി(സ)യോടു പറഞ്ഞത് ബുഖാരിയിലെ തന്നെ മറ്റു നിവേദനത്തിൽ പറയുന്നു" (പേജ് 185).

ഇതു തന്നെയാണ് ഈസാനബിയും പറഞ്ഞത്. അദ്ദേഹം അവരുടെയിടയിൽ ഉണ്ടായിരുന്നപ്പോൾ അവർ അല്ലാഹുവിനെ മാത്രമെ ആരാധിച്ചിരുന്നുളളു. അതിനുശേഷം അവർ അദ്ദേഹത്തേയും അദ്ദേഹത്തിന്റെമാതാവിനേയും, യഹൂദികൾ അദ്ദേഹത്തെ തറയ്ക്കാൻ ഉപയോഗിച്ച കുരിശിനേയും, അവരുടെ ദൃഷ്ടിയിൽ പുണ്യവാളന്മാരായിട്ടുളളവരേയും പുണ്യവാളത്തി മാരായിട്ടുളളവരേയുമൊക്കെ ആരാധിക്കാൻ തുടങ്ങി. ഇതൊന്നും തനിക്കറിയില്ലെന്നാണ് ഈസാനബി(അ)പറഞ്ഞത്. ഈസാനബിയുടെ ഈ വാക്കുകൾ നേരിൽകേട്ടിട്ടാണ് തനിക്കുശേഷം മുസ്‌ലീംകൾ ചെയ്തതൊന്നും തനിക്കും അറിയുകയില്ലെന്ന് നബി(സ) തിരുമേനിയും പറഞ്ഞത്.

അബ്ദുസ്സലാം സുല്ലമിക്ക് ഇങ്ങനെയൊരു മകർ അഥവാ തന്ത്രം പ്രയോഗിക്കാൻ പ്രചോദനമായത് മുഹമ്മദ് അമാനി മൗലവിയുടെ ഖുർആനിന്റെ വ്യാഖ്യാനമാണെന്ന് ന്യായമായും മനസ്സിലാക്കാം. ഇബ്നു അബ്ബാസിന്റെ നിവേദനം അമാനി മൗലവി പരിഭാഷപ്പെടുത്തിയിട്ടുളളത് ഇങ്ങനെ:

''ഇബ്നു അബ്ബാസ്(റ)ൽനിന്ന് അബൂദാവൂദ്(റ)നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ നബി(സ)ഇങ്ങനെ പറഞ്ഞതായി കാണാം: 'ഖിയാമത്തു നാളിൽ ആദ്യമായി വസ്ത്രം ധരിപ്പിക്കപ്പെടുന്നത് ഇബ്റാഹീ(അ)മിന് ആയിരിക്കും. അറിയുക എന്റെ സമുദായത്തിൽനിന്ന് ചില മനുഷ്യരെ കൊണ്ടുവന്ന് അവരെ ഇടത്തുവശത്തേക്ക് (അവിശ്വാസികളായ ദുർജ്ജനങ്ങളുടെ പക്ഷത്തേക്ക്) എടുക്കും. അപ്പോൾ ഞാൻ: 'എന്റെ ആൾക്കാർ! എന്നു പറയും. അപ്പോൾ എന്നോടു പറയപ്പെടും: 'അവർ താങ്കൾക്കുശേഷം പുതുതായി ഉണ്ടാക്കിത്തീർത്തതിനെക്കുറിച്ച് താങ്കൾക്ക് അറിഞ്ഞുകൂടാ.' അപ്പോൾ ആ നല്ല അടിയാൻ (ഈസാനബി) പറഞ്ഞതുപോലെ ഞാൻ പറയും: വകുൻതു അലയ്ഹിം ശഹീദൻ...(ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോൾ -ഖുർആനിൽ ഈസാനബിയെക്കുറിച്ച് പറഞ്ഞിടത്ത് **ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോഴൊക്കെ** എന്നാണ് അമാനി മൗലവി അർഥംകൊടുത്തിട്ടുളളത്-ഞാൻഅവരിൽ സാക്ഷ്യം വഹിക്കുന്നവനായിരുന്നു....). അപ്പോൾ പറയപ്പെടും: 'താങ്കൾ അവരെ പിരിഞ്ഞതു മുതൽ അവർ പിന്നോക്കം മടങ്ങിക്കൊണ്ടിരിക്കുകയായിരുന്നു.' (വിശുദ്ധ ഖുർആൻ വിവരണം, വാല്യം 2, പേജ് 949,950 -1988)

'വിട്ട വരികൾ പൂരിപ്പിക്കുക' എന്ന് വിദ്യാർഥികളുടെ ചോദ്യപേപ്പറിൽ സാധാരണ കാണാറുണ്ട്. അമാനി മൗലവിയുടെ 'കുത്തുകൾ' കണ്ടപ്പോൾ അതോർത്തുപോയി. ശരിയായ നിലയിൽ പൂരിപ്പിച്ചാൽ നൂറിൽ നൂറുമാർക്കും കുട്ടികൾക്കു ലഭിക്കും. അമാനി മൗലവി താനിട്ട കുത്തുകൾ പൂരിപ്പിക്കാൻ നമ്മളോടു പറയുന്നു. നമുക്കത് പൂരിപ്പിക്കാം. വിട്ട വാക്യം ആദ്യത്തേത് **മാ ദുംതു ഫീഹിം** എന്നതാണ്. അതിന്റെ അർഥം അദ്ദേഹം കൊടുത്തിട്ടുണ്ട്. അതായത് ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോൾ. രണ്ടാമത്തേത് **ഫലമ്മാ തവഫ്ഫയ്ത്തനീ കുൻത അൻതർ റഖീബ അലയ്ഹിം** എന്നതാണ്. **നീ എന്നെ മരിപ്പിച്ചപ്പോൾ നീ തന്നെയായി അവരുടെ മേൽനോട്ടക്കാരൻ** എന്നാണ് ഈ വാക്യത്തിന്റെ അർഥം. ഇതെഴുതിയാൽ ചിന്താ ശക്തി കുറഞ്ഞവർപോലും ഈസാ(അ) മരിച്ചു പോയിരിക്കുന്നുവെന്ന യാഥാർഥ്യം മനസ്സിലാക്കും. അത് അഹ്മദികളുടെ വാദത്തെ ശക്തിപ്പെടുത്തുകയും ചെയ്യും. അതുകൊണ്ടാണ് "കുത്തുകളിൽ" ഒതുക്കി നിറുത്തിയത്. സാധാരണക്കാരൻ സത്യം മനസ്സിലാക്കാൻ പാടില്ല എന്ന് അമാനി മൗലവിക്കും അബ്ദുസ്സലാം സുല്ലമിക്കും നിർബന്ധമുണ്ട്. അതുകൊണ്ട് ഹദീഥിന്റെ മർമപ്രധാനമായ വാക്യം-അറബിയും അർഥവും- ഒഴിവാക്കി തടിതപ്പുകയാണ് ചെയ്തത്. ഇങ്ങനെ വക്രബുദ്ധി ഉപയോഗിച്ചതിനുശേഷം അദ്ദേഹം പറയുന്നു: ''ഒരു സംഗതി ഇവിടെ പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ടിയിരിക്കുന്നു. അതായത് **ഫലമ്മാത വഫ്ഫയ്ത്തനീ** എന്ന വാക്കിന് 'നീ എന്റെ ആയുസ്സ് പൂർത്തിയാക്കിയപ്പോൾ' എന്നും മറ്റും വാക്കർഥം കല്പിച്ചുകൊണ്ട് അദ്ദേഹം കുരിശ് സംഭവത്തിൽനിന്ന് രക്ഷപ്പെട്ട ശേഷം പിന്നീട് മരണപ്പെട്ടു പോയിരിക്കയാണെന്നും, ഉപരിലോകത്ത് ഉയർത്തപ്പെടുകയുണ്ടായിട്ടില്ലെന്നും, കാലാവസാനത്തിൽ അദ്ദേഹം ഭൂമിയിലേക്ക് ഇറങ്ങി വരുമെന്ന വിശ്വാസം ശരിയല്ലെന്നും, അതു ക്രിസ്ത്യാനികളിൽനിന്ന് മുസ്‌ലിംകളിലേക്ക് നുഴഞ്ഞു കയറിയ വിശ്വാസമാണെന്നും മറ്റും **ചില വക്ര താല്പര്യക്കാർ** കുറേ വലിച്ചുനീട്ടി പ്രസ്താവിച്ചു കാണുന്നു."

നബി(സ)തിരുമേനിയാണ്, ഈസാനബി പറഞ്ഞതുപോലെ താൻ പറയും എന്നു പറഞ്ഞുകൊണ്ട് 'ഫലമ്മാ തവഫ്ഫയ്ത്തനീ' എന്ന വചനം ഓതിയത്. ഈസാനബി പ്രകൃതിസാധാരണമായ നിലയിൽ മരിച്ചുപോയിരിക്കുന്നുവെന്ന് നല്ലവണ്ണംഅറിഞ്ഞുകൊണ്ടു തന്നെയാണ് നബി(സ), ഈസായുടെ വാക്കുതന്നെ ഉദ്ധരിച്ച് അദ്ദേഹത്തിന്റെ മരണശേഷം എന്നതുപോലെ തന്റെയും മരണശേഷം എന്ന് അർഥം പറഞ്ഞിട്ടുള്ളത്. ഇതെല്ലാം മനസ്സിലാക്കിയിട്ടും 'വക്രതാൽ പര്യക്കാർ' അങ്ങനെ പ്രസ്താവിച്ചു കാണുന്നു എന്നു പറയുമ്പോൾ അതിൽ ഒന്നാമൻ നഊദുബില്ലാഹ് നബി(സ) തിരുമേനി ആയിപ്പോകുമോ എന്ന് ആരെങ്കിലും ചിന്തിച്ചാൽ അവരെ കുറ്റം പറയാവുന്നതെങ്ങനെ? (തുടരും) ●

പേജ് 6-ൽനിന്നും തുടർച്ച

# റമദാൻ: വാഗ്ദത്ത മസീഹിന്റെ വചനങ്ങളിൽ

ആസക്തിയും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള ചൂടുമാണ്. കല്ലുകൾ തുടങ്ങിയവ ചൂടാകുന്ന വെയിലിനും **റമദ** എന്നു പറയും." (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264)

### റമദാൻ മാസത്തിന്റെ മഹത്വം

''**ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ** ഈ വാക്യത്തിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ(ജാഗ്രതാദർശനങ്ങൾ)ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛകളിൽ നിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്. ഈ സൂചനയാണ് **ഉൻസില ഫീഹിൽ ഖുർആൻ** എന്നതിലുള്ളത്. ഇതിൽ സംശയമോ സന്ദേഹമോ ഒന്നുമില്ല. നോമ്പിന്റെ പ്രതിഫലം വളരെ വലുതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽ നിന്ന് മനുഷ്യനെ തടയുന്നു.'' (തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264-265)

### ധർമശാസ്ത്രങ്ങൾ കൊണ്ടുള്ള ഫലം

"ഈ നിയന്ത്രണങ്ങളുടെ ഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്കു അല്ലാഹു നൽകിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെപ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവ പ്രകാശകേന്ദ്രമായ അല്ലാഹുവിൽനിന്ന് സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റേയും സൽഗതിയുടേയും മാർഗങ്ങൾ ലോകർക്ക് കാണിച്ചുകൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളേയും ചാപല്യങ്ങളേയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാകുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുള്ളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കണത്തിൽ അണച്ചു കൂട്ടുകയും അവർക്ക് വിവിധ തരത്തിലുള്ള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു." (ഇസ്ലാംമത തത്ത്വജ്ഞാനം പേജ് 191, 192)

### ചില സംശയനിവാരണങ്ങൾ

? (സിയാൽക്കോട്ടുനിന്ന്) ഇവിടെ ചൊവ്വാഴ്ച മാസപ്പിറവി കണ്ടില്ല. ബുധനാഴ്ച കാണുകയുംചെയ്തു അതുകൊണ്ട് വ്യാഴാഴ്ചയായിരുന്നു ഒന്നാമത്തെ നോമ്പ്. എന്താണ് ചെയ്യേണ്ടത്?

റമദാൻ മസത്തിനു ശേഷം ആ നോമ്പ് പിടിച്ചു വീട്ടുകയാണ് വേണ്ടത്. (മൽഫൂദാത്ത് വാള്യം 9, പേജ് 437)

? യാത്രക്കാരനും രോഗിയും ഫിദ്യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ശരീഅത്തിന്റെ അടിത്തറ ബലാൽക്കാരത്തിൽ വെച്ചിട്ടില്ല. കഴിവുള്ള യാത്രക്കാരനും രോഗിയും നോമ്പിനു പകരം ഫിദ്യഃ കൊടുക്കേണ്ടതാണ്. ഒരു അഗതിയ്ക്കു ഭക്ഷണം നൽകുക എന്നതാണ് ഫിദ്യഃ. (മൽഫൂദാത്ത് വാള്യം 9, പേജ്431,) *ഇവിടെ രോഗി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നടപ്പുവർഷം ആരോഗ്യം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയില്ലാത്തവരാണ്.*

? ഫിദ്യഃ കൊടുക്കേണ്ട രോഗികൾ ആരൊക്കെയാണ്?

വാർധക്യം പ്രാപിച്ചവരോ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്തവരോ ആണ് ഫിദ്യഃ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടുകിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്യഃ കൊടുത്ത് കഴിച്ചിലാകാം എന്നു ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലാണ്. അധ്വാനമില്ലാത്ത മതം നമ്മുടെ പക്കൽ മതമല്ല. ഇതേപോലെ അല്ലാഹു നൽകിയിട്ടുള്ള ഉത്തരവാദിത്വങ്ങൾ ഒഴികഴിവ് പറഞ്ഞ് സ്വന്തം തലയിൽനിന്നകറ്റുന്നതും കടുംപാപമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർക്ക് സന്മാർഗം നൽകപ്പെടും. (മൽഫൂദാത്ത് വാള്യം 9, പേജ് 433, 1984)

? ഞാൻ ഇന്നേവരെ നോമ്പുനോറ്റിട്ടില്ല. അതിനെല്ലാം ഫിദ്യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ഓരോരുത്തർക്കും അവർക്കു വഹിക്കാവുന്നതിനേക്കാൾ കൂടുതൽ വിഷമം കൊടുക്കുകയില്ല. കഴിവിനനുസരിച്ച് കഴിഞ്ഞുപോയതിന്റെ ഫിദ്യഃ കൊടുക്കുക. ഇനി എല്ലാ നോമ്പും നോല്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുക. (മൽഫൂദാത്ത് വാള്യം 4, പേജ് 380, 1984)

? ഖാദിയാനിലെ യത്തീം ഫണ്ടിലേക്ക് ഫിദ്യഃ അയക്കാമോ

കാര്യം ഒന്നുതന്നെയാണ്. തദ്ദേശവാസികളായ ഏതെങ്കിലും അഗതിയ്ക്കു കൊടുക്കുകയോ യതീം-മിസ്കീൻ ഫണ്ടിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്.

?നോമ്പുകാരന് താടിയിലും മീശയിലും തലയിലും എണ്ണ പുരട്ടാമോ?

പുരട്ടാവുന്നതാണ്.

? നോമ്പുകാരന്റെ രോഗമുള്ള കണ്ണിൽ മരുന്നിറ്റിക്കുന്നത് അനുവദനീയമാണോ?

ഈ ചോദ്യംതന്നെ അപ്രസക്തമാണ്. രോഗിക്ക് നോമ്പ് പിടിക്കാൻ കല്പനയില്ല.

? നോമ്പുകാരന് കണ്ണിൽ സുറുമ എഴുതാമോ?

അത് വെറുക്കപ്പെട്ടതാണ്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? രാത്രിയിൽ അത് ആകാമല്ലോ?

? നോമ്പുകാരന് സുഗന്ധം ഉപയോഗിക്കാമോ?

ഉപയോഗിക്കാവുന്നതാണ്. (മൽഫൂദാത്ത് വാള്യം 9, പേജ് 171 -172, 1984)

? മുറിയിലിരുന്ന ഞാൻ ഇടയത്താഴം കഴിക്കുകയായിരുന്നു. സമയം പോയതറിഞ്ഞില്ല. പുറത്തിറങ്ങിയപ്പോൾ വെള്ളവീശിയിരിക്കുന്നതായിക്കണ്ടു. ആ നോമ്പ് പിടിച്ചുവീട്ടണോ?

മനഃപൂർവമല്ലാത്തതുകൊണ്ട് ആവശ്യമില്ല.

? നോമ്പുകാരന് കണ്ണാടി നോക്കാമോ?

നോക്കാവുന്നതാണ്.

### ഫിദ്യഃ കൊടുക്കുന്നതിന്റെ ഉദ്ദേശ്യം

'എന്തിനാണ് ഫിദ്യഃ നിശ്ചയിച്ചിട്ടു

ളളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് മനസ്സിലായി; അതുമുഖേന നോമ്പു പിടിക്കാനുളള ഭാഗ്യം ലഭിക്കും. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. സകല കാര്യങ്ങളും അവനോടു തന്നെ ചോദിക്കണം. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പ് പിടിക്കാൻ കഴിവു നൽകാവുന്നതാണ്.'

**നോമ്പിന്റെ പ്രാധാന്യം**

"മരണത്തോടടുത്തെത്തിയെങ്കിൽ മാത്രമേ നോമ്പ് ഉപേക്ഷിക്കുകയുള്ളു എന്നതാണ് എന്റെ അവസ്ഥ. നോമ്പ് ഉപേക്ഷിക്കാൻ മനസ്സാഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീതമായ ദിനങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഇറങ്ങുന്ന നാളുകളാണ്." (മൽഫൂദാത്ത് വാള്യം 2, പേജ് 203,)

**മനസ്സിനുണ്ടാകുന്ന ആർദ്രത**

"നോമ്പും നമസ്ക്കാരവും രണ്ടു ആരാധനകളാണ്. നോമ്പിന്റെ സ്വാധീനശക്തി ശരീരത്തിലും നമസ്ക്കാരത്തിന്റെ സ്വാധീനശക്തി ആത്മാവിലുമാണ്. നമസ്ക്കാരംകൊണ്ട് (ആത്മാവിന്)ഒരു ചുട്ടുനീറ്റലും അലിവും അനുഭവപ്പെടുന്നു. എന്നാൽ, ഈ അവസ്ഥ ചിലപ്പോൾ യോഗികളിലും ഉണ്ടാകാവുന്നതാണ്. പക്ഷേ, ദുആ മുഖേനയുണ്ടാകുന്ന ആത്മീയമായ ആർദ്രതയിൽ ആരും പെടുകയില്ല." (മൽഫൂദാത്ത് വാള്യം 7, പേജ് 374, 1984)

**യാത്രയിൽ നോമ്പ്**

? യാത്രയിൽ നോമ്പ് പിടിക്കാൻ പാടുണ്ടോ?

വിശുദ്ധഖുർആനിൽ നിന്ന് മനസ്സിലാകുന്നത് *ഫമൻകാന മിൻകും മരീദൻ ഔ അലാ സഫരിൻ ഫ ഇദ്ദത്തുൻ മിൻ അയ്യാമിൻ ഉഖറ* രോഗിയും യാത്രക്കാരനും നോമ്പ് പിടിക്കരുതെന്നാണ്. ഇതിൽ കൽപ്പനയാണുള്ളത്. കഴിയുമെങ്കിൽ പിടിക്കുക കഴിയില്ലെങ്കിൽ പിടിക്കരുത് എന്ന് അല്ലാഹു പറഞ്ഞിട്ടില്ല. എന്റെ അഭിപ്രായത്തിൽ യാത്രക്കാരൻ നോമ്പ് പിടിക്കാതിരിക്കേണ്ടതാണ്. എന്നാൽ പൊതുവേ അധികമാളുകളും പിടിക്കാറുണ്ട്. എല്ലാവരും പിടിക്കുന്നു എന്ന് മനസ്സിലാക്കി ആരെങ്കിലും പിടിക്കുകയാണെങ്കിൽ പ്രശ്നമൊന്നുമില്ല. പക്ഷേ മറ്റ് ദിനങ്ങളിൽ പിടിച്ചുവീട്ടുക എന്നതിനെ പരിഗണിക്കേണ്ടതാണ്. യാത്രയിൽ ബുദ്ധിമുട്ട് സഹിച്ച് നോമ്പ് പിടിക്കുന്നവൻ തന്റെ കരബലം കൊണ്ട് അല്ലാഹുവിനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്. കൽപന പാലിച്ച് അവനെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. ഇത് തെറ്റാണ്. വിധിവിലക്കുകളെ അനുസരിക്കുന്നതിലാണ് സത്യസന്ധമായ വിശ്വാസം കുടികൊള്ളുന്നത്. (മൽഫൂദാത്ത് വാള്യം 1, പേജ് 292,293 - 1984)

ഈ നോമ്പ്, വർഷത്തിൽ ഒരു മാസമാണ്. ചില അഹ്‌ലുല്ലാഹ് (ദിവ്യാത്മാക്കൾ) ഐച്ഛികമായി അധികവും നോമ്പ് പിടിക്കാറുണ്ട്. അതിൽ അവർ കഠിനപ്രയത്നം നടത്തുന്നു. തുടർച്ചയായി നോമ്പെടുക്കുന്നതിന് വിരോധമൊന്നുമില്ല. അതായത് എന്നെന്നും നോമ്പെടുത്തുകൊണ്ടിരിക്കാൻ പാടില്ല.

**തറാവീഹ് നമസ്ക്കാരം**

? റമദാനിൽ തറവീഹ് എട്ട് റക്അത്ത് ഉറങ്ങുന്നതിനു മുമ്പേ ജമാഅത്തായിട്ട് പള്ളിയിൽ പോയിനമസ്ക്കരിക്കണോ അതോ രാത്രിയുടെ അവസാന യാമത്തിൽ തനിച്ച് വീട്ടിൽ നമസ്ക്കരിച്ചാൽ മതിയോ?

"തറാവീഹ് നമസ്ക്കാരം വേറിട്ടൊരു നമസ്ക്കാരമല്ല. യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരത്തിന്റെ എട്ട് റക്അത്ത് രാത്രിയുടെ ആദ്യയാമത്തിൽ നമസ്ക്കരിക്കുന്നതിന്റെ പേരാണ് തറാവീഹ്. ചോദിച്ചതുപോലെ രണ്ടു രീതിയിലും ഇത് അനുവദനീയമാണ്. നബി (സ)തിരുമേനി രണ്ടുരീതിയിലും ഇതനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ, ആ മഹാത്മാവ് അധികവും രാത്രിയുടെ അവസാന യാമത്തിൽ വീട്ടിൽ തനിച്ചാണ് നമസ്ക്കരിച്ചിരുന്നത്." വേറൊരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു: "തറാവീഹും സുന്നത്താണ്. അതനുഷ്ഠിച്ചുകൊളളുവിൻ. ഇടയ്ക്കിടെ വീട്ടിൽ തനിച്ചും നമസ്ക്കരിക്കുക. കാരണം തറാവീഹ് യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരമാണ്. പുതിയൊരു നമസ്ക്കാരമല്ല. വിത്ർ താങ്കൾ നമസ്ക്കരിക്കുന്നതുപോലെ തന്നെ നമസ്ക്കരിച്ചു കൊള്ളുക.

?തറാവീഹ്, തഹജ്ജുദ് നമസ്ക്കാരമാണെങ്കിൽ 20 റക്അത്ത് നമസ്ക്കരിക്കുന്നതിനെ സംബന്ധിച്ച് എന്താണ് നിർദേശം? കാരണം തഹജ്ജുദ്, വിത്ർ ഉൾപ്പെടെ 11 റക്അത്താണല്ലോ?

"നബി(സ)തിരുമേനിയുടെ സ്ഥിരമായിട്ടുളള സുന്നത്ത് 8 റക്അത്താണ്. ആ മഹാത്മാവ് തഹജ്ജുദിന്റെ സമയത്തു തന്നെയാണ് നമസ്ക്കരിച്ചിരുന്നത്. ശ്രേഷ്ഠകരവും ഇതുതന്നെ. എന്നാൽ, ആദ്യ നേരത്തും നമസ്ക്കരിക്കുന്നത് അനുവദനീയമാണ്. നബി(സ) രാത്രിയുടെ ആദ്യ ഭാഗത്തു നമസ്ക്കരിച്ചിരുന്നതായി ഒരു രിവായത്തുണ്ട്. 20 റക്അത്ത് പിന്നീട് നമസ്ക്കരിക്കപ്പെട്ടതാണ്. എന്നാൽ നബി(സ)തിരുമേനിയുടെ സുന്നത്ത് ആദ്യം വിവരിച്ചതുതന്നെയാകുന്നു." (മൽഫൂദാത്ത് വാള്യം 10 പേജ് 113)

**ഇഅ്തികാഫ്**

"ഇഅ്തികാഫിൽ എങ്ങോട്ടും നടക്കാതെ ഉളളിൽതന്നെ ഇരിക്കണമെന്ന് നിർബന്ധമില്ല. പളളിയുടെ മുകളിൽ വെയിലുണ്ടാകും. അവിടെപ്പോയി ഇരിക്കാവുന്നതാണ്. ഇവിടെ താഴെ തണുപ്പ് കൂടുതലാണ്. ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങൾ സംസാരിക്കുകയും ചെയ്യാം. പാലിക്കേണ്ടുന്ന കാര്യങ്ങൾ എപ്പോഴും ശ്രദ്ധയിലുണ്ടാവണം. സത്യവിശ്വാസിയുടെ എല്ലാ കാര്യങ്ങളും ഇബാദത്തു തന്നെയാണ്."(മൽഫൂദാത്ത് വാള്യം 4 പേജ് 288)

? ഇഅ്തികാഫിൽ ഭൗതിക ഇടപാടുകളെക്കുറിച്ചു സംസാരിക്കാമോ?

ഒഴിച്ചു കൂടാനാവാത്തതാണെങ്കിൽ സംസാരിക്കാവുന്നതാണ്. രോഗിയെ കാണുന്നതിനും നിർബന്ധ കാര്യത്തിനുംവേണ്ടി വെളിയിലിറങ്ങാവുന്നതാണ്.(മൽഫൂദാത്ത് വാള്യം 9 പേജ് 196)

**തീവ്രയത്നം അനിവാര്യം**

"അല്ലാഹുത്തആല ഇസ്ലാംദീനിൽ 5 മുജാഹദാത്ത (തീവ്രയത്നങ്ങൾ) നിശ്ചയിച്ചിരിക്കുന്നു.

1. നമസ്ക്കാരം 2. നോമ്പ് 3. സക്കാത്ത്, സ്വദഖാത്ത് 4. ഹജ്ജ് 5. ഇസ്ലാമിന്റെ ശത്രുക്കളെ പ്രതിരോധിക്കൽ, വാളുകൊണ്ടാണെങ്കിലും വേണ്ടില്ല തൂലികകൊണ്ടാണെങ്കിലും വേണ്ടില്ല. ഈ അഞ്ചു തീവ്രയത്നങ്ങളും വിശുദ്ധ ഖുർആനിൽനിന്ന് സ്ഥാപിതമാകുന്നുണ്ട്. മുസ്ലിംകൾ അവയിൽ പരിശ്രമിക്കുകയും അവ പാലിക്കുകയും ചെയ്യേണ്ടതാണ്. ഈ നോമ്പ്, വർഷത്തിൽ ഒരു മാസമാണ്. ചില അഹ്‌ലുല്ലാഹ് (ദിവ്യാത്മാക്കൾ) ഐച്ഛികമായി അധികവും നോമ്പ് പിടിക്കാറുണ്ട്. അതിൽ അവർ കഠിനപ്രയത്നം നടത്തുന്നു. തുടർച്ചയായി നോമ്പെടുക്കുന്നതിന് വിരോധമൊന്നുമില്ല. അതായത് എന്നെന്നും നോമ്പെടുത്തുകൊണ്ടിരിക്കാൻ പാടില്ല. നഫ്ലിയായ നോമ്പുകൾ ഇടയ്ക്കിടെ പിടിക്കുക."(തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 263)

**വിവ: മൗലവി മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ**



# ദിവ്യജ്ഞാനവും ദൈവസംപ്രാപ്തിയും

മഹമൂദ് കൽക്കുളം

ദൈവികഗുണങ്ങൾ ആർജിച്ച് കൊണ്ടാണ്
മനുഷ്യൻ ആധ്യാത്മികമായി അഭിവൃദ്ധിപ്പെടുക

**മ**തങ്ങളുടെ അസ്ഥിവാരമുറപ്പിക്കപ്പെട്ടിരിക്കുന്നത് ദൈവവിശ്വാസത്തിലാണ്. ദൈവവിശ്വാസമാണ് ജീവിതത്തിന് വ്യക്തമായ കാഴ്ച്ചപ്പാടും ദിശാബോധവും നൽകുന്നത്. എന്നാൽ അപൂർണവും വികലവുമായ വിശ്വാസം സന്മാർഗവ്യതിയാനത്തിലകപ്പെടുത്തുന്നു. അഥവാ ഇസ്ലാംമതമുൾക്കൊള്ളുന്ന ഒരാൾ അനിവാര്യമായും ഏറ്റുപറയുന്ന ദൈവത്തിന്റെ ഏകത്വപ്രഖ്യാപനത്തിൽ അത് കലർപ്പുണ്ടാക്കിതീർക്കുന്നു. തന്മൂലം അയാളുടെ ആത്മീയോന്നമന പാതയിൽ കരിനിഴൽ വീഴ്ത്തുകയും ചെയ്യുന്നു. ഇത് സംബന്ധമായി വാഗ്ദത്ത മസീഹ് പറയുന്നു:

'*ഒരുവൻ അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്നതോട്കൂടി അവൻ സൃഷ്ടികളുടെ അവകാശങ്ങൾക്ക് ഹാനി വരുത്താതെ സൂക്ഷിക്കുന്നതിന് ബാദ്ധ്യസ്ഥനായി തീരുന്നു. ഏതൊരുവൻ തന്റെ സഹോദരന്റെ അവകാശത്തെ അപഹരിക്കുകയും അവനോട് വിശ്വാസഭംഗം പ്രവർത്തിക്കുകയും ചെയ്യുന്നുവോ അവൻ '**ലാ ഇലാഹാ ഇല്ലലാഹ്'** എന്ന തത്ത്വത്തിൽ വിശ്വസിക്കുന്നവനല്ല തന്നെ. ഏക ദൈവത്തിൽ വിശ്വസിക്കുക എന്നതിന്റെ താൽപര്യമാകട്ടെ അസൂയ, പക, ഢംഭ്, പരദൂഷണം വിശ്വാസ വഞ്ചന തുടങ്ങിയ ദോഷങ്ങളിലേക്ക് പ്രേരിപ്പിക്കുന്ന വിഗ്രഹങ്ങളെയെല്ലാം തന്റെ ഹൃദയത്തിൽ നിന്നും അകറ്റിക്കളയണമെന്നതാണ്. ഒരുവൻ അവയെല്ലാം ഹൃദയത്തിൽ നിന്ന് തുരത്തി പരിശുദ്ധത പാലിക്കാത്തിടത്തോളം **ലാ ഇലാഹ ഇല്ലല്ലാഹ്** എന്ന തത്ത്വത്തിൽ വിശ്വസിക്കുന്നുവെന്ന അവന്റെ പ്രസ്താവന ആത്മാർഥമാണെന്ന് വിചാരിച്ചുകൂടാ. അവൻ ദോഷങ്ങളെയെല്ലാം നിരാകരിക്കാതെ വെറും വായാൽ തന്റെ വിശ്വാസത്തെ പ്രസ്താവിക്കുന്നത് കൊണ്ട് യാതൊരു പ്രയോജനവുമില്ല. തന്റെ വികാരങ്ങൾ പ്രക്ഷുബ്ധമാകുന്ന അവസരത്തിൽ അസൂയയെയും വിദ്വേഷത്തെയും തന്റെ ദൈവങ്ങളാക്കിത്തീർക്കാത്തവരാരോ അവരാണ് കൂട്ടുകാരനില്ലാത്ത ഏകമാത്രനായി ഇരിക്കുന്ന സത്യദൈവത്തിൽ വിശ്വസിക്കുന്നവൻ. പ്ലേഗ് വിഷങ്ങൾ പരത്തുന്ന എലികളെ പോലെ മനുഷ്യന്റെ ഹൃദയത്തെ വിഷപൂർണമാക്കി തീർക്കുന്ന മിഥ്യാ ദൈവ സങ്കൽപ്പങ്ങളെല്ലാം നശിപ്പിക്കാതെകണ്ട് മനുഷ്യന് പാവന ശീലനായി തീരാൻ സാധിക്കുകയില്ല '(മൽഫൂസാത്ത്)*

### ദൈവദൂതന്മാരുടെ ദൗത്യം

വാസ്തവത്തിൽ സുദൃഢമായ ആസ്തിക്യബോധം ആത്മ വിശുദ്ധിയിലേക്കും ആത്മീയോദ്ഗതിയിലേക്കും മനുഷ്യനെ വഴിനയിക്കുകയാണ് ചെയ്യുന്നത്. ദൈവവിശ്വാസം മനുഷ്യഹൃദയങ്ങളിൽ സ്ഥാപിച്ചുറപ്പിക്കുന്നത് ദൈവദൂതന്മാരാകുന്നു. അവരുടെ നിയോഗോദ്ദേശ്യവും ഇതുതന്നെയാണ്. അഥവാ മനുഷ്യനെ തങ്ങളുടെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്ന കണ്ണികളാണവർ. തങ്ങൾക്ക് നൽകപ്പെടുന്ന സ്വച്ഛവും പ്രകാശമാനവുമായ അഭൗമിക ജ്ഞാനങ്ങൾ മുഖേന അന്ധവും സാങ്കൽപ്പികവുമായ വിശ്വാസങ്ങളിൽ നിന്ന് അവർ ജനങ്ങളെ കരകയറ്റുന്നു. അവർ ഇരുളിൽനിന്നും പ്രകാശത്തിലേക്ക് മാനവ കുലത്തെ ആനയിക്കുന്നു. '***നിങ്ങളെ സർവവിധത്തിലുള്ള അന്ധകാരങ്ങളിൽ നിന്നും മോചിപ്പിച്ച് പ്രകാശത്തിലേക്ക് നയിക്കുന്നതിന് വേണ്ടി തന്റെ ദാസന് സ്പഷ്ടമായ ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുത്തവനാണവൻ. അല്ലാഹു നിങ്ങളോട് തീർച്ചയായും വളരെ കൃപയുള്ളവനും കരുണാമയനുമത്രെ*** '*(വി. ഖുർആൻ 57:10)*

***'നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നിങ്ങളുടെ അടുത്തേക്ക് ഒരു ഉദ്ബോധകനെ ഇറക്കിയിരിക്കുന്നു ഒരു ദൂതനെ, അദ്ദേഹം നിങ്ങൾക്ക് അല്ലാഹുവിന്റെ വ്യക്തമായ ദൃഷ്ടാന്തങ്ങൾ വിവരിച്ചുതരുന്നു. വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവരെ എല്ലാവിധ അന്ധകാരങ്ങളിൽനിന്നും മോചിപ്പിച്ച് പ്രകാശത്തിലേക്ക് നയിക്കുന്നതിന്ന് വേണ്ടി' (വി.ഖുർആൻ 65:12)*** പ്രവാചകന്മാരിലൂടെയാണ് ജനഹൃദയങ്ങൾ സംസ്ക്കരിക്കപ്പെടുന്നത്. സമ്പൂർണമായ ആത്മ സംസ്ക്കരണത്തിന്റെ അനിവാര്യ ഫലം ദൈവസാക്ഷാൽക്കാരമാകുന്നു.

**കേവലബുദ്ധി അപര്യാപ്തം**

ചുരുക്കത്തിൽ ദിവ്യവെളിപാടുകളുടെ പ്രഭവകേന്ദ്രങ്ങളാകുന്നു ദൈവദൂതന്മാർ. സുബദ്ധവും കുറ്റമറ്റതുമായ ജീവിത വീക്ഷണഗ തിയുണ്ടാകുന്ന തോടൊപ്പം മനുഷ്യന് സൽപ്പന്ഥാവിലൂടെയുള്ള പ്രയാണത്തിന് വെളിച്ചമെന്നോണം സഹായകരമായി ത്തീരുന്നതും ദിവ്യവെളിപാടുകളാകുന്നു. ഈക്കാര്യത്തിൽ തങ്ങളുടെ ബുദ്ധി വൈഭവത്തെ മാത്രം ആശ്രയിക്കുന്നവർ പരാജിതരായി തീരുന്നു. യഥാർഥത്തിൽ മനുഷ്യന്റെ കേവല ബുദ്ധിയെ ദീപ്തവും ദോഷമുക്തവുമാക്കുന്നത് ദിവ്യ വെളിപാടുകളാണ്. ഇത് സംബന്ധിച്ച് ചിന്താർഹമായ ഉദാഹരണത്തിലൂടെ വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം വിശദീകരിക്കുന്നു. കാലോചിതമായും ഹിതാനുസൃതമായും ആകാശത്തിൽ നിന്ന് മഴയുണ്ടാകുന്നു എന്നത് പ്രകൃതിയിൽ നാം കണ്ടുവരുന്ന നിയമ വ്യവസ്ഥയാണല്ലോ. ഭൂമിയിൽ കാണുമാറാകുന്ന പച്ചളിപ്പിനും തഴപ്പിനും ആശ്രയമായിരിക്കുന്നത് വർഷജലമാകുന്നു. ആകാശത്ത് നിന്നും മഴയുണ്ടാകുന്നില്ലെങ്കിൽ ക്രമേണ കിണറുകളിൽ വെള്ളം വറ്റിപ്പോകുന്നു. ഇങ്ങനെ ഭൂമിയിലെ ജലത്തിനും വർഷജലത്തിനും തമ്മിൽ ഒരു ബന്ധവും ആകർഷണവും ഉണ്ടെന്ന് കാണാം. അതുകൊണ്ട് തന്നെയാണ് മഴ പെയ്താൽ കിണറുകളിൽ വെള്ളം പൊങ്ങി വരുന്നത്. എന്തെന്നാൽ ആകാശത്ത് നിന്നുള്ള വർഷജലം ഭൂമിയുടെ അടിയിലുള്ളവെള്ളത്തെ മുകളിലേക്ക് ആകർഷിച്ച് കൊണ്ട് വരുന്നു. ഇത്തരത്തിലുള്ള ഒരാകർഷണവും ബന്ധവുമാണ് ദൈവബോധനത്തിനും വിവേകബുദ്ധിക്കും തമ്മിലുള്ളത്. ദൈവിക ബോധനം സ്വർഗീയ ജലവും വിവേക ബുദ്ധിഭൗമിക ജലവുമാണെന്ന് പറയാം. ഭൂമിയിലെ വെള്ളം എപ്പോഴും മഴവെള്ളം കൊണ്ട് നിർമലമാക്കപ്പെടുന്നു. അതുപോലെ സ്വർഗീയ സലിലമാകുന്ന ദൈവവചനത്തിന്റെ വെളിപാട് നിലച്ചു പോകുന്നപക്ഷം ഭൗമിക ജലമാകുന്ന വിവേക ബുദ്ധി ശുഷ്ക്കമായിപ്പോവുന്നതാണ്. ദൈവവചനത്തിന്റെ സ്വീകർത്താവയ സത്യാത്മാവിന്റെ ആഗമനം കൊണ്ടനുഗൃഹീതമാകാതെ ഒരു ദീർഘകാലം കഴിഞ്ഞു പോകുന്നതായാൽ വർഷജലത്തിന്റെ അഭാവത്താൽ ഭൂമിയിലെ ജലം വറ്റി മലിനമായി തീരുന്ന പ്രകാരം മനുഷ്യന്റെ ബുദ്ധിയും ജ്ഞാനവും ദുഷിച്ചു പോകുന്നതാണ്. (ഇസ്‌ലാംമത തത്ത്വജ്ഞാനം)

**ഇസ്‌ലാമിന്റെ സവിശേഷത**

മതങ്ങളുടെ പരമ ലക്ഷ്യമായ ദൈവ സംപ്രാപ്തിയുടെ രാജ വീഥിയിലേക്ക് ആനയിക്കുന്നത് ഇസ്‌ലാം മതമാണ്. ഇസ്‌ലാം ദൈവിക മതമാണെന്നതിൽ പ്രബലമായ സാക്ഷ്യമാണിത്. ദൈവത്തിന്റെ സവിശേഷ ഗുണങ്ങളെ പറ്റി പ്രതിപാദിക്കുന്നതും ഇസ്‌ലാം മാത്രമാണ്. ദൈവം തന്റെ ദാസന്മാരുമായി ഏതു രൂപത്തിൽ സമ്പർക്കം പുലർത്തുന്നു എന്ന കാതലായപ്രശ്നത്തിന് ഇസ്‌ലാം ഉത്തരം നൽകുന്നു. **'റബ്ബുൽ ആലമീൻ'** അഥവാ സർവ പരിപാലകനായ ദൈവം മുഴുവൻ സൃഷ്ടി ജാലങ്ങൾക്കും അവയുടെ സൃഷ്ടിയുദ്ദേശ്യം അർഥ പൂർണമാക്കുന്നതിനുതകുന്ന പ്രകൃതിയും ഉപദർശനവും നൽകിയതാണവൻ. മനുഷ്യരാശിയുടെ ആത്മീയവും ഭൗതികവുമായ സംരക്ഷണത്തിന്നും അഭിവൃദ്ധിക്കുമുള്ളമാർഗോപാധികളും നിർണയിച്ചിരിക്കുന്നതും അവനാകുന്നു. ദൈവത്തിന്റെ അറ്റമില്ലാത്ത കാരുണ്യം നിമിത്തം നിലനിൽപ്പിനുള്ള സാധനസാമഗ്രികളെല്ലാം തയ്യാറാക്കിവെച്ചതിന് പുറമെ മനുഷ്യൻ തന്റെ അറിവും കഴിവും പരിപോഷിപ്പിക്കുന്നതിനും അപാകരഹിതമാക്കുന്നതിനുമുള്ള അവസരങ്ങൾ അവൻ തുറന്നിടുകയും ചെയ്തിരിക്കുന്നു. മനുഷ്യന്റെ സൽക്കർമങ്ങളും അദ്ധ്വാനങ്ങളുമൊന്നും ദൈവം പാഴാക്കിക്കളയുന്നില്ല. മറിച്ച് അവക്കല്ലാം അനുയുക്തമായ പ്രതിഫലം അവൻ നൽകുന്നു. ദൈവം സർവശക്തനും സർവജ്ഞനും സർവഗുണ സമ്പൂർണനും എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനെയും നിലനിർത്തുന്നവനുമാണ്. തന്റെ ദാസന്റെ വിലാപങ്ങൾ ശ്രവിക്കുകയും അവരെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നവനുമാണവൻ. തന്റെ പ്രീത ജനങ്ങളുടെ അർഥനകൾക്ക് അവൻ ഉത്തരം നൽകുന്നു. ഇസ്‌ലാം സമർപ്പിക്കുന്ന ദൈവത്തിന്റെ ചില ഗുണമാഹാത്മ്യങ്ങളാണ് മേൽ വിവരിച്ചത്. വാസ്തവത്തിൽ മനുഷ്യൻ തന്റെ രക്ഷിതാവിന്റെ പ്രീതി കൈവരിക്കുന്നതിനുള്ള മാർഗങ്ങളും തന്റെ ദാസരോടുള്ള ദൈവത്തിന്റെ സമീപനരീതികളും അവന്റെ സിഫത്തുകളിലൂടെയാണ് അറിയാൻ സാധിക്കുന്നത്.

ദൈവിക ഗുണങ്ങളുടെ സ്വാംശീകരണം ദൈവികഗുണങ്ങൾക്കനുരോധകമായി തന്റെ സ്വഭാവങ്ങളെരൂപപ്പെടുത്തുമ്പോഴാണ് സൃഷ്ടിയുദ്ദേശ്യം അന്വർഥമാക്കാൻ മനുഷ്യന് സാധിക്കുന്നത്. മനുഷ്യസൃഷ്ടിപ്പിന്റെ പരമമായ ലക്ഷ്യവും ഇതു തന്നെയാണ് . വിശുദ്ധഖുർആൻ പറയുന്നു: ***'അല്ലാഹുവിന്റെ വർണം*** പകർത്തുക എന്നതാകുന്നു. അതുപോലെ ദൈവത്തിൽ നിന്ന് ഇറക്കപ്പെട്ട മാർഗദർശനങ്ങളെ അനുപദം പിന്തുടർന്ന് ജീവിതം നയിക്കുകയും ചെയ്യുക. മനുഷ്യന്റെ നന്മക്കും മോക്ഷത്തിനും സർവോപരി ആത്മീയോൽക്കർഷത്തിനും ഇതല്ലാതെ മറ്റൊരു മാർഗവുമില്ല. എന്നാൽ സ്വന്തം ഇച്ഛകൾക്കനുസൃതമായി ചലിക്കുന്നവർ ഒടുവിൽ പരാജയത്തിലും നൈരാശ്യത്തിലുമാണ് അകപ്പെടുന്നത്.

**ലക്ഷ്യപ്രാപ്തി ദിവ്യഗുണ പരിജ്ഞാനത്തിലൂടെ**

ദൈവത്തിന്റെ സവിശേഷ ഗുണങ്ങളെകുറിച്ചുള്ള അവബോധം, ജീവിതത്തിന്റെ സകല മേഖലകളിലും സൂക്ഷ്മത പുലർത്താൻ മനുഷ്യനെ സന്നദ്ധനാക്കുന്നു. തന്റെ നിലനിൽപ്പിന് അനിവാര്യമായ സർവവും കനിഞ്ഞരുളിയവനാണ് ദൈവമെന്ന അറിവ് മനുഷ്യനെ കൃതാർഥനും വിനയാന്വിതനുമാക്കുന്നു. താൻ ചെയ്യുന്ന ചെറിയ പ്രവർത്തിക്കുപോലും അളവറ്റ അനന്തര ഫലമുണ്ടാക്കുന്നവനാണ് ദൈവമെന്ന അറിവ് മനുഷ്യനെ സക്രിയനും കർമോത്സുകനുമാക്കുന്നു. അനുഗ്രഹങ്ങളും വരദാനങ്ങളും നൽകുന്നവൻ ദൈവമാണെന്ന അറിവ്, ഉത്തുംഗ പദത്തിലെത്തിയ മനുഷ്യനെ പോലും നമ്രശിരസ്ക്കനും അഹംഭാവചിന്തകൾക്കിടം കിട്ടാത്ത മനസ്സിനുടമയുമാക്കിതീർക്കുന്നു. തന്റെ സൂക്ഷ്മാൽ

സൂക്ഷ്മങ്ങളായ ചലനങ്ങൾപോലും വീക്ഷിച്ചുകൊണ്ടിരിക്കുന്ന സർവജ്ഞനാണ് ദൈവമെന്ന അറിവ് മനുഷ്യനെ കപടനാട്യങ്ങളിൽ നിന്ന് വിരക്തനും നിസ്വാർഥനുമാക്കി തീർക്കുന്നു. സകല തരത്തിലുള്ള സന്ദിഗ്ധ ഘട്ടങ്ങളിൽനിന്നും മോചനം നൽകാൻ കഴിവുള്ള സർവ ശക്തനാണ് ദൈവമെന്ന അറിവ് മനുഷ്യനെ ദൈവത്തിലേക്ക് ചായുന്നവനും സമാധാന ചിത്തനുമാക്കി തീർക്കുന്നു. ചുരുക്കത്തിൽ ദൈവിക ഗുണങ്ങളെ സംബന്ധിച്ച അഭിജ്ഞത മനുഷ്യന്റെ ആത്മീയോദ്ഗതിക്ക് അനുപേക്ഷണീയമാകുന്നു. ദൈവജ്ഞാനത്തിൽ അഭിവൃദ്ധിപ്പെടുന്നതനുസരിച്ച് ദൈവഭയവും സൂക്ഷ്മതയും അധികരിക്കുകയും ചെയ്യുന്നു. വിശുദ്ധഖുർആൻ പറയുകയാണ്: ***'അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ'.( 35: 29)*** ദൈവിക ഗുണങ്ങളെ സംബന്ധിച്ച അജ്ഞതയും ശരിയായ ഉൾക്കാഴ്ച്ചയില്ലായ്മയുമാണ് പലരും സന്മാർഗപാതയിൽ വ്യതിചലിക്കാനിടയാകുന്നത്. ബനീ ഇസ്റായീല്യരിൽ ദൈവസാമീപ്യത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന 'ബൽ അം ബാആറ്' എന്ന ഒരു വ്യക്തി ഉണ്ടായിരുന്നു. അദ്ദേഹം പിന്നീട് കൃതഘ്നത കാണിക്കുകയും പിശാചിന്റെ കീഴ്പ്പെടുത്തലുകൾക്കടിമപ്പെടുകയും ചെയ്തു. തന്മൂലം സ്വന്തം നാശത്തിലേക്കുള്ള വഴി അദ്ദേഹം സ്വയം ഒരുക്കുകയായിരുന്നു. ഒരു ഗുണപാഠമെന്നോണം ഇയാളുടെ സംഭവം വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. ***'നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവനെ നാം ഉയർത്തുമായിരുന്നു എന്നാൽ അവൻ ഭൂമിയിലേക്ക് ചായുകയും സ്വേച്ഛയെ പിൻ പറ്റുകയുമാണുണ്ടായത്.' (വി. ഖുർആൻ: 7:177)*** നബി തിരുമേനി (സ)ക്ക് ഇറങ്ങിക്കൊണ്ടിരുന്ന ദിവ്യവെളിപാടുകൾ രേഖപ്പെടുത്താൻ നിയോഗി ക്കപ്പെട്ടിരുന്ന അബ്ദുല്ലാഹിബ്നു അബീ സർഹ് പിശാചിന്റെ ദുഷ്പ്രേരണയിൽ വശംവദനായിക്കൊണ്ട് നബി(സ)ക്ക് ലഭിക്കുന്ന ദിവ്യ വെളിപാടുകളിൽ തന്നെ സന്ദേഹം പ്രകടിപ്പിക്കാൻ തുടങ്ങി. അങ്ങനെ അയാൾ മതനിരാസത്തിലും നാശത്തിലും ചെന്നെത്തുകയുണ്ടായി. തനിക്ക് ലഭിച്ചിരുന്ന ദർശനങ്ങളുടെയും സ്വപ്നങ്ങളുടെയും അടിസ്ഥാനത്തിൽ തന്റെ സ്ഥാനത്തിൽ അഭിമാനം കൊണ്ടിരുന്ന സായി ആലം ദീൻ എന്നു പേരുള്ള ഒരാളെ വാഗ്ദത്ത മസീഹ്(അ) താക്കീത് ചെയ്യുകയും ഇത് മൂലം ഉണ്ടാകാനിടയുള്ള പതനത്തെക്കുറിച്ചുണർത്തിക്കൊണ്ട് അധികമായ പാപപ്പെറുതിയിലും പ്രാർഥനയിലും കഴിച്ചു കൂട്ടാൻ നിർദേശിക്കുകയുമാണുണ്ടായത്. ചുരുക്കത്തിൽ ദൈവത്തിന്റെ മഹത്തായ ഈ ഗുണങ്ങളെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച് അവബോധം, പാവനമായ ദിവ്യസരണിയിലൂടെയുള്ള പ്രയാണത്തിന് മനുഷ്യനെ ഉദ്യുക്തനാക്കുന്നുണ്ട്. ഇതുവഴി അവന്റെ ജീവിത ലക്ഷ്യം സഫലമാകുകയും ചെയ്യുന്നു.


MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**
English, French, Arabic, German, Bengali

**Translations on repeat**
Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

www.mta.tv

ജൂതജനതയും ആധുനിക കാലവും 5

# യഹൂദ സമൂഹവും സ്പെയിനും

എ. എം മുഹമ്മദ് സലിം

ക്രിസ്ത്യൻ വിസിഗോത്തുകൾ ഭരിച്ചിരുന്ന സ്പെയിനിൽ യഹൂദരുടെ ജീവിതം ദുസ്സഹമായിരുന്നു. എന്നാൽ മുസ്‌ലിം സ്പെയിൻ യഹൂദ ചരിത്രത്തിലെ സുവർണ കാലഘട്ടമായിട്ടാണ് അറിയപ്പെടുന്നത്. വീണ്ടും സ്പെയിൻ ക്രിസ്ത്യൻ രാജഭരണത്തിൽ വന്നപ്പോൾ പീഡനപർവം പുനരാരംഭിക്കുകയായിരുന്നു.

യഹൂദ പീഡനത്തിന്റെ കിരാത പർവങ്ങൾ അരങ്ങേറിയ മദ്ധ്യകാല യൂറോപ്പിൽ, ഐബീരിയൻ പെനിസുലയിലെ മുസ്‌ലിം സ്പെയിൻ (അൽ അന്തലൂസ്) ആയിരുന്നു യഹൂദരുടെ രക്ഷാഗേഹം. ക്രിസ്ത്യൻ വിസിഗോത്തുകളുടെ ദുർഭരണത്തിലും പീഡനത്തിലും വീർപ്പുമുട്ടിക്കഴിയുകയായിരുന്ന യഹൂദർ ജയശാലികളായ അറബ് മുസ്‌ലിംകളേയും വടക്കനാഫ്രിക്കയിലെ ബർബർ മുസ്‌ലിംകളെയും സ്പെയിനിലേക്ക് ഭരണമേറ്റടുക്കാൻ ക്ഷണിക്കുകയായിരുന്നു. മുസ്‌ലിംകൾ കീഴടക്കിയ കോർഡോബാ, മലാഗ, ഗ്രനഡ, സെവില്ലീ മുതലായ നഗരങ്ങളുടെ ഭരണചുമതല യഹുദർക്ക് തന്നെ മുസ്‌ലിംകൾ ഏൽപ്പിച്ചുകൊടുക്കുകയും അവരെ സയുധരാക്കുകയും ചെയ്തു. എ. ഡി 912 ൽ അബ്ദുർ റഹ്മാൻ മൂന്നാമന്റെയും അദ്ദേഹത്തിന്റെ മകൻ അൽ ഹക്കം രണ്ടാമന്റെയും ഭരണകാലത്ത് കോർഡോബയിലെ ഉമവിയ്യാ ഖിലാഫത്തിന്റെ സേവനത്തിനായി യഹൂദർ സ്വയം സമർപ്പിതരായി. ശാസ്ത്ര പഠനത്തിനും, അറബി ഗ്രന്ഥങ്ങൾ യൂറോപ്യൻ ഭാഷയിലേക്കും ഇതര ഭാഷാ ഗ്രന്ഥങ്ങൾ അറബിയിലേക്കുമുള്ള വിവർത്തനങ്ങൾക്ക് യഹൂദ പണ്ഡിതന്മാർ ഗണ്യമായ സംഭാവനകൾ നൽകി. വാണിജ്യം, വ്യവസായം, സിൽക്ക്, വ്യാപാരം എന്നീ മേഖലകളിൽ യഹൂദ സമുദായം സ്പെയിനെ വളരെയേറെ മുന്നോട്ടു കൊണ്ടു പോയി. അവിടെ യഹൂദർ യാതൊരു വിധ പക്ഷപാതിത്വവും അനുഭവിച്ചില്ല. സമൂഹത്തിന്റെ മുഖ്യധാരയിൽ സഹപൗരന്മാരുമായി തോളോടുതോൾ ചേർന്ന് അവർ പ്രവർത്തിച്ചു. പ്രതാപത്തോടെയും സമ്പൂർണ സ്വാതന്ത്ര്യത്തോടെയുമായിരുന്നു യഹൂദർ അവിടെ കഴിഞ്ഞിരുന്നത്. മദ്ധ്യകാല ഘട്ടത്തിൽ യഹൂദ പ്രതിഭകൾ തളിർത്തതും പുഷ്ക്കലമായതും മുസ്‌ലിം സ്പെയിനിലായിരുന്നു.The Jews of Spain എന്ന പുസ്തകത്തിൽ Rabbi Ken Spiro എന്ന യഹൂദ പണ്ഡിതൻ ബെബിൾ ഉൽപ്പത്തിയിലെ പ്രവചനമാണ് മുസ്‌ലിം സ്പെയിനിൽ പുലർന്നതെന്ന് പറയുന്നു. അതായത് *'നീ നിന്റെ ദേശത്തെയും നിന്റെ ബന്ധുക്കളെയും നിന്റെ പിതൃഭവനത്തെയും വിട്ട് ഞാൻ നിനക്ക് കാണിച്ചു തന്ന ദേശത്തേക്ക് പോകുക. നിന്നെ ഞാൻ ഒരു വലിയ ജനതയാക്കും; ഞാൻ നിന്നെ അനുഗ്രഹിക്കുകയും നിന്റെ നാമം മഹനീയമാക്കുകയും ചെയ്യും അങ്ങനെ നീ ഒരനുഗ്രഹമായി തീരും. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നീ നിമിത്തം ഭുമിയിലെ എല്ലാ കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും'(ഉൽപ്പത്തി12: 1–3)* എന്നതായിരുന്നു ആ പ്രവചനം

യഹൂദ സ്പെയിൻ ക്രിസ്ത്യാനികളുടെ കയ്യിലമർന്നപ്പോൾ അവിടെ നിന്ന് ആട്ടിയോടിക്കപ്പെട്ട യഹൂദർ യുറോപ്പിലെ നാനാദിക്കിലേക്കും കുടിയേറിപ്പാർത്തു. യൂറോപ്പിലെ എല്ലാ രാജ്യങ്ങളും യഹൂദരെ ആട്ടിയകറ്റി. പിന്നീട് യൂറോപ്യർ കച്ചവട സംബന്ധമായും ബാങ്കിങ്ങ് സംരഭങ്ങൾക്കും വേണ്ടി തങ്ങളുടെ താൽപര്യത്തെ മുൻനിർത്തിയാണ് യുറോപ്പിലേക്ക് അവരെ പ്രവേശിപ്പിച്ചത്. സ്പെയിനിലെ ക്രിസ്ത്യാനികളുടെ യഹൂദവേട്ട പേടിച്ച് ഒരു വിഭാഗം യഹൂദർ ക്രിസ്തുമതം സ്വീകരിച്ചെങ്കിലും മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായി തീർന്ന യഹൂദരെ പോലും സ്പെയിനിൽ നിന്ന് നാടു കടത്തുകയാണുണ്ടായത്.

ക്രിസ്തുമതം സ്വീകരിച്ച യഹൂദർ മെറാനോ ((Merranos) എന്നാണ് അറിയപ്പെടുന്നത്. **'പന്നി'** എന്നാണ് ഇറ്റാലിയൻ ഭാഷയിൽ ആ പദത്തിന്റെ പ്രാഥമിക വ്യവഹാരികാർഥം. സ്പാനിഷ് ഭാഷാ പദങ്ങളിൽ വളരെയധികം സ്വാധീനം ചെലുത്തിയ അറബി ഭാഷ തന്നെയാണ് ഈ പദത്തിന്റെ മൂലപദം. **'***മുഹർറം* **'** അഥവാ നിരോധിക്കപ്പെട്ടത് എന്ന അറബി പദത്തിൽ നിന്നാണ് മെറാനോ എന്ന സ്പാനിഷ് പദം നിഷ്പന്നമായത്. പന്നി മാംസം മുസ്‌ലിംകളും യഹൂദരും ഒരുപോലെ മതപരമായി നിഷിദ്ധമാക്കിയതാണല്ലോ. അത് കൊണ്ട് അറബിഭാഷയുടെ സ്വാധീനത്താൽ നിരോധിത വസ്തു, നികൃഷ്ട വസ്തു എന്നീ അർഥങ്ങളിൽ പന്നിയെ സ്പാനിഷ് ഭാഷയിൽ മെറാനോ എന്നാണ് ഇപ്പോഴും വിളിക്കുന്നത്. ആ പേരിൽ തന്നെയാണ് ക്രിസ്തുമതത്തിലേക്ക് പരിവർത്തിതരായ ജൂത ക്രിസ്ത്യാനികളേയും വിളിച്ചിരുന്നത് എന്നത് യഹൂദരോടുള്ള യൂറോപ്യൻ ക്രിസ്ത്യാനികളുടെ പുഛം കലർന്ന പരിഹാസവും മുൻ വിധിയും തന്നെയാണ് വ്യക്തമാക്കുന്നത്. യഹൂദരോടുള്ള മദ്ധ്യകാല ക്രിസ്ത്യാനികളുടെ എതിർപ്പ് മതപരം എന്നത് പോലെ വംശീയവുമായിരുന്നു. പൊതുവേ ക്രിസ്തുമതത്തിലേക്ക് നിർബന്ധിത മതപരിവർത്തനം ചെയ്ത യഹൂദരെയാണ് മെറാനോകൾ എന്ന് പറയുന്നത്. അപ്രകാരം ക്രിസ്തു



തോമസ് ടൊർക്കുമാട



ഫെർഡിനാഡ്



ഇസബെല്ല

മതത്തിലേക്ക് നിർബന്ധപൂർവം മതം മാറ്റിയ മുസ്ലിംകളെ മൊറിസ്ക്കോസ് (Morisco) എന്നാണ് വിളിച്ചിരുന്നത്. പക്ഷേ മുസ്ലിം പരിവർത്തിതരെ വിശേഷിപ്പിക്കുന്ന മൊറിസ്ക്കോ എന്ന പദത്തിന്റെ ഉദ്ഭവം മൂറുകൾ (വടക്കനാഫ്രിക്കയിലെ മൗറിത്താനിയൻ മുസ്ലിംകൾ) എന്ന പദത്തിൽ നിന്നാണ് വന്നത്. മെറാനോകൾ രഹസ്യത്തിൽ ജൂത മതം ആചരിച്ചുവന്ന ക്രിപ്റ്റോ ജൂതന്മാർ (Crypto Jews) ആയിരുന്നു. എങ്കിലും മെറാനോകൾ ക്രിസ്ത്യാനികൾ എന്ന നിലയിൽ ക്രിസ്തീയ സ്പെയിനിൽ ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചു. ബാങ്കിങ്ങ് വാണിജ്യ രംഗങ്ങളിൽ മാത്രമല്ല രാജകീയ കുടുംബങ്ങളിൽ വിവാഹബന്ധം സ്ഥാപിക്കുകയും ക്രിസ്തീയ സഭകളിൽ ബിഷപ്പുമാരും വൈദികരുമായി അവർ നിയമിക്കപ്പെടുകയും ചെയ്തു. ക്രമേണ ഇത് ക്രിസ്തീയർക്കിടയിൽ തന്നെ വമ്പിച്ച എതിർപ്പുകൾക്ക് കാരണമായി. യഹുദർക്കെതിരെ പകയും വിദ്വേഷവും അസഹിഷ്ണുതയും പതഞ്ഞുപൊങ്ങി. ക്രിസ്ത്യാനികൾ മെറാനോ പ്രശ്നം ഒരു വലിയ വിവാദമാക്കി. രഹസ്യത്തിൽ യഹൂദമതം ആചരിക്കുന്ന മെറാനോകൾ ക്രിസ്തുമതത്തെ തുരങ്കം വെക്കാൻ ഗൂഢാലോചന നടത്തുന്നവരാണെന്ന ആരോപണം കൊടുമ്പിരിക്കൊണ്ടു. 1482 ൽ സ്പാനിഷ് ചർച്ച് മെറാനോകളെ വേദവിപരീതം (Heresy) കണ്ടെത്താൻ തോമസ് ടൊർക്കുമാട (Tomas Torquemada- 1420-1498) എന്ന വൈദിക പ്രമുഖന് ഇങ്ക്വിസിഷൻ നൽകാനുള്ള അധികാരം നൽകി നിയോഗിച്ചു. നിരവധി മെറാനോകളെ യമപുരിക്കയച്ചു കൊണ്ട് ടൊർക്കുമാട ക്രിസ്തുമതത്തെ ശുദ്ധീകരിച്ചു. ബാക്കിയുള്ള മെറാനോകളും അല്ലാത്തവരുമായ യഹൂദരെ സ്പെയിനിൽ നിന്ന് പുറത്താക്കാൻ പോപ്പിനോട് അഭ്യർഥിക്കുകയും ചെയ്തു. പക്ഷേ പോപ്പ് ഈ അഭ്യർഥന ചെവിക്കൊണ്ടില്ല. അതിന് ശേഷം സ്പെയിനിലെ ഭരണാധികാരിയായ ഇസബെല്ല രാജ്ഞിയെയും ഫെർഡിനാൻഡ് രാജാവിനെയും സമീപിച്ച് ടെർക്കുമാട യഹൂദികളെ പുറത്താക്കാനുള്ള അഭ്യർഥന നടത്തി. ഇസബെല്ലയുടെ കുമ്പസാരം സ്വീകരിക്കുന്ന വൈദികനായിരുന്ന ടൊർക്കുമാട ആ നിലക്ക് കൊട്ടാര വൃത്തങ്ങളിൽ അസാമാന്യമായ സ്വാധീനവും പേപ്പൽ അധികാര മുള്ള വ്യക്തിയായിരുന്നു. ടൊർക്കുമാട യുടെ അഭ്യർഥന പ്രകാരം യഹൂദരെ പുറത്താക്കാനുള്ള ഉത്തര വിറക്കിയെങ്കിലും ഇസബെല്ല അത് നടപ്പാക്കിയില്ല. അതിന് കാരണം ഇസബെല്ലാ രാജ്ഞിയുമായി അബ്രഹാം സീനിയർ എന്ന ഒരു യഹൂദ പ്രമാണിക്കുണ്ടായിരുന്ന അടുപ്പമായിരുന്നു. അബ്രഹാം സീനിയറായിരുന്നു ഇസബെല്ലായും ഫെർഡിനാഡു മായുള്ള വിവാഹം ഏർപ്പാടാക്കിയത്. അവസാനം ടൊർക്കുമാടയുടെ അന്യാദൃശമായ ഇച്ഛാശക്തിക്ക് മുമ്പിൽ ഇസബെല്ല മുട്ടുമടക്കുകയായിരുന്നു. ഇത് സംബന്ധിച്ച് രസകരമായൊരു കഥയുണ്ട്.

സ്പെയിനിൽ നിന്ന് യഹൂദരെ പുറത്താക്കാനുള്ള ഉത്തരവ് പുറത്തിറക്കിയപ്പോൾ സ്പെയിനിലെ ധനമന്ത്രിയും പുരോഹിതനുമായ ഡോൺ ഇസ്ഹാക്ക് അബ്രവേനൽ എന്ന യഹൂദൻ ഇസബെല്ലയെ രഹസ്യത്തിൽ സമീപിച്ചു. പ്രസ്തുത ഉത്തരവ് പിൻവലിച്ചാൽ വൻതോതിൽ സ്വർണം നൽകാമെന്ന് വാഗ്ദാനം ചെയ്തു. ഈ രഹസ്യ സംഭാഷണം കൊട്ടാരത്തിൽ വെച്ച് ഒരുമുറിക്കകത്ത് നടക്കുമ്പോൾ ഇത് മണത്തറിഞ്ഞ ടൊർക്കുമാട കയ്യിൽ ഒരു കുരിശുമായി മുറിയുടെ വാതിൽ തള്ളി തുറന്ന് പ്രവേശിക്കുകയും കയ്യിലുണ്ടായിരുന്ന ഒരു കുരിശ് ഉയർത്തി ഇപ്രകാരം അട്ടഹസിക്കുകയും ചെയ്തു. 'മുപ്പത് വെള്ളിക്കാശിന് രക്ഷകനെ ഒറ്റിക്കൊടു ത്ത യൂദാസിനെ ഓർക്കുക. നിങ്ങൾ ഈ യഹൂദരുമായി രഹസ്യക്കരാറിൽ ഏർപ്പെടുകയാണെങ്കിൽ രക്ഷകനായ യേശുവിനെ അല്പം നാണയ തുട്ടുകൾക്ക് വിൽക്കുകയാണെന്നോർ ക്കുക.!' പേടിച്ച് വിറച്ച് ഇസബെല്ല യഹൂദികളെ സ്പെയിനിൽ നിന്ന് പുറത്താക്കാനുള്ള ഉത്തരവ് ഉടൻ നടപ്പാക്കുകയാണുണ്ടായത്. സ്പെയിനിൽ അവശേഷിച്ച ഒന്നര ലക്ഷം ജൂതന്മാർ ഇസ്ഹാക്ക് അബ്രവേനലിന്റെ നേതൃത്വത്തിൽ പുറത്തുപോയി തുർക്കി, നോർത്താഫ്രിക്ക, ഈജിപ്ത് , ഫ്രാൻസ്, പോളണ്ട്, ഇറ്റലി അമേരിക്ക യൂറോപ്പിന്റെ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിൽ അധിവാസമുറപ്പിച്ചു. തുർക്കി സാമ്രാജ്യത്തിന് കീഴിലും നോർത്താഫ്രിക്കയിലും യഹൂദികൾക്ക് യാതൊരു പീഡനങ്ങളും വിവേചനവും അനുഭവപ്പെട്ടില്ല. യൂറോപ്പ് വീണ്ടും പീഡനങ്ങളുടെ അവസാനിക്കാത്ത അമാവാസിയാണ് യഹൂദർക്ക് സമ്മാനിച്ചത്.



വില്യം ഷേക്സ്പിയർ



ജൂത വ്യാപാരി ശൈലോക്ക് ചിത്രകാരന്റെ ഭാവനയിൽ

ഇംഗ്ലീഷ് സാഹിത്യത്തിൽ എലിസബത്തൻ കാലഘട്ടത്തിലെ അനശ്വര കവി വില്യം ഷേക്സ്പിയർ ഈ ക്രൈസ്തവ യഹൂദ ശാത്രവത്തെ വെനീസിലെ വ്യാപാരി എന്ന നാടകത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്.

ക്രിസ്ത്യാനിയും മാന്യനുമായ അന്റോണിയോയെ നായക സ്ഥാനത്തും പലിശ വ്യാപാരിയും ക്രിസ്ത്യാനികളോട് കുടിപ്പകയുമായിക്കഴിഞ്ഞിരുന്ന ശൈലോക്ക് എന്ന ജൂത കഥാപാത്രം പ്രതിനായകനുമാണ് ഈ നാടകത്തിൽ. ബെസാനിയോ എന്ന സ്നേഹിതന് വേണ്ടി കടം വാങ്ങുന്ന ക്രിസ്ത്യാനിയായ അന്റോണിയോ കടം തിരിച്ചടക്കുന്നതിൽ പരാജയപ്പെട്ടാൽ നെഞ്ചിൽ നിന്നും ഒരു മാംസക്കഷണം മുറിച്ചെടുക്കും എന്നായിരുന്നു കരാർ. വിധിവശാൽ പണം തിരിച്ചടക്കുന്നതിൽ പരാജയപെട്ട അന്റോണിയോ ശൈലോക്കിന്റെ കരാള ഹസ്തങ്ങളിൽ അമരുകയും അവിടെ നിന്ന് വളരെ നാടകീയമായി രക്ഷപ്പെടുന്നതുമാണ് നാടകത്തിലെ ഇതിവൃത്തം. ജൂതന്മാർക്ക് ക്രിസ്ത്യാനികളോടുള്ള വെറുപ്പും വിദ്വേഷവുമാണ് ഈ നാടകത്തിന്റെ പശ്ചാത്തലം. അതിലെ ഒരു സംഭാഷണ ശകലം ഇങ്ങനെയാണ്.

**Bassanio**: If it please, you dine with us
**Shylock**: Yes you smell pork; to eat of the habitation which your prophet the Nazarite conjure the
devil into. I will buy with you, sell with you, talk with you and so following, but I will not eat with you, drink with you, nor pray with you.....I hate him for he is a Christian

**ബസ്സാനിയോ**: (അന്റോണിയോയുടെ സ്നേഹിതൻ) താങ്കൾ ഇഷ്ടുമെങ്കിൽ ഞങ്ങളുടെ ഭക്ഷണം കഴിച്ചാലും.

**ശൈലോക്ക്**: അതേ പന്നിയുടെ നാറ്റം സഹിക്കാൻ, പന്നിക്കൂട്ടത്തിലേക്ക് പിശാചിനെ ആവാഹിച്ച നിന്റെ നസ്റേത്തുകാരനായ പ്രവാചകന്റെ (യേശു)പ്രദേശത്തെ തീറ്റ; ഞാൻ നിന്നോടൊപ്പം വാങ്ങും, വിൽക്കും, സംസാരിക്കും അതുപോലയെല്ലാം ചെയ്യാം .എന്നാൽ ഞാൻ നിന്നോടൊപ്പം തിന്നില്ല, കുടിക്കില്ല, പ്രാർഥിക്കുകയില്ല... ഒരു ക്രിസ്ത്യാനിയായതിനാൽ ഞാൻ അവനെ വെറുക്കുന്നു.

യഹൂദർക്ക് ക്രിസ്ത്യാനി കളോടുള്ള പകയും മതപരമായ മുൻവിധിയും ഈ സംഭാഷണത്തിൽ കാണാം. യേശു ഗദറായുടെ ദേശത്തെത്തിയപ്പോൾ പിശാചു ബാധിച്ച രണ്ടുപേരെ കാണുകയും അവരുടെ ദേഹത്തുള്ള പിശാചിനെ അടുത്ത പന്നിക്കൂട്ടത്തിലേക്ക് ആവാഹിച്ചയക്കുകയും ചെയ്ത സംഭവം ബൈബിൽ പുതിയ നിയമം മത്തായി: 8: 29-32 ൽ കാണാം. പന്നിയെ നിഷിദ്ധ വസ്തുവായി കാണുന്ന യഹൂദനായ ശൈലോക്ക് യേശു പന്നിയെ തിന്നുകയും അത് വളർത്തുന്ന ദേശത്ത് വസിക്കുകയും ചെയ്യുന്നവനാണെന്ന് ധ്വനിപ്പിച്ചുകൊണ്ട് ക്രിസ്ത്യാനിയായ അന്റോണിയോവിനേയും ബസാനിയോവിനെയും ക്രൂരമായി പരിഹസിക്കുകയാണ്. ക്രിസ്ത്യാനിയായതിനാൽ മാത്രം അവരെ വെറുക്കുന്ന യഹൂദ മനഃശ്ശാസ്ത്രമാണ് ഷേക്സ്പിയർ ഇവിടെ തുറന്നു കാട്ടുന്നത്. ●

(തുടരും)

Reference:
1 Jews God and History - Max. I. Dimond
2 Religious encyclopeadea - Under Jewish Thought and Philosophy, 3 Story of Civilisation - Will Durant, 4 The Merchnt of Venice - William Shakespeare

## വെറുക്കപ്പെട്ടവൻ

ആയിശ (റ) ൽ നിന്ന് നിവേദനം: നബി(സ) അരുളി ചെയ്തു: തീർച്ചയായും ജനങ്ങളിൽ വെച്ച് അല്ലാഹുവിങ്കൽ ഏറ്റവും വെറുക്കപ്പെട്ടവൻ കുതർക്കം നടത്തുന്ന വനും പിടിവാശിക്കാരനുമാണ്. **(ബുഖാരി)**



# അത്തിവൃക്ഷത്തിന്റെ ഉപമ

അബൂ സൈറസ്, പത്തപ്പിരിയം

അത്തിവൃക്ഷത്തോട് ഉപമിച്ചിരിക്കുന്നത് യഹൂദ ജനതയെയാണ്. ആത്മീയമായി നശിച്ച യഹൂദ ജനത പിന്നീട് ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ അവതരിക്കുന്ന വാഗ്ദത്ത മസീഹിനെ വിശ്വസിക്കാനുള്ള സന്ദേശം ഉൾക്കൊള്ളുന്ന വിശുദ്ധ വചനങ്ങൾ ലേഖകൻ വിശദീകരിക്കുന്നു.

അല്ലാഹു ഒരു ഉപമ എങ്ങനെ വിവരിച്ചിരിക്കുന്നു എന്ന് നീകണ്ടില്ലേ?(അതായത്) ഒരു പരിശുദ്ധ വചനത്തെ നല്ല വൃക്ഷത്തോട് (ഉപമിച്ചിരിക്കുന്നത്) അതിന്റെ അടിവേര് ഉറച്ച് നിൽക്കുന്നതും അതിന്റെ ശാഖകൾ ആകാശത്തിൽ (ഉയർന്ന് നിൽക്കുന്നതും) ആണ്. അതിന്റെ നാഥന്റെ കല്പന പ്രകാരം അത് അതിന്റെ ഫലങ്ങൾ സദാ നൽകിക്കൊണ്ടിരിക്കും. മനുഷ്യൻ ചിന്തിച്ചു ഗ്രഹിക്കുന്നതിനായി അല്ലാഹു ഉപമകൾ വിവരിക്കുന്നു. ഒരു ചീത്ത വചനത്തിന്റെ ഉപമ ഒരു ചീത്ത വൃക്ഷം പോലെയാണ്. ഭൂമിയുടെ ഉപരിതലത്തിൽ നിന്ന് അത് പിഴുതെറിയപ്പെട്ടിരിക്കുന്നു. അതിന് യാതൊരു അടിയുറപ്പുമില്ല. (വി: ഖുർആൻ 14: 25-27)

**വാ**ഗ്ദത്ത മഹ്ദി മസീഹ് (രണ്ടാം മിശിഹ) ഹദ്റത്ത് അഹ്മദ്(അ) താൻ ഒരു വിത്ത് പാകാനായി നിയോഗിക്കപ്പെട്ടവനാണെന്നും അത് വളർന്നുവരുകയും യഥാകാലം പൂക്കുകയും ഫലം നൽകുകയും ചെയ്യുമെന്നും പലതവണ പ്രഖ്യാപിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്രകാരം പറയുന്നു:

'*ഞാൻ ഒരു ബീജാവാപം ചെയ്യുവാനായി വന്നിരിക്കുന്നു. അതു ഇനി വളർന്നുവരികയും യഥാകാലം പൂക്കുകയും കായ്ക്കുകയും ചെയ്യും' (തദ്കിറത്തുശ്ശഹാദത്തൈൻ, പേജ്. 65)*

മറ്റൊരിടത്ത് അദ്ദേഹം ഇപ്രകാരം പറയുന്നു:

'*നിങ്ങൾ ദൃഢമായും അറിഞ്ഞുകൊൾവിൻ! ഇത് ദൈവകരത്താൽ നടപ്പെട്ട ചെടിയാകുന്നു. ദൈവം ഒരിക്കലും അതിനെ വ്യർഥമാക്കികളയുകയില്ല. ഇതിനെ അതിന്റെ വിജയ പൂർണിമയിലെത്തിക്കുന്നത് വരെ അവൻ തൃപ്തിപ്പെടുകയില്ല. അവൻ അതിന്മേൽ വെള്ളം ഒഴിക്കുകയും അതിനെ വളർത്തുകയും അതിന്റെ ചുറ്റും രക്ഷാ വേലി കെട്ടുകയും ചെയ്യും. അങ്ങനെ എന്റെ അനുയായികളെ അദ്ഭുതകരമായ പുരോഗതിയും അഭിവൃദ്ധിയും നൽകിയനുഗ്രഹി ക്കുകയും ചെയ്യും '( റൂഹാനി ഖസായിൻ വാല്യം 2, പേജ്.64)*

ഇപ്രകാരം തന്നെ യേശു ക്രിസ്തുവും അത്തിമരത്തിന്റെ ഉപമയിലൂടെ ഇസ്റായേൽ ജനതയുടെ സ്ഥിതി വിവരിക്കുന്നുണ്ട്. അദ്ദേഹം പറയുന്ന ഒരു ഉപമ ശ്രദ്ധിക്കുക:

'*അവൻ ഒരു ഉപമയും പറഞ്ഞു. ഒരുത്തൻ തന്റെ മുന്തിരിത്തോട്ടത്തിൽ നട്ടിരുന്നൊരു അത്തി വൃക്ഷം ഉണ്ടായിരുന്നു. അവൻ അതിൽ ഫലം തിരഞ്ഞു വന്നെങ്കിലും കണ്ടില്ലതാനും. അവൻ തോട്ടക്കാരനോടു: ഞാൻ ഇപ്പോൾ മൂന്നു സംവത്സരങ്ങളായി ഈ അത്തിയിൽ ഫലം തിരഞ്ഞുവരുന്നു കാണുന്നില്ലതാനും അതിനെ വെട്ടിക്കളയുക, അതു നിലത്തെ നിഷ്ഫലമാക്കുന്നതു എന്തു എന്നു പറഞ്ഞു. അതിനു അവൻ: കർത്താവേ, ഞാൻ അതിന്നു ചുറ്റും കിളച്ചു വളം ഇടുവോളം ഈ ആണ്ടു കൂടി നിൽക്കട്ടെ. മേലാൽ കായ്ച്ചില്ലെങ്കിലോ-ഇല്ലെങ്കിൽ വെട്ടിക്കളയാം. എന്ന് ഉത്തരം പറഞ്ഞു.(ലൂക്കോ 13: 6-8)*

ഫലം നൽകാത്ത ഒരു അത്തി മരത്തെ യേശുക്രിസ്തു ശപിക്കുന്നത് ശ്രദ്ധിക്കുക.

രാവിലെ അവൻ നഗരത്തിലേക്ക് മടങ്ങി പോകുന്ന സമയം വിശന്നിട്ടു വഴിയരികിൽ ഒരു അത്തി വൃക്ഷം കണ്ടു. അടുക്കെ ചെന്നു. അതിലെ ഇലയല്ലാതെ ഒന്നും കാണായ്കയാൽ ഇനി നിന്നിൽ ഒരു നാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്നു അതിനോടു പറഞ്ഞു: ക്ഷണത്തിൽ അത്തി ഉണങ്ങിപ്പോയി (മത്തായി-21:18-19). യേശുക്രിസ്തുവിനെ പോലെ കാരുണ്യമൂർത്തിയായ ഒരു പ്രവാചകൻ ഒരു നേരം വിശന്നപ്പോൾ, ഫലം നൽകിയില്ല എന്ന കാരണത്താൽ ഒരു മരത്തെ ശപിച്ചിട്ട് ഉണക്കിക്കളഞ്ഞുവോ? ചിന്തിക്കേണ്ട കാര്യമാണ്. അതും നാൽപ്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ വ്രതമനുഷ്ഠിച്ച് പിശാചിനാൽ പരീക്ഷണ വിധേയനായപ്പോൾ '*മനുഷ്യൻ അപ്പംകൊണ്ട് മാത്രമല്ല, ദൈവത്തിന്റെ വായിൽക്കൂടി വരുന്ന സകല വചനങ്ങൾ കൊണ്ടും ജീവിക്കുന്നു.' (മത്താ:4:2-4)* എന്നു പ്രഖ്യാപിച്ച മഹാനായ പ്രവാചകനിൽ നിന്ന് ഇപ്രകാരമൊരു ശാപ വചനം വരുമോ? ഒരിക്കലുമില്ല. അപ്പോൾ അത്തിമരം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നതെന്താണെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ബൈബിൾ അദ്ധ്യാപനങ്ങളിൽ പല ഭാഗങ്ങളിലും അത്തി വൃക്ഷം യഹൂദ ജനതയുടെ പ്രതീകമായികാണപ്പെടുന്നു, ഉദാഹരണത്തിനായി താഴെ കൊടുത്ത ബൈബിൾ വചനം ശ്രദ്ധിക്കുക:

'*അത്തിവൃക്ഷത്തിൽ ആദ്യമുണ്ടായ തലക്കനിപോലെ ഞാൻ നിങ്ങളുടെ പിതാക്കന്മാരെ കണ്ടു'*

*(ഹോശേയ:9:10)* കൂടുതൽ സാക്ഷ്യത്തിലേക്കായ് യിരെമ്യാവ് 24-ാം അദ്ധ്യായവും യോവേൽ 1:7 ഉം വായിക്കുക)

ബൈബിൾ ഉപമ രൂപേണ പറയപ്പെട്ട അത്തി വൃക്ഷം യഹൂദ ജനതയെ പ്രതിനിധാനം ചെയ്യുന്നു. എന്ന് പ്രസ്തുത വാക്യങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

ഫലഭൂയിഷ്ഠമായ കാനാനിൽ (ഫലസ്തീനിൽ) തഴച്ചു വളരുന്ന അത്തി വൃക്ഷം എന്ന ഇസ്റയേൽ ജനത ഭൗതികമായി അധഃപതിക്കുകയും ആത്മീയ ഫലം നൽകാതെ അഹങ്കാരികളും തന്നിഷ്ടക്കാരുമായി തീർന്നപ്പോൾ യേശു ക്രിസ്തുവിന്റെ നാവിനാൽ ശപിക്കപ്പെടുകയാണുണ്ടായത്. ക്രിസ്തു തന്റെ ശാപം വ്യക്തമായി പ്രകടിപ്പിക്കുന്നത് കാണുക:

'*ദേശത്തു വലിയ ഞെരുക്കവും ഈ ജനത്തിനുമേൽ ക്രോധവും ഉണ്ടാവും. അവൻ വാളിന്റെ വായ്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബന്ദികളായി കൊണ്ടു പോകുകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യരുശലേം ചവിട്ടി മെതിക്കുകയും ചെയ്യും' (ലൂക്കോ 21:24).*
എ.ഡി 70 ൽ ഈ പ്രവചനം അക്ഷരം പ്രതി പുലർന്നു. വിപ്ലവകാരികളായ ജൂതന്മാരെ റോമൻ പടയാളിയായ

ടൈറ്റസും സൈന്യവും അതിക്രൂരമായ രീതിയിൽ അടിച്ചമർത്തി. ആറുലക്ഷത്തിലധികം യഹൂദരെ പ്ര വചനത്തിൽ പറഞ്ഞ പ്രകാരം വാളിന്റെ വായ്ത്തലയാൽ വെട്ടി വീഴ്ത്തി. തന്നെയുമല്ല ബൈത്തുൽ മുഖദ്ദസ്സിനെ (യരുശലെമിലെ പരിശുദ്ധ ദേവാലയത്തെ) വളരെ അപമാനിക്കുകയും ചെയ്തു. അവിടെ പന്നിയെ ബലിയർപ്പിച്ചു. അതിമനോഹരമായിരുന്ന പരിശുദ്ധ ദേവാലയം അഗ്നിക്കിരയാക്കി. ജൂതന്മാരെ ബന്ധനസ്ഥരാക്കി അടിമകളാക്കി വിറ്റു. ബന്ധനസ്ഥരായ അടിമകളെ വിൽക്കുന്നതിന് വേണ്ടി ആദ്യം ഈജിപ്തിലേക്ക് കൊണ്ടുപോയി. എന്നാൽ മൂസ(അ) പ്രവചനത്തിലൂടെ മുന്നറിയിപ്പു നൽകിയ ഒരു പ്രശ്നം അവിടെ അവർക്ക് അഭിമുഖീകരിക്കേണ്ടിവന്നു. മൂസ(അ) ഇസ്റായേൽ ജനതയെ ഈജിപ്തിലെ സ്വേച്ഛാധിപതികളായിരുന്ന ഫറോവൻ രാജാവിന്റെ അടിമത്തത്തിൽ നിന്ന് രക്ഷപ്പെടുത്തി അവരെ സീനാ മരുഭൂമിയിൽ എത്തിച്ചു. അവിടെ വെച്ച് ന്യായ പ്രമാണം ലഭ്യമായി. ന്യായ പ്രമാണം അനുസരിച്ചും ധിക്കരിച്ചും നടന്നാലുണ്ടാകുന്ന ഉത്ഥാന പതനങ്ങളെക്കുറിച്ച് അവർക്ക് മുന്നറിയിപ്പു നൽകി. അതിൽ ഇപ്രകാരം ഒരറിയിപ്പും ഉണ്ടായിരുന്നു.

*'നീ ഇനി കാണുകയില്ല എന്നു ഞാൻ നിന്നോട് പറഞ്ഞ വഴിയായി യഹോവ നിന്നെ കപ്പൽ കയറ്റി മിസ്രയീമിലേക്ക് (ഈജിപ്തിലേക്ക്) മടക്കിക്കൊണ്ടു പോകും, അവിടെ നിങ്ങളുടെ ശത്രുക്കൾക്ക് അടിയാറും അടിയാട്ടികളുമായി വിൽപ്പാൻ നിർത്തും, എന്നാൽ നിങ്ങളെ വാങ്ങുവാൻ ആരും ഉണ്ടാകില്ല.'( ആവർത്തനം: 28: 68)*

ഈ പ്രവചനം അവർക്ക് അഭിമുഖീകരിക്കേണ്ടിവന്നു. ഏതൊരു നാട്ടിൽ നിന്നായിരുന്നുവോ അവരെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചെടുത്തത് അവിടേക്ക് തന്നെ വീണ്ടും അടിമകളാക്കി എടുക്കപ്പെട്ടു. റോമക്കാരിൽ നിന്ന് ഈജിപ്തുകാർ ആദ്യമാക്കെ കുറെ അടിമളെ വാങ്ങി. എന്നാൽ പ്രവചനത്തിൽ പറയപ്പെട്ട പ്രകാരം **'**നിങ്ങളെ വാങ്ങാൻ ആരും ഉണ്ടാകയില്ല**'** എന്ന വസ്തുതയും പിന്നീട് സംഭവിച്ചു. ഈജിപ്തുകാർ റോമക്കാരിൽനിന്ന് യഹൂദ അടിമകളെ നിഷേധിച്ചു. അനേകം ദിനരാത്രങ്ങൾ ബന്ധനസ്ഥരാക്കപ്പെട്ട അടിമകൾ ഈജിപ്തിന്റെ തുറമുഖങ്ങളിൽ കപ്പലുകളിൽ നങ്കൂരമിടപ്പെട്ടു. സ്ത്രീകളും കുട്ടികളുമടക്കം അനേകം പേർ രോഗബാധിതരായി കപ്പലിൽ തന്നെ മരിച്ചു. പിന്നീട് ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്ക് അവർ ചിതറിച്ച് വിൽക്കപ്പെടുകയാണുണ്ടായത്.

*'യഹോവ നിന്നെ ഭൂമിയുടെ ഒരറ്റം മുതൽ മറ്റെ അറ്റംവരെ സർവ ജാതികളുടെ ഇടയിലും ചിതറിക്കും '*

(ആവ: 28: 64) എന്നു പ്രവാചകനായ മോശെ പ്രവചിച്ച പ്രകാരം സംഭവിച്ചു. ലോകത്തിന്റെ ഒരറ്റമായ ഈ കൊച്ചു കേരളത്തിലും അവർ ചിതറി തെറിച്ച് എത്തിപ്പെടുകയുണ്ടായി. മട്ടാഞ്ചേരിയിലും മാളയിലുമൊക്കെ അവരുടെ സിനഗോഗുകളും നമുക്ക് കാണാൻ കഴിയും.

ചിതറിത്തെറിക്കപ്പെട്ട യഹൂദ ജനത വാഗ്ദത്ത മസീഹിന്റെ (രണ്ടാം മിശിഹാ) കാലഘട്ടത്തിൽ വീണ്ടും ഒരുമിച്ചു കൂട്ടപ്പെടുമെന്ന് വിശുദ്ധ ഖുർആനും ബൈബിളും സാക്ഷീകരിക്കുന്നു. ഖുർആനിലെ പ്രവചനം ആദ്യം ഉദ്ധരിക്കാം. വിശുദ്ധ ഖുർആൻ പറയുന്നു:

അവനു ശേഷം ഇസ്റായേൽ സന്തതികളോട് നാം പറഞ്ഞു. നിങ്ങൾ ഈ നാട്ടിൽ വസിച്ചുകൊള്ളുക.

*'പിന്നീടൊടുവിലത്തെ വാഗ്ദാനം പൂർത്തിയാവുന്ന സമയമായാൽ നാം നിങ്ങളെ ഒരുമിച്ചുകൊണ്ടു വരുന്നതാണ്. (17: 105)*

ഈ സൂക്തത്തിൽ പറയപ്പെട്ട **'വഅ്ദൽ ആഖിറ'** അഥവാ അവസാനത്തെ വാഗ്ദാനം എന്നത്കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് വാഗ്ദത്ത മസീഹിന്റെ ആഗമന കാലമാണെന്ന് പൂർവ കാല ഖുർആൻ വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. (ഉദാഹരണത്തിന്ന് തഫ്സീർ ഫത്ഹുൽ ബയാൻ നോക്കുക)

അതായത് അവസാന കാലത്ത് എല്ലാ മത വിഭാഗങ്ങൾക്കും വാഗ്ദത്തം ചെയ്യപ്പെട്ട ദൈവനിയോഗിതനായ ഒരു മഹാത്മാവ് എഴുന്നേറ്റു കഴിഞ്ഞാൽ യഹൂദ ജനതയുടെ ഒരുമിച്ചു കൂട്ടൽ സംഭവിക്കുമെന്ന് സാരം.

ബൈബിളിൽ പല രൂപത്തിൽ ഇസ്റായേൽ ജനതയുടെ ഈ ഒരുമിച്ചു ചേർക്കപ്പെടൽ ഒരു വലിയ അടയാളമായി വ്യക്തമായും ഉപമാരൂപേണ ഇവിടെ പ്രസ്താവിച്ചു കൊള്ളുന്നു. അത്തിവൃക്ഷത്തിന്റെ മറ്റൊരു ഉപമയിലൂടെ യേശുക്രിസ്തു ഇക്കാര്യം സൂചിപ്പിക്കുന്നത് കാണുക.

*'അത്തിയെ നോക്കി ഒരു ഉപമ പഠിപ്പീൻ, അതിന്റെ കൊമ്പ് ഇളയതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്ന് നിങ്ങൾ അറിയുന്നുവല്ലോ അങ്ങനെ നിങ്ങൾ ഇതു ഒക്കെയും കാണുമ്പോൾ അവൻ അടുക്കൽ വാതിൽക്കൽ തന്നെ ആയിരുന്നു എന്നു അറിഞ്ഞു കൊൾവീൻ' (മത്താ: 24:32)*

അതായത് തന്റെ ശാപമേറ്റ് ഉണങ്ങിപ്പോയ അത്തി വൃക്ഷം രണ്ടാം മിശിഹായുടെ കാലഘട്ടത്തിൽ വീണ്ടും തളിർക്കുമെന്ന് യേശു ക്രിസ്തു തന്റെ അത്തി വൃക്ഷത്തിന്റെ ഉപമയായി തന്നെ സൂചിപ്പിക്കുകയാണ്. എന്നാൽ ഫലം കായ്ക്കുന്ന ഒരു അത്തി വൃക്ഷത്തെയല്ല അപ്പോഴും യേശു നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നത്. കൊമ്പ് ഇളയതായി ഇലമാത്രം തളിർത്തു നിൽക്കുന്ന ഒരു അത്തിവൃക്ഷത്തെയാണ് പരിചയപ്പെടുത്തിത്തരുന്നത്. യഹൂദ ജനത ഒരുമിച്ചു കൂട്ടപ്പെട്ട് ഭൗതിക രാഷ്ട്രമായി തീരുമെന്നാണ് ഈ പ്രവചനം സൂചിപ്പിക്കുന്നത്.

ഇസ്റായേൽ പ്രവാസ ജീവിതം കഴിഞ്ഞ് അവർ ഒരുമിച്ചു ചേരുന്ന ഒരു കാലത്തെക്കുറിച്ചുള്ള മറ്റു പ്രവചനങ്ങൾ ഇപ്രകാരമാണ്.

*'ഞാൻ ഇസ്റയേലും യഹൂദയുമായുള്ള എന്റെ ജനത്തിന്റെ പ്രവാസം മാറ്റുവാനുള്ള കാലം വരുമെന്ന് യഹോവയുടെ അരുളപ്പാട് ഞാൻ അവരുടെ പിതാക്കന്മാർക്ക് കൊടുത്ത ദേശത്തിലേക്ക് അവരെ മടക്കിവരുത്തും. അവർ അതിനെ കൈവശമാക്കുമെന്ന് യഹോവയുടെ അരുളപ്പാട്. ഞാൻ അവരുടെ പിതാക്കന്മാർക്ക് കൊടുത്ത ദേശത്തിലേക്ക് അവരെ മടക്കിവരുത്തും അവർ അതിനെ കൈവശമാക്കുമെന്ന് യഹോവയുടെ അരുളപ്പാട് '(യിരെ: 30:3)*

**'**ഞാൻ ഇസ്റായേൽ ഗൃഹത്തിലും യഹൂദഗൃഹത്തിലും മനുഷ്യരുടെയും മൃഗങ്ങളുടെയും വിത്തു വിതക്കുന്ന കാലം വരും എന്ന് യഹോവയുടെ അരുളപ്പാട് ഞാൻ അവരുടെ പിതാക്കന്മാർക്ക് കൊടുത്ത ദേശത്തേക്ക് അവരെ മടക്കിക്കൊണ്ടു വരുത്തും. അവർ അതിനെ കൈവശമാക്കുമെന്ന് യഹോവയുടെ അരുളപ്പാട്. അന്ന് ഞാൻ പറിപ്പാനും പൊളിപ്പാനും ഇടിപ്പാനും നശിപ്പാനും കഷ്ടപ്പെടുത്തുവാനും അവരു ടെമേൽ ജാഗരിക്കുന്നത് പോലെ പണിവാനും നടുവാനും അവരുടെ മേൽ ജാഗരിച്ചിരിക്കും**'** (യിരെ: 31:27)

ഇസ്റായേൽ ജനതമേൽ പ്രവചന

ങ്ങളിൽ പറയപ്പെട്ട പ്രകാരം ഇന്ന് ഭൗതികമായി മനുഷ്യരുടെയും മൃഗങ്ങളുടെയും ബാഹുല്യത്താൽ അഭിവൃദ്ധി പ്രാപിച്ചുവരുന്നു.

ജാതികളെ, യഹോവയുടെ വചനം കേൾപ്പീൻ, ദുര ദ്വീപുകളിൽ അതിനെ പ്രസ്താവിപ്പീൻ! ഇസ്റായേലി നെ ചിതറിച്ചവൻ അവനെ കൂട്ടി ചേർത്തു, ഒരിടയൻ തന്റെ കൂട്ടത്തെ കാക്കു ന്നത്പോലെ അവനെ കാക്കും എന്ന് പറവീൻ (യിരെ: 30:10)

ഇസ്റായേൽ ജനത വീണ്ടും ഒരു മിച്ചു ചേർക്കപ്പെടുന്നത് ഒരു ആധുനിക ദാവീദിന്റെ കാലഘട്ടത്തിലായിരിക്കു മെന്ന് ബൈബിൾ വ്യക്തമാക്കുന്നത് നോക്കുക: യിശ്ശായുടെ കുറ്റിയിൽ നിന്നും ഒരു മുള പൊട്ടിപ്പുറപ്പെടും എന്നത് കൊണ്ട് ഉദ്ദേശിക്ക പ്പെടുന്നത് ഒരു ആധുനിക ദാവീദ് എഴുന്നേൽപ്പിക്ക പ്പെടുമെന്നാണ്. ദാവൂദ് (അ) പിതാവി ന്റെ നാമമാണ് യിശ്ശായി. മാതാക്കൾ വ്യത്യസ്തരാ ണെങ്കിലും നബിമാർ ഒരേ പിതാവിന്റെ സന്താനങ്ങളാണ് എന്ന തിരുനബി വചനം (ബുഖാരി) ഇവിടെ സ്മരണീയമാണ്. ഈ കാലഘട്ടത്തിൽ ഞാൻ ദാവൂദാണെന്ന് പ്രഖ്യാപിച്ച ഏക വ്യക്തി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)മാത്രമാണ്. ഈ പ്രവചന ങ്ങളിൽ പറയപ്പെട്ട കാര്യങ്ങൾ അദ്ദേഹ ത്തിൽ അന്വർഥമായതായി കാണപ്പെടു ന്നു. അതായത് തുടർന്ന് പറയുന്ന ഗുണഗണങ്ങളായ **'അവന്റെ മേൽ യഹോവയുടെ ആത്മാവ് വസിക്കും' 'ജ്ഞാനത്തിന്റെയും ഉപരിജ്ഞാന ത്തിന്റെയും വിവേകത്തിന്റെയും ആത് മാവ്' 'അവന്റെ പ്രമോദം യഹോവ ഭക്തിയിൽ ആയിരിക്കും'**

അവൻ നീതിയോടെ ന്യായപാല നവും നേരോടെ വിധിക്കും. **'ഹക്കമൻ അദലൻ'**അഥവാ നീതിമാനായ വിധികർ ത്താവായിരിക്കുമെന്ന് നബി (സ) പ്രവചിച്ചിട്ടുണ്ട്. അവൻ ദുഷ്ട നിഗ്രഹം ചെയ്യുന്നത് വായ കൊണ്ടും അധര ശ്വാസം കൊണ്ടുമായിരിക്കും (വാളു കൊണ്ടായിരിക്കില്ല) എന്നിത്യാദി ഗുണങ്ങളും ഹദ്റത്ത് അഹ്മദിലും(അ) അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിലും മാത്രം സമ്മേളിച്ചിട്ടുള്ളതായി കാണ പ്പെടുന്നു.

ആധുനിക ദാവൂദ് ഹദ്റത്ത് അഹ്മദ്(അ) ഒരു കൊടിയെന്നോണം ദൈവകരങ്ങളാൽ ഉയർത്തപ്പെടു മെന്നും അദ്ദേഹത്തിന്റെ സ്ഥാനം മഹത്വമുള്ളതായിരിക്കുമെന്നും പ്രവചനത്തിൽ തുടർന്നു പറയപ്പെടു ന്നത് നോക്കുക:

**'**അന്നാളിൽ വംശങ്ങൾക്ക് കൊടി യായി നിൽക്കുന്നയിശ്ശായി വേരായ വനെ ജാതികൾ അന്വേഷിച്ചു വരും. അവന്റെ വിശ്രമ സ്ഥലം മഹത്വമു ള്ളതായിരിക്കുമെന്നും പ്രവചനത്തിൽ തുടർന്നു പറയുന്നത് നോക്കുക:

**'***അന്നാളിൽ വംശങ്ങൾക്ക് കൊടി യായി നിൽക്കുന്ന യിശ്ശായി വേരായ വനെ ജാതികൾ അന്വേഷിച്ചുവരും, അവന്റെ വിശ്രമ സ്ഥലം മഹത്വമുള്ള തായിരിക്കും ' (യെശയ്യാ: 11:10)*

ഈ വാക്യം ജോസഫ് പുലിക്കു ന്നേലിന്റെ മലയാളം ബൈബിളിൽ (ഓശാന പ്രസിദ്ധീകരണം, പാല) ഇ പ്രകാരമാണ്:

**'***അന്ന് യിശ്ശായിയുടെ വേരു ജനപഥങ്ങൾക്ക് കൊടിയടയാളമായി എഴുന്നുനിൽക്കും, അയാളെ ജനതകൾ അന്വേഷിക്കും. അയാളുടെ പാർപ്പിട ങ്ങൾ മഹത്വമുള്ളതായിരിക്കും '(യെശ യ്യാ11: 10)*

ഇന്ന് ഹദ്റത്ത് അഹ്മദ് (അ) ന്റെ പ്രസ്ഥാനം എല്ലാ ജനപഥങ്ങളും ദർശിക്കുമാറ് വളരെ ഔന്നത്യത്തിൽ ഉയർത്തപ്പെട്ട ഒരു കൊടിയായി 200 രാഷ്ട്രങ്ങളിൽ പാറിക്കളിച്ചു കൊണ്ടി രിക്കുന്നു.

യെശയ്യാ പ്രവാചകന്റെ പ്രവചന ത്തിൽ തുടർന്ന് പരിശോധിക്കപ്പെടു ന്നത് ചിതറിപ്പോയ യഹൂദ ജനതയെ ഭൂമിയുടെ വിവിധ ദിക്കുകളിൽ നിന്നും ഒരുമിച്ചു കുട്ടൂന്നതിനെ സംബന്ധിച്ചു ള്ളതാണ്. കാണുക:

**'***അവൻ ജാതികൾക്ക് ഒരു കൊടി യുയർത്തി, ഇസ്റായേലിന്റെ ഭ്രഷ്ട ന്മാരെ ചേർക്കുകയും യഹൂദരുടെ ചിതറിപ്പോയവരെ ഭൂമിയുടെ നാലു ദിക്കിൽ നിന്നും ഒരുമിച്ചുകുട്ടുകയും ചെയ്യും'(യെശ:11: 12)*

അതായത് ആധുനിക ദാവീദ് ഒരു ദൈവിക പതാകയായി ഉയർത്തപ്പെട്ട തിന് ശേഷം ചിതറിപ്പോയ ഇസ്റായേൽ ജനതയെ ഭൂമിയുടെ നാലു ദിക്കിൽ നിന്നും ഒരുമിച്ചു കൂട്ടുമെന്ന് വിവക്ഷ.

പുതിയ നിയമത്തിലെ അപ്പോസ്തല ന്മാരും ഈ വസ്തുത അംഗീകരിക്കു കയും അപ്പോസ്തല പ്രവർത്തികളിൽ അവ രേഖപ്പെടുത്തുകയും ചെയ്തി ട്ടുണ്ട്. നോക്കുക:

**'***സഹോദരന്മാരെ എന്റെ വാക്കുകൾ കേട്ടുകൊൾവീൻ, ആദ്യമായി കടാ ക്ഷിച്ചത് ശിമോൻ വിവരിച്ചുവല്ലോ, ഇതിനോടു പ്രവാചകന്മാരുടെ വാക്യ ങ്ങളും ഒക്കുന്നു. അനന്തരം ഞാൻ ദാവീദിന്റെ വീണുപോയ കൂടാരത്തെ വീണ്ടും പണിയും. അതിന്റെ ശൂന്യ ശിഷ്ടങ്ങളെ വീണ്ടും പണിത് അതിന്റെ നിവർത്തും മനുഷ്യരിൽ ശേഷിച്ചു വരും. എന്റെ നാമം വിളിച്ചിരിക്കുന്ന സകല ജാതികളെയും കർത്താവിനെ അന്വേഷിക്കുമെന്നും ഇത് പൂർവ കാലം മുതൽ അറിയിക്കുന്ന കർത്താവു അരുളി ചെയ്യുന്നു '(അപ്പോ: പ്രവർത്തി: 15: 14-17)*

അതായത് ദൈവം തന്റെ നാമം സ്ഥാപിക്കുന്നതിനായി വാഗ്ദത്ത മസീഹിലൂടെ ഒരു ദൈവിക പ്രസ്ഥാന ത്തെ വാർത്തെടുത്ത ശേഷം ചിതറപ്പെട്ട ഇസ്റായേൽ ജനതയെ കൂട്ടിച്ചേർക്കണ മെന്നും മനുഷ്യരിൽ ശേഷിച്ചവരും സകലജാതികളും ദൈവത്തെ അന്വേ ഷിക്കുമെന്നും അപ്പോസ്തലന്മാർ വ്യക്തമാക്കുന്നു. ഇതിനോട് പ്രവാചക ന്മാരുടെ വാക്യങ്ങളും ഒക്കുന്നു എന്നു പറഞ്ഞത് പഴയ നിയമകാലത്തെ പ്രവാചകന്മാരുടെ പ്രസ്തുത പ്രവചന ങ്ങളെ ഉദ്ദേശിച്ചിട്ടുള്ളതാണ്. (ഒന്നു രണ്ട് ഉദാഹരണങ്ങളായി: യെശ്യാവ് 11:1-12: വാക്യങ്ങളും ആമോസ് 9: 11, 12 വാക്യങ്ങളും നോക്കുക)

അടയാളങ്ങൾ ഇത്ര വ്യക്തമായി പുലർന്നു കഴിഞ്ഞിട്ടും ഈസാ എന്ന യേശു (അദ്ദേഹത്തി ന്റെ മേൽ സമാധാനം ഉണ്ടാകട്ടെ) വിന്റെ ആകാശാരോഹണവും കാത്ത് കണ്ണും നട്ടിരിക്കുന്ന മുസ്‌ലിം - ക്രൈസ്തവ സഹോദരങ്ങൾ ഈ കാലഘട്ടത്തിൽ എല്ലാ പ്രവാചകന്മാരെയും വിശിഷ്യാ ദാവീദിന്റെയും ദാവീദ് പുത്രനായി വിശേഷിപ്പിക്കപ്പെടുന്ന യേശു ക്രിസ്തു വിന്റെയും ആത്മീയ ഫലങ്ങൾ നൽകുന്ന ഈ വൃക്ഷത്തിൽ പറവ കളെപോലെ ചേക്കേറിയാൽ രക്ഷിക്ക പ്പെടുന്നതായിരിക്കും. സർവ ശക്തനായ ദൈവം അനുഗ്രഹിക്കുമാറാകട്ടെ! ആമീൻ ●

www.alislam.org

# കേശവമേനോനും അഹ്മദികളുടെ കേസും

പ്രഗല്ഭ സ്വാതന്ത്ര്യ സമരസേനാനിയും ദേശീയ സമര കാലത്തെ കോൺഗ്രസ്സ് കമ്മിറ്റിയുടെയും ഹോംറൂൾ കമ്മിറ്റിയുടെയും കേരള സെക്രട്ടറിയും മാതൃഭൂമി പത്രാധിപരും ചിന്തകനുമായ **കെ. പി. കേശവമേനോന്റെ 'കഴിഞ്ഞകാലം'** എന്ന ആത്മകഥയിൽ നിന്നെ ടുത്തതാണ് ഈ ലേഖനം. ബ്രിട്ടീഷ് ഭരണാധികാരികളുമായി നിരന്തരം ഏറ്റുമുട്ടികൊണ്ടിരുന്ന കേശവമേനോൻ ബ്രിട്ടീഷ് കോടതിയിൽ പ്രാക്ടീസ് ചെയ്തിരുന്ന വക്കീലായിരുന്നു. ബ്രിട്ടീഷ് ജഡ്ജിമാർ എതിരായി വിധിക്കുമോ എന്ന് ഭയന്ന് അക്കാലത്ത് ആരും കേശവമേനോന് വക്കാലത്ത് ഏൽപ്പിച്ചിരുന്നില്ല. ആ സന്ദർഭത്തിലാണ് അഹ്മദികൾ ഒരു കേസിന്റെ വക്കാലത്ത് അദ്ദേഹത്തെ ഏൽപ്പിക്കുന്നത്. ആ കോടതിയിലെ വെള്ളക്കാര നായ മജിസ്ട്രേറ്റിന്റെ നിലപാടാകട്ടെ അഹ്മദികൾക്കെതിരുമായിരുന്നു. മജിസ്ട്രേറ്റുമായി തർക്കവിതർക്കങ്ങൾക്കും വാദപ്രതി വാദങ്ങൾക്കും ശേഷമാണ് വിധി പ്രസ്താവമുണ്ടായത്. ജഡ്ജിമാരുമായുണ്ടായ ബന്ധത്തിന്റെ പശ്ചാത്തലവും ആ കേസിന്റെ വിധിയെപറ്റിയും കേശവമേനോൻ തന്റെ ആത്മകഥയിൽ വിവരിക്കുന്നത് വായിക്കുക.



കെ. പി. കേശവമേനോൻ

**ക**ലക്ടർ യോഗസ്ഥലത്തെത്തി അധ്യക്ഷ സ്ഥാനത്തിരുന്നു. യോഗത്തിന്റെ ഉദ്ദേശ്യത്തെ വിവരിച്ചു കൊണ്ടുള്ള ഒരു ചെറു പ്രസംഗ ത്തോടുകൂടി നടപടികളാരംഭിച്ചു. ആദ്യത്തെ പ്രമേയം അവതരിപ്പിക്കു വാനായി കവളപ്പാറ മൂപ്പിൽ നായരെ അധ്യക്ഷൻ ക്ഷണിച്ചു. ഗവർണർ കോഴിക്കോട്ടു വരുമ്പോൾ പൊതുജന ങ്ങളുടെ പേരിൽ യുദ്ധഫ ണ്ടിലേക്ക് ഒരു പണക്കിഴി സമ്മാനിക്കുവാൻ തീർച്ചപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രമേയമായിരുന്നു അത്. പ്രമേയം ദിവാൻ ബഹാദൂർ കേളു ഏറാടി പിന്താങ്ങി. അതുകഴിഞ്ഞയുടനെ ഞാൻ എഴുന്നേറ്റു നിന്നു ആ പ്രമേയത്തെപ്പറ്റി രണ്ടു വാക്ക് സംസാരിക്കുവാൻ അവസരം തരണമെന്ന് അധ്യക്ഷനോട് അപേക്ഷിച്ചു. ഇത് ഞാൻ പറഞ്ഞത് ഇംഗ്ലീഷിലായിരുന്നു. അധ്യക്ഷൻ അനുവാദം തന്നു. ഞാൻ പ്ലാറ്റുഫോറത്തിൽ കയറി. രണ്ടു മിനിറ്റു നീണ്ടു നിന്ന ഹസ്താരവം എന്നെ ആവേശഭരിതനാക്കി.

ഞാൻ മലയാളത്തിലാണ് പ്രസംഗിക്കാനാരംഭിച്ചത്. ബഹുമാന്യരായ അധ്യക്ഷരെ,' എന്നു പറയുമ്പോഴേക്കും അധ്യക്ഷന് ദേഷ്യം വന്നു. മലയാളത്തിൽ സംസാരിക്കാൻ സമ്മതിക്കുകയില്ലെന്ന് അദ്ദേഹം പറഞ്ഞു. ഇവിടെ കൂടിയിരിക്കുന്ന ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നവരാണ് ഇംഗ്ലീഷറിയാത്തവർ എത്രയെങ്കിലും ഇവിടെയുണ്ട്. അവരുടെ പേരിൽ പാസ്സാക്കുന്ന പ്രമേയം എന്തെന്നറിയാനുള്ള അവകാശവുമവർക്കുണ്ട്. അതിനാലാണ് ഞാൻ മലയാളത്തിൽ സംസാരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നുഞാൻ മറുപടി പറഞ്ഞപ്പോൾ ഹാളിനകത്തും പുറത്തും ഉണ്ടായിരുന്ന ജനക്കൂട്ടത്തിന്റെ ഹസ്താരവം അവിടമെങ്ങും മുഴങ്ങി. എന്താണ് ഉണ്ടാകുന്നതെന്നറിയാതെ ആളുകൾ അക്ഷമരായി മലയാളത്തിൽ, 'മലയാളത്തിൽ' എന്നു വിളിച്ചു പറഞ്ഞു. എന്തു തന്നെയായാലും മലയാളത്തിൽ പ്രസംഗിക്കാൻ താൻ അനുവദിക്കുന്നതല്ല എന്ന് അധ്യക്ഷൻ ശഠിച്ചു. അങ്ങനെയാണെങ്കിൽ സ്വാഭിമാനമുള്ള മലയാളികൾ ഈ യോഗത്തിൽ പങ്കെടുക്കുകയില്ല എന്ന് ഞാനും പറഞ്ഞു. ഞാൻ ഉടനെ ടൗൺഹാളിൽനിന്നും പുറത്തിറങ്ങി. ഹാളിൽ ഉണ്ടായിരുന്നവരിൽ ഭൂരിഭാഗവും അതോടുകൂടി പുറത്തേക്ക് വന്നു. ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും അവരുടെ അനുകൂലികളും മാത്രം അവിടെ ബാക്കിയായി. നഗരത്തിൽ വലിയ ഒച്ചപ്പാടുണ്ടാക്കിയ സംഭവമായിരുന്നു അത്. ഇതേ തുടർന്ന് എന്നെ അറസ്റ്റ് ചെയ്യാൻ പോവുന്നു എന്ന് പ്രസ്താവം കുറേ ദിവസങ്ങളോളം പട്ടണത്തിൽ പരന്നു,

വെള്ളക്കാരായ ഉദ്യോഗസ്ഥന്മാർക്ക് എന്നോട് ദേഷ്യമാണെന്ന വിശ്വാസം പലരിലുമുണ്ടായിരുന്നു, അതുകൊണ്ട് അവരുടെ മുമ്പിൽ വിചാരണക്ക് വരുന്ന കേസുകളിൽ ഹാജരാവാൻ എന്നോടാവശ്യപ്പെടുന്നവർ ചുരുക്കമായി. അന്നു പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുടെയും തലവന്മാർ വെള്ളക്കാരായിരുന്നു. അങ്ങനെ യാണെങ്കിലും ചില പ്രത്യേക കാരണങ്ങളാൽ എനിക്ക് അവരുടെ മുമ്പിൽ ഹാജരാകേണ്ടി വന്നിട്ടുണ്ട്.. ആ തരത്തിലുള്ള ഒരു കേസാണ് കോഴിക്കോട് സബ് ഡിവിഷൻ മജിസ്ട്രേറ്റ് മിസ്റ്റർ ഹാളിന്റെ മുമ്പിൽ വിചാരണക്ക് വന്നത്. മുസ്ലിംകളിൽ അഹ്മദിയ്യാ വിഭാഗക്കാരുടെ ഇടയിൽ വളരെ താൽപര്യമുളവാക്കിയിരുന്ന ഒരു കേസായിരുന്നു അത്. പ്രതികളായ അവരുടെ ഭാഗത്ത് ഹാജരായിരുന്നത് ഭേദപ്പെട്ട രണ്ട് വക്കീലന്മാരായിരുന്നു. അന്യായ ഭാഗം സാക്ഷികളെ ശരിയായി എതിർ വിസ്താരം ചെയ്യാൻ അവരെ അനുവദിച്ചിരുന്നില്ല. ആ കാരണത്താൽ രണ്ടു ദിവസത്തെ വിചാരണക്ക് ശേഷം അവർ എന്നെ സമീപിച്ചു. അവരുടെ ആവശ്യ പ്രകാരം പ്രതികൾക്ക് വേണ്ടി ഞാൻ ആ കേസിൽ ഹജരായി. എന്റെ ഒന്നിച്ച് ആ വക്കീലന്മാരും ഉണ്ടായിരുന്നു. ഹജൂരിൽ വെച്ചാണ് വിചാരണ. കോടതിക്കകത്തും പുറത്തും ഒട്ടധികം പേർ തിങ്ങിക്കൂടിയിരുന്നു. പതിനൊന്നു മണിക്ക് വിചാരണയാരംഭിച്ചു. തലേ ദിവസം വിസ്തരിച്ച സാക്ഷിയോട് ചില ചോദ്യങ്ങൾകൂടി ചോദിക്കാൻ അനുവദിക്കണമെന്ന് ഞാൻ കോടതിയോട് അപേക്ഷിച്ചു. അതിനനുവാദം തരുന്നതല്ലെന്ന് മജിസ്ട്രേറ്റ് പറഞ്ഞു. ' ചില അറബി വാക്കുകളുടെ അർഥം എനിക്ക് സാക്ഷിയിൽ നിന്നും കിട്ടേണ്ടതുണ്ട് '

എന്ന് ഞാൻ പിന്നേയും പറഞ്ഞു. 'സാക്ഷിക്ക് അറബി നിശ്ചയമില്ല.' എന്നായിരുന്നു മജിസ്ട്രേറ്റിന്റെ ഉത്തരം 'എന്നാൽ ആ വിവരം സാക്ഷി തന്നെ പറയട്ടെ, മജിസ്ട്രേറ്റ് പറഞ്ഞാൽ പോര എന്ന് ഞാൻ ശഠിച്ചു. മജിസ് ട്രേറ്റ് എന്നെ തുറിച്ചു നോക്കി. ഞാൻ ' സമ്മതിക്കില്ല, ഒരിക്കലും സമ്മതിക്കില്ല.' എന്നു ദേഷ്യഭാവത്തോടെ പറഞ്ഞു. 'എന്നാൽ ഞാൻ ഈ ചോദ്യം ചോദിച്ചുവെന്നും അതു കോടതി അനുവദിച്ചില്ലെന്നും രേഖപ്പെടുത്തണം' എന്നായി ഞാൻ. അതും മജിസ്ട്രേറ്റ് സമ്മതിച്ചില്ല. ആ ചോദ്യം അടങ്ങിയ ഹരജി ഞാൻ അപ്പോൾ തന്നെ അദ്ദേഹത്തിന് കൊടുത്തു. അത് വായിച്ചു: ' കോടതി അനുവദിക്കാത്ത ചോദ്യങ്ങൾക്കൊക്കെ ഹരജി തരുവാനാണോ നിങ്ങൾ വിചാരിക്കുന്നത്? '

എന്ന് മജിസ്ട്രേറ്റ് ചോദിച്ചു. അങ്ങനെ വേണ്ടി വന്നാൽ അതിനൊരുങ്ങിയിട്ടുതന്നെയാണ് ഞാൻ വന്നിരിക്കുന്നത്. എന്നായിരുന്നു എന്റെ മറുപടി. അതു വാങ്ങിവെച്ച് സാക്ഷിയെ എതിർ വിസ്താരം ചെയ്യുവാൻ അദ്ദേഹം എനിക്കനുവാദം തന്നു.

ഇതിനെല്ലാം സമയം കുറേ വേണ്ടിവന്നു. അവിടെ കൂടിയിരുന്നവർ വളരെ താൽപര്യത്തോടെ മജിസ് ട്രേറ്റും ഞാനുമായുള്ള വാക്കുതർക്കം നോക്കിക്കൊണ്ടി രിക്കുകയായിരുന്നു. അന്നു കോടതി പിരിഞ്ഞ് ഞാനും പുറത്തേക്ക് വന്നപ്പോൾ മിസ്റ്റർ ഹാൾ എന്നെ സമീപിച്ച് ഒരു കൈ എന്റെ ചുമലിൽ വെച്ചു.

'ഞാൻ നിങ്ങളുടെ കക്ഷിയെ ശിക്ഷിക്കും. പിന്നെയെന്തിനാണ് ഈ ലഹളയെല്ലാം? 'എന്ന് ഒരു പുഞ്ചിരിയോടെ എന്നോട് ചോദിച്ചു. 'അതെനിക്കറിയാം അതുകൊണ്ടു തന്നെയാണ് അപ്പീലിനാവശ്യമായ തെളിവുകൾ ഞാൻ ശേഖരിക്കുന്നതും' എന്നു ഞാൻ പറഞ്ഞു. അന്ന് അങ്ങനെ കഴിഞ്ഞു.

പിറ്റെ ദിവസത്തെ വിചാരണ വളരെ ഭംഗിയായി നടന്നു. യാതൊരു വിഷമവും മജിസ്ട്രേറ്റ് ഉണ്ടാക്കിയില്ല. വളരെ മര്യാദയോടുകൂടിയായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം.

വാഗ്വാദം കഴിഞ്ഞു വിധി പറയാൻ മറ്റൊരു ദിവസത്തേക്ക് നീട്ടി വെച്ചു. എനിക്കും എന്റെ കക്ഷികൾക്കും ഒരുപോലെ വിസ്മയം ജനിപ്പിക്കത്തക്കവണ്ണം മജിസ്ട്രേറ്റ് പ്രതികൾ കുറ്റക്കാരല്ലെന്ന് അഭിപ്രായപ്പെട്ടു അവരെ വിട്ടയച്ചു. ചെറുപ്പക്കാരനായ എനിക്ക് അതൊരു വലിയ വിജയമായിരുന്നു.

ആ കേസ്സ് ജയിച്ച ദിവസം തന്നെയായിരുന്നു ടൗൺ ഹാളിൽ കലക്ടറുമായുണ്ടായ ഏറ്റുമുട്ടൽ. ഈ രണ്ടു സംഭവങ്ങളും എന്റെ പേര് പത്രങ്ങളിൽ സ്ഥലം പിടിക്കുന്നതിനും ഞാൻ സ്വീകരിച്ച നിലപാടിന് അനുകൂലമായും എതിരായും ജനങ്ങൾ വാദപ്രതിവാദം നടത്തുന്നതിനും കാരണമായി.

സമ്പ: പി. പി. അബ്ദുറഹ്മാൻ, കോഴിക്കോട്.

Muslim Television Ahmadiyya International
mta INTERNATIONAL

# അമിതവണ്ണവും വ്രതാനുഷ്ഠാനവും



എ. മൻസൂർ, യു.എസ്സ്.

അമിത വണ്ണം ഇക്കാലത്ത് ഒരു രോഗമായി പടരുകയാണ് വ്രതാനുഷ്ഠാനം അമിത വണ്ണത്തിന് ഒരു ഉത്തമ ഔഷധമാണ്.

**ത**ടിച്ചു കൊഴുക്കുന്ന മനുഷ്യ സമൂഹത്തെപറ്റി ആരോഗ്യ പ്രവർത്തകർ ഇതിന് മുമ്പതന്നെ താക്കീത് നൽകിയിട്ടുണ്ട്. പശ്ചാത്യ സമൂഹം അമിതവണ്ണത്തെക്കുറിച്ച് ഈയിടെ മാത്രമാണ് ഗൗരവമായി ചിന്തിക്കാൻ തുടങ്ങിയത്. ഇതോടനുബന്ധിച്ച് അമേരിക്കയിലെ ചില നിയമ വിദഗ്ധർ കൊഴുപ്പുള്ള ആഹാരം വിതരണം ചെയ്യുന്ന ചില ഫാസ്റ്റ് ഫുഡ് റസ്റ്റോറാന്റു കൾക്കെതിരെ കോടതിയിൽ പരാതിപ്പെടുകയുണ്ടായി. ഒരു പക്ഷേ ദേശീയ സമ്പദ് ഘടനക്ക് അതൊരു ഭാരമാവുമോ എന്ന് കരുതി അമേരിക്കൻ അധികൃതർ ഇതിനെതിരെ പ്രതികരിച്ചിരിക്കുകയാണ്. അമിതവണ്ണം ഒരു പാട് ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഹൃദ്രോഗം, രക്തസമ്മർദം , കാൻസർ മുതലായവയാണ് അവയിൽ ചിലത്. ആളുകളുടെ അമിത വണ്ണരോഗത്തിന് അമേരിക്കൻ ഭരണകൂടം പ്രതിവർഷം 99.2 കോടി ഡോളർ ചെലവഴിക്കേണ്ടിവരുന്നു.

സമ്പന്നർക്ക് മാത്രം വരുന്ന ഈരോഗം പാശ്ചാത്യ നാടുകളിൽ മാത്രം ഒതുങ്ങുന്നു എന്നു വിചാരിക്കേണ്ട. ആഫ്രിക്കൻ-ഏഷ്യൻ രാജ്യങ്ങളിലേക്കും അമിത വണ്ണം എന്ന ഈ രോഗം അതിവേഗം പടരുകയാണ്. ടൈം മാഗസിൻ റിപ്പോർട്ട് പ്രകാരം ചൈനയിലെ പത്ത് ശതമാനം കുട്ടികൾ അമിതഭാരമുള്ളവരാണ്. നഗരവത്കൃതമായ പ്രാന്തപ്രദേശങ്ങളും അമിത വണ്ണം കൊണ്ട് ദുരിതമനുഭവിക്കുന്നുണ്ട്. അടിയന്തിരമായി ഈ പ്രശ്നത്തിൽ ഇടപെട്ടിട്ടില്ലെങ്കിൽ നമ്മുടെ ഭാവി ഇരുളടഞ്ഞതാകും. ആഗോള ദുരന്തമായി മാറിക്കൊണ്ടിരിക്കുന്ന അമിതവണ്ണം എന്ന ഈ പ്രശ്നത്തിൽ ഇസ്ലാം എന്തു പരിഹാരം നിർദേശിച്ചിരിക്കുന്നുവെന്ന് നമുക്ക് നോക്കാം.

ചെറുപ്പത്തിൽ തന്നെ കുട്ടികൾ കൊഴുപ്പു ഭക്ഷണം കഴിക്കുന്ന ശീലമാണ് അമിതവണ്ണത്തിന് പ്രധാന കാരണമെന്ന് വിദഗ്ധർ പറയുന്നു. ഇതോടൊപ്പം കുടുംബ പാരമ്പര്യമായും സാമൂഹ്യ-സാമ്പത്തിക സവിശേഷതകളുമായും ബന്ധപ്പെട്ടിരിക്കുന്നു Jouranal for Amerian Dietial Association എന്ന പ്രസിദ്ധീകരണത്തിൽ ഈയിടെ വന്ന ലേഖനം അഭിപ്രായപ്പെടുന്നത് ഭക്ഷണത്തോടുള്ള സമീപനവും ആഹരിക്കലും വീട്ടിൽ വെച്ചു തന്നെ പുനക്രമീകരിക്കുകയും ശീലിക്കുകയും വേണം എന്നാണ്. നാം അടിവേരിൽ നിന്നു തന്നെ ഇതിനെ നേരിടേണ്ടതുണ്ട്. നമ്മുടെ ആഹാര ശീലങ്ങൾ വീട്ടിൽ വെച്ച് തന്നെ ഉടൻ മാറ്റിയെടുക്കേണ്ടതുണ്ട്.

ഇസ്ലാം മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളേയും സ്പർശിക്കുന്നു. മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ പുരോഗതിക്ക് വേണ്ട മാർഗ നിർദേശങ്ങൾ അത് നൽകുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു: ***'ആദം സന്തതികളേ, നിങ്ങളുടെ ആരാധനകളുടെ ഓരോ ഘട്ടത്തിലും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചു കൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുവിൻ. പക്ഷേ ഒരിക്കലും അമിതത്വം അരുത് . നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.***

മനുഷ്യ ജീവൻ നിലനിർത്താനുള്ള സ്വാഭാവിക ശീലങ്ങളാണ് തിന്നുകയും കുടിക്കുകയും ചെയ്യുക എന്നത്. പക്ഷേ ആഹരിക്കുമ്പോൾ പോലും ശരിയായ വിവേചന ബോധം ഒരാൾക്ക് ഉണ്ടാവേണ്ടതുണ്ട്. ദൈവം ചില പരിധികൾ പാലിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു. നമ്മുടെ ശാരീരിക ആരോഗ്യം സുഖകരമായി നിലനിർത്തുന്നതോടെപ്പം തന്നെ സാമൂഹിക ക്രമം പാലിക്കുകയും ജീവിതത്തിന്റെ യഥാർഥ ലക്ഷ്യത്തെ സംബന്ധിച്ചു ബോധവാനായിരിക്കു കയും വേണം .

ശരിയായ ആഹാരവും ആഹാരത്തിൽ നിന്ന് വിട്ട് നിൽക്കലും ആരാധനയുടെ ഭാഗം തന്നെയാണ്. ഖു ർആൻ പറയുന്നു: ***'വിശ്വസിക്കുകയും സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരാരോ, അവർ സൂക്ഷ്മത പാലിക്കുകയും വിശ്വസിക്കുകയും സുകൃതങ്ങൾ അനുഷ്ഠിക്കുകയും എന്നിട്ട് അവർ സൂക്ഷ്മ തയിൽ പുരോഗതി പ്രാപിക്കുകയും വിശ്വസിക്കുകയും പിന്നീട് ഭയഭക്തിയിൽ കൂടുതൽ പുരോഗതി പ്രാപിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും ചെയ്യുന്നതായാൽ അവർ ഏതൊന്ന് ഭക്ഷിക്കുന്നുവോ അതിൽ അവർക്ക് കുറ്റമൊന്നുമില്ല. അല്ലാഹു നന്മ പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നു.'*** ആഹാര ശീലത്തെ പറ്റി ചിന്തിക്കുക എന്നത് മനുഷ്യന്റെ കടമയാണ്. അത് നമ്മുടെ സാത്വിക ജീവിതത്തിന്റെ ഒരു ഭാഗമാണ്. ഭക്ഷണ പദാർഥങ്ങൾ നിയ മപരമായി അനുവദനീയമാണെങ്കിൽ തന്നെ



അതിൽ ശുദ്ധിയുള്ള ഭാഗങ്ങൾ മാത്രമേ ആഹരിക്കാൻ പാടുള്ളൂ. അല്ലാത്ത പക്ഷം അത് നമ്മുടെ സ്രഷ്ടാവുമായുള്ള ബന്ധത്തെ പ്രതികൂലമായി ബാധിക്കും. ജീവിതത്തിന്റെ സമ്പൂർണ മാതൃകയായി ഇസ്‌ലാം കാണുന്നത് മുഹമ്മദ് നബി(സ)യുടെ പരിശുദ്ധ ജീവിതമാണ്. റസൂൽ തിരുമേനി (സ) പറഞ്ഞു: *'ഒരാളുടെ പക്കൽ രണ്ടു പേർക്ക് കഴിക്കാനുള്ള ഭക്ഷണമുണ്ടെങ്കിൽ അയാൾ മൂന്നാമതൊരാളെ ക്ഷണിക്കട്ടെ. ഒരാളുടെ പക്കൽ നാലു പേർക്ക് കഴിക്കാനുള്ള ഭക്ഷണമുണ്ടെങ്കിൽ അയാൾ അഞ്ചോ ആറോ പേരെ ക്ഷണിക്കട്ടെ'* മറ്റൊരിക്കൽ റസൂൽ തിരുമേനി(സ)പറഞ്ഞു: *'നിങ്ങളുടെ പരിചാരകൻ നിങ്ങൾക്ക് ഭക്ഷണവുമായി വന്നാൽ അവരോടൊപ്പം ചേർന്ന് നിങ്ങൾ ഭക്ഷണം കഴിക്കുന്നില്ലെങ്കിൽ ചുരുങ്ങിയത് അവനോട് അതിൽ നിന്ന് ഒന്നോ രണ്ടോ പിടി എടുത്തു കൊള്ളുവാനെങ്കിലും പറയണം. കാരണം അവനാണ് നിങ്ങൾക്ക് വേണ്ടി ആ ഭക്ഷണം പ്രയാസപ്പെട്ട് പാകം ചെയ്തത്. അതിന്റെ ചൂട് അനുഷ്ഠിച്ചതും അവൻ തന്നെ.*

പ്രവാചക തിരുമേനി(സ) ആഹാരം കഴിക്കുമ്പോൾ വളരെയധികം ശ്രദ്ധിച്ചിരുന്നു. അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു: *'മുഹമ്മദിന്റെ കുടുംബം മരണം വരെ മൂന്ന് നേരം ആഹാരം കഴിച്ചിരുന്നില്ല.* (ബുഹാരി)

റസൂൽ തിരുമേനി(സ)യുടെ ധർമ പത്നി ആയിശ (റ) നിവേദനം ചെയ്യുന്നു: *'റസൂൽ തിരുമേനി(സ) രണ്ടു വസ്തുക്കൾക്കൊണ്ട് വിശപ്പ് തീർത്താണ് ഇഹലോക വാസം വെടിഞ്ഞത്. അത് കാരക്കയും വെള്ളവുമാണ്* (ബുഹാരി). അദ്ദേഹം തന്റെ അനുചരന്മാരെ ഇപ്രകാരം താക്കീത് ചെയ്തു:

*'ഒരു മുസ്‌ലിം ഒരു വയർ മാത്രമേ നിറക്കുകയുള്ളൂ (അതായത് കുറഞ്ഞ ആഹാരം കൊണ്ട് തൃപ്തിപ്പെടും) എന്നാൽ അവിശ്വാസി ഏഴ് വയർ നിറക്കുന്നു. (കൂടുതൽ ആഹാരം കഴിക്കുന്നു).* ഉമർബ്നു അബീ സലാമ(റ) യിൽ നിന്ന് നിവേദനം: *'ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ പരിചണത്തിലായിരുന്നു. ചെറിയ കുട്ടിയായിരുന്നപ്പോൾ മുന്നിലുള്ള ആഹാരത്തളികയിൽ മുഴുവനുമായി എന്റെ കൈചലിക്കുമായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ റസൂൽ(സ) എന്നോട് പറഞ്ഞു : അല്ലയോ കുട്ടീ, ആഹരിക്കുമ്പോൾ അല്ലാഹുവിന്റെ നാമം ഉച്ചരിക്കുക. നിന്റെ വലത് കൈകൊണ്ട് അവ ഭക്ഷിക്കുക. ആഹാര പാത്രത്തിൽ നിന്ന് നിന്റെ അടുത്തുള്ളത് മാത്രം ഭക്ഷിക്കുക.* (ബുഹാരി)

ആഹാരം കഴിച്ചതിന് ശേഷം റസൂൽ തിരുമേനി(സ) ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു: *'ഞങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചു തരികയും വിശപ്പ് ശമിപ്പിക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി. ഓ നാഥാ! നിന്റെ അനുഗ്രഹത്തിന് ഞങ്ങൾക്ക് പകരം നൽകാൻ ഒന്നുമില്ല. അത് ഇല്ലാതായാൽ തിരിച്ചു നൽകാൻ ആർക്കും കഴിയുകയുമില്ല.* (ബുഖാരി)

റസൂൽ തിരുമേനി(സ)യുടെ അധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തുവാനുള്ള അസുലഭ സന്ദർഭമാണ് റമദാൻ മാസം. ഈ മാസത്തിൽ ലോകം മുഴുവനുമുള്ള ആരോഗ്യവാന്മാരായ മുസ്‌ലിംകൾ ദിവസത്തിന്റ വലിയ ഭാഗം ഭക്ഷണവും വെള്ളവു മുപേക്ഷിക്കുന്നു. ശാരീരികമായ ഈ ശുചീകരണത്തോടൊപ്പം അവർ തങ്ങളുടെ ആത്മീയമായ പുരോഗതിക്ക് വേണ്ടിയും പരിശ്രമിക്കുന്നു. ശരീരത്തിൽ സംഭരിക്കപ്പെടുന്ന കൊഴുപ്പിനെ വ്രതാനുഷ്ഠാനം ഇല്ലാതാക്കുന്നു. കൂടാതെ നമ്മുടെ ദഹനേന്ദ്രിയങ്ങൾക്ക് നല്ല വി ശ്രമം നൽകുകയും ചെയ്യുന്നു. മാത്രമല്ല ലോകത്തിലെ കോടിക്കണക്കിന് മനുഷ്യൻ അനുഭവിക്കുന്ന വിശപ്പിനെ പറ്റി നമുക്ക് അനുഭവജ്ഞാനം ലഭിക്കുകയും ചെയ്യും. മൂന്നാം ലോകത്ത് പോഷക ദാരിദ്ര്യം അനുഭവിക്കുന്ന 80 ശതമാനം കുഞ്ഞുങ്ങളെ സംബന്ധിച്ച് വ്രതാനു ഷ്ഠാനം നമ്മെ ഓർമപ്പെടുത്തുകയും ചെയ്യുന്നു.

റമദാൻ കാലത്ത് കുറച്ച് കാലം വ്രതമനുഷ്ഠിക്കുമ്പോൾ അതിൽ ധാരാളം ആരോഗ്യപരമായ നന്മകളുണ്ട്. ഇൻസുലിൻ സെൻസിറ്റിവിറ്റി കൂടുന്നു. മാനസിക സമ്മർദം ലഘൂകരിക്കപ്പെടുന്നു. ദുർമേദസ്സ് കുറയുന്നു. ആയുസ്സ് കൂടുന്നു.15 ഇൻസുലിൻ പ്രതിരോധം എന്നത് മനുഷ്യ ശരീരത്തിലെ എല്ലാവിധ ക്രമക്കേടുകൾക്കും കാരണമാണ്. അമിത വണ്ണം, പ്രമേഹം, രക്ത സമ്മർദം, മദ്യം കഴിക്കാതെ വരുന്ന കരൾ രോഗങ്ങൾ, അണ്ഡാശയ വീക്കം, പിത്താശയക്കല്ല്. (Gall stone) എന്നിവയാണ് ഇൻസുലിൻ തകരാറു കൊണ്ടുണ്ടാവുന്ന രോഗങ്ങൾ. അമിതവണ്ണത്തിന്റെ ഫലമായി പഞ്ചസാര രൂപത്തിൽ ഊർജം ഉപയോഗിക്കാൻ പാകത്തിൽ നിൽക്കുന്നു. ഇത് കൂടുതലായി ഉപാപചയം നടത്തുന്ന ഹോർമോണുകൾക്കെതിരെ പ്രവർത്തിക്കാൻ കോശങ്ങളെ തയ്യാറാക്കുന്നു. ഇത് വീണ്ടും ശരീരത്തിൽ കൂടുതൽ കൊഴുപ്പ് സംഭരിക്കാൻ സഹായിക്കുന്നു. അങ്ങനെ അതൊരു ചാക്രിക പ്രവർത്തനമായി തുടരുന്നു. പുതിയ ചില കണ്ടെത്തലുകൾ തെളിയിക്കുന്നത് - ഉപാപചയ പ്രവർത്തനങ്ങളുടെ രോഗാവസ്ഥയായി ഒരിക്കൽ തെളിയിക്കപ്പെട്ട സിൻഡ്രോം എന്ന രോഗം (അമിത വണ്ണം, പ്രമേഹ രക്തസമ്മർദം എന്നീ രോഗങ്ങളുടെ സമവായാവസ്ഥയിലുണ്ടാകുന്ന ഹൃദ്രോഗം) ശരീരത്തിലെ ഇൻസുലിനെതിരെ യുള്ള പ്രതിരോധം കൂടുന്നത് കൊണ്ടാ ണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു എന്നാണ്.

പാശ്ചാത്യ ലോകത്ത് ഹൃദ്രോഗം സ്ത്രീപുരുഷ ന്മാരുടെ ഏറ്റവും വലിയ അന്തകനായി മാറുന്നു. രക്തസമ്മർദമാണ് ഹൃദയാഘാതത്തിന്റെ മുഖ്യ കാരണം. ഉയർന്ന രക്ത സമ്മർദത്തിലേക്ക് നയിക്കുന്ന ഏറ്റവും വലിയ ഘടകം ഉപ്പു ചേർത്ത ഭക്ഷണമാണ്. കുറഞ്ഞ തോതിൽ ഉപ്പ് ചേർത്ത ഭക്ഷണം കുറഞ്ഞ തോതിൽ മാത്രമേ രക്തസമ്മർദത്തെ ബാധിക്കൂ. ചികിത്സക്ക് വേണ്ടിയുള്ള ഉപവാസവും ഭക്ഷണത്തിന്റെ അളവ് കുറക്കുന്നു. വ്രതാനുഷ്ഠാനം ഇൻസുലിന്റെ ഉൽസർജ നത്തെ കുറക്കുന്നു എന്ന അഭിപ്രായത്തെ ശരിവെക്കു കയാണ് ചെയ്യുന്നത്.

അമേരിക്കയിലെ നാഷണൽ

# ഷാങ്ങ്ഹായ് കോർപറേഷൻ ഓർഗനൈസേഷൻ നാറ്റോയുടെ പ്രതിയോഗിയാകുമോ?

മുസാഫിർ



**ചൈ**നീസ് തലസ്ഥാനമായ ബീജിങ്ങിൽ 2012 ജൂൺ 6, 7 തീയതികളിൽ 'ഷാങ്ങ്ഹായ് കോർപറേഷൻ ഓർഗനൈസേഷന്റെ' (Shanghai Corperation Organisation- SCO) 12-ാമത് ഉച്ചകോടി നടക്കുകയുണ്ടായി. ഇത്തവണത്തെ SCO ഉച്ചകോടിക്ക് പലതുകൊണ്ടും പതിവിൽ കവിഞ്ഞ പ്രാധാന്യവും മാധ്യമ ശ്രദ്ധയും ലഭിച്ചു. ചൈന, റഷ്യ എന്നീ ഭീമന്മാരായ വൻ ശക്തികൾ ഉൾക്കൊള്ളുന്ന ഈ സഖ്യം നാറ്റോക്ക് ബദലായ ഒരു സൈനിക രാഷ്ട്രീയ സഖ്യമായിത്തീരുമോ എന്ന ആശങ്ക ബലപ്പെടുകയാണ്. 1996 ൽ ചൈന,

---


ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിങ്ങ് എന്ന സ്ഥാപനം എലികളെ ഉപയോഗിച്ചു നടത്തിയ പരീക്ഷണത്തിൽ ഒന്നിടവിട്ടുള്ള ഉപവാസം എലികളുടെ ആയുസ്സ് നാടകീയമായി വർധിപ്പിക്കുമെന്ന് നിരീക്ഷിച്ചിട്ടുണ്ട്. രക്തത്തിലേക്ക് ഇൻസുലിന്റെ അളവ് കുറയുന്നത് കൊണ്ടാണ് ഇതെന്ന് മനസ്സിലാകുന്നു.

മറ്റു ചില പരീക്ഷണങ്ങളിൽ നിന്ന് മനസ്സിലാവുന്നത് ഭക്ഷണ ക്രമീകരണം കൊണ്ട് കാൻസർ പോലെയുള്ള രോഗങ്ങൾ നിയന്ത്രിക്കാനും കിഡ്നി രോഗവും അൽഷെമേഴ്സ് രോഗവും പാർക്കിൻസൺസ് സ്ട്രോക്ക് മുതലായ രോഗങ്ങൾക്കും കാരണമാവുന്ന ന്യൂറോണു കളെ പ്രതിരോധിക്കാനും കഴിയുമെന്നാണ്. ന്യൂറോ ണുകളെ സംരക്ഷിക്കുന്ന കെറ്റോൺ ബോഡികളുടെ (Ketone Bodies) വർധനയും ഭക്ഷണ ക്രമീകരണം മൂലം അധികരിപ്പിക്കാമെന്ന് കരുതപ്പെടുന്നു. മസ്തിഷ്ക്കത്തിലെ ഹിപ്പോകാംപ സിലുള്ള CA3, CA1എന്നീ സ്തൂപാകൃതിയിലുള്ള ന്യൂറോണുകളെ ഉപവാസം അധികരിപ്പിക്കുന്നു. ഈ ന്യൂറോണുകളുടെ കുറവ് അഘാതങ്ങളുണ്ടാക്കുന്നതിന് പ്രേരകമാണ്. ഇടവിട്ടുള്ള ഉപവാസം ഇത്തരം ആഘാതങ്ങളിൽ നിന്ന് ശരീരത്തെ രക്ഷപ്പെടുത്താറുണ്ടെന്നു എലികളിൽ നടത്തിയ പരീക്ഷണങ്ങൾ തെളിയിക്കുന്നു.

റമദാനിൽ ചെറുപ്പം മുതൽക്കുള്ള ഉപവാസ ശീലം ആരോഗ്യം മാത്രമല്ല ആരോഗ്യത്തെ സംബന്ധിച്ച അവബോധവും മനുഷ്യനിൽ സൃഷ്ടിക്കുന്നു. അമിതവണ്ണ ത്തിനെതി രെയും തജ്ജന്യമായഎല്ലാ രോഗങ്ങളേയും അത് തടയുന്നു. ഭക്ഷണത്തേയും സുഖത്തേയും വർജിച്ചു കൊണ്ട് വ്രതമനുഷ്ഠിക്കുക എന്നത് മനുഷ്യന്റെ ആത്മാവിനും ശരീരത്തിനും ആരോഗ്യം നൽകുന്ന കാര്യമാണെന്ന് ലോകം അംഗീകരിച്ചിരിക്കുകയാണ്.

റഷ്യ, കസാക്കിസ്താൻ, കിർഗിസ്ഥാൻ, താജിക്കിസ്ഥാൻ, എന്നീ 5 രാജ്യങ്ങൾ ചേർന്നാണ് ചൈനയിലെ ഷാങ്ങ്ഹായ് നഗരത്തിൽ വെച്ച് **'ഷാങ്ങ്ഹായ് ഫൈവ് '**എന്ന അന്തർദേശീയ സംഘടന രുപീകരിച്ചത്. പിന്നീട് 6-ാമതായി ഉസ്ബെക്കി സ്ഥാനേയും ചേർത്ത് 2001 ൽ രൂപീകരിച്ച അന്താരാഷ്ട്രാ സഖ്യമാണ് **'ഷാങ്ങ്ഹായ് കോർപറേഷൻ ഓർഗനൈസേഷൻ'**. പഴയ സോവ്യറ്റ് യൂണിയൻ തകരുകയും അമേരിക്കൻ ഏക ധ്രുവ സാമ്രാജ്യത്വവും അവരുടെ സൈനിക സഖ്യമായ നാറ്റോയും മേൽക്കൈ നേടുകയും ചെയ്ത സാഹചര്യത്തിൽ ഒരു അന്താരാഷ്ട്ര സാമ്പത്തിക വാണിജ്യ സഹകരണ സഖ്യമായിട്ടായിരുന്നു SCO ആരംഭിച്ചത്. സാമ്പത്തിക-ഊർജ മേഖലയിലുള്ള സഹകരണത്തിനും ഭീകരവാദം, തീവ്രവാദം, വിഘടനവാദം എന്നിവക്കെതിരെയും പ്രവർത്തിക്കാൻ ചൈനക്കും റഷ്യക്കും ചുറ്റുമുള്ള രാജ്യങ്ങളുടെ ഒരു പ്രാദേശിക സഖ്യം എന്ന നിലക്ക്, പരിമിത ലക്ഷ്യങ്ങളോടെയാണ് SCO രൂപീകരിച്ചത്. എന്നാൽ പല അന്തർദേശീയ സംഭവ വികാസങ്ങളുടെയും സമ്മർദങ്ങളുടെയും ഫലമായി, അമേരിക്കയുടെ മേൽനോട്ടത്തിലുള്ള പാശ്ചാത്യൻ സൈനിക സഖ്യമായ NATO ക്ക് എതിരെ മേഖലയി ലെ ഒരു പ്രാദേശിക സൈനിക രാഷ്ട്രീയ സഖ്യമായി SCO മാറാൻ സാദ്ധ്യതയേറെയാണ്. കഴിഞ്ഞ മാസം ബീജിങ്ങിൽ ചേർന്ന SCO യുടെ 12-ാമത് ഉച്ചകോടി നൽകുന്ന സൂചന അതാണ്. ഉച്ചകോടിയിൽ ഇന്ത്യ നിരീക്ഷണ പദവിയോടെ സംബന്ധിക്കുകയുണ്ടായി. ഇന്ത്യയെ കൂടാതെ മേഖലയിലെ പാകിസ്താൻ, ഇറാൻ, മംഗോളിയ അഫ്ഘാനിസ്താൻ എന്നീ രാജ്യങ്ങളും നീരീക്ഷകരായി പങ്കെടുത്തു. ഏറ്റവും ശ്രദ്ധേയമായത് അഫ്ഘാനിസ്ഥാന്റെ നീരീക്ഷക പദവിയായിരുന്നു. ബൈലോറസ്, ശ്രീലങ്ക എന്നീ രാജ്യങ്ങൾക്ക് ഉച്ചകോടിയിൽ **'ഡയലോഗ് പാർട്ട്ണേഴ്സ്'** എന്ന പദവി നൽകിയിരുന്നു. യൂറോപ്പിനേയും ഏഷ്യയേയും ബന്ധിപ്പിക്കുകയും പാശ്ചാത്യ രാജ്യങ്ങളുമായി അസ്വാരസ്യത്തിൽ കഴിയുകയും ചെയ്യുന്ന നാറ്റോ അംഗമായ തുർക്കിയെ ഡയലോഗ് പാർട്ട്ണറായി ഇത്തവണ SCO സ്വീകരിച്ചിട്ടുണ്ട്. യൂറോപ്പും ഏഷ്യയും തമ്മിൽവേർതിരിക്കുന്ന വിഭജന രേഖകടന്നു പോകുന്നത് തുർക്കി കസാക്കിസ്താൻ എന്നീരാജ്യങ്ങളിലൂടെയാണ്. SCO യിൽ ഇന്ത്യ പൂർണ അംഗമാവാൻ റഷ്യയുടെയും ഭാഗത്ത് നിന്ന് അകമഴിഞ്ഞ പ്രോത്സാഹനമുണ്ട്. SCO യുടെ അടിത്തറ വികസിപ്പിക്കാനും ശക്തമാക്കാനും അവർ ആഗ്രഹിക്കുന്നു. SCO യിൽ റഷ്യയേയും ചൈനയേയും കൂടാതെ ഇന്ത്യയും പാകിസ്താനും ഇറാനും പൂർണ അംഗമായാൽ അത് ന്യൂക്ലിയർ രാജ്യങ്ങളുടെ വമ്പിച്ച ഒരു ഏകീകരണമായിത്തീരും. പാശ്ചാത്യ രാജ്യങ്ങൾ ഈ കൺസോളിഡേഷൻ ഒരിക്കലും നോക്കിനിൽക്കില്ല എന്ന യാഥാർഥ്യം ഒരു വശത്തുണ്ട്. മാത്രമല്ല SCOയിലെ അംഗരാജ്യങ്ങളായ ഇന്ത്യയും ചൈനയും, പാകിസ്താനും ഇന്ത്യയും തമ്മിലുള്ള പ്രശ്നങ്ങൾ ആഴമേറിയതാണ്. അതുകൊണ്ട് തന്നെ ഇന്ത്യയും പാകിസ്താനും SCO ൽ പൂർണ അംഗമാകാനുള്ള സാധ്യത വിദൂരമാണ് മാത്രമല്ല ഈ രാജ്യങ്ങൾക്ക് പാശ്ചാത്യ നാടുകളുമായുള്ള ശക്തമായ ബന്ധങ്ങളും SCO വിപുലീകൃതമായ ഒരു സൈനിക രാഷ്ട്രീയ സഖ്യമായി തീരുന്നതിന് വിഘാതങ്ങളാണ്. അമേരിക്കക്കും NATO ക്കുമെതിരെയുള്ള സൈനിക ശാക്തിക സന്തുലനത്തിനാണ് SCO ശ്രമമെന്ന് പാശ്ചാത്യ നിരീക്ഷകർ അഭിപ്രായപ്പെടുന്നു. ചൈനയുടെയും റഷ്യയുടെയും അതിർത്തി പങ്കിടുന്ന രാജ്യങ്ങൾക്കിടയിൽ അമേരിക്കയുടെയും NATO വിന്റേയും ഇടപെടൽ ഒഴിവാക്കാൻ അംഗരാജ്യങ്ങൾക്കിടയിൽ സമ്പൂർണ സഹകരണവും സൗഹൃദവും വളർത്താൻ SCO പ്രതിജ്ഞാബദ്ധമാണ്. ഇതിനകം SCO പലതവണ പരസ്യമായ സംയുക്ത സൈനികാഭ്യാസങ്ങൾ നടത്തിയിട്ടുണ്ട്. ചില സൈനികാഭ്യാസ വേളകളിൽ റഷ്യ, ചൈന രാഷ്ട്ര തലവന്മാരുടെ സാന്നിദ്ധ്യവുമുണ്ടായിരുന്നു.

രണ്ടാം ലോക മഹായുദ്ധാന ന്തരം മദ്ധ്യയൂറോപ്പിലും കിഴക്കൻ യൂറോപ്പിലും നിലയുറപ്പിച്ച കമ്യൂണി സ്റ്റ് റഷ്യയുടെ സൈനിക അധിനി വേശം തടയാൻവേണ്ടി അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങ ളുടെ നേതൃത്വത്തിൽ 1949 ൽ രൂപീക രിച്ച അംഗരാജ്യങ്ങളുടെ സൈനിക സഖ്യമാണ് നാറ്റോ (NATO). ഏഷ്യാ പസഫിക്ക് രാജ്യങ്ങളിൽ വർധിച്ചു വരുന്ന നാറ്റോ സ്വാധീനവും ഇടപെടലും റഷ്യക്കും ചൈനക്കുമുള്ള



ഫ്രാൻങ്കോയിസ് ഹോളണ്ടേയ്

ആശങ്ക സുവിദിതമാണല്ലോ. 28 അംഗരാജ്യങ്ങളുടെ ഒരു സ്വതന്ത്രമായ സൈനിക സഖ്യമായ നാറ്റോവിന്റെ ശൈലിയിൽ ശക്തമായി സംഘടിക്കപ്പെട്ട പൂർണമായ ഒരു സൈനിക സംഘടനയായി മാറാൻ SCO ക്ക് പരിമിതികളുണ്ട്. എങ്കിലും റഷ്യയും ചൈനയും ചേർന്നുള്ള SCO യുടെ ശക്തിയും പ്രസക്തിയും നാറ്റോയെ വെല്ലുവിളിക്കാൻ പോന്നതാണ്. മാത്രമല്ല ലോകത്തിലെ ജനസംഖ്യയുടെ പകുതിയോളം SCO അംഗരാജ്യങ്ങളിലാണ് എന്നതും ശ്രദ്ധേയമാണ്.

SCO യുടെ ബീജിങ്ങ് ഉച്ചകോടിയിൽ ക്ഷണിക്കപ്പെട്ട അഫ്ഘാനിസ്താന് 28.8 ദശലക്ഷം ഡോളറിന്റെ സാമ്പത്തിക സഹായമാണ് ചൈനീസ് പ്രസിഡന്റ് ഹൂ ജിന്താവോ നൽകിയത്. കൂടാതെ ഇരു രാജ്യങ്ങളിലെയും നേതാക്കന്മാർ നിരവധി വ്യാപാര വാണിജ്യ കരാറുകൾ ഒപ്പുവെക്കുകയുണ്ടായി. ഇരു രാജ്യങ്ങളും ചർച്ചകൾക്ക് ശേഷം നടത്തിയ സംയുക്ത പ്രസ്താവനയിൽ തന്ത്രപരവും സഹകരണാത്മകവുമായ പങ്കാളിത്തം തുടരുമെന്നും പ്രഖ്യാപിച്ചു. അളവറ്റധാതു സമ്പത്തുള്ള രാജ്യമാണ് അഫ്ഘാനിസ്താൻ. സോവ്യറ്റ് അധിനിവേശക്കാലത്ത് നടത്തിയ ഭൂസർവേകളും അമേരിക്കുടെ ബഹിരാകാശ സർവേകളും അഫ്ഘാനിസ്താനിലെ ഈ വിഭവ സമൃദ്ധി സ്ഥിരീകരിച്ചതാണ്. മതത്തിന്റെ പേരിലുള്ള ദ്രോഹപ്രവർത്തനമല്ലാതെ ഭൂവിഭവങ്ങൾ ഉപയോഗിക്കാൻ യാതൊരു വിധശാസ്ത്ര സാങ്കേതിക വിദ്യകളും മുല്ലായി



ജർമനിയെ റഷ്യൻ ചെമ്പട പരാജയപ്പെടുത്തിയതിന്റെ സ്മാരകം ഉദ്ഘാടനം ചെയ്യുന്ന വ്ളാദ്മീർ പുട്ടിൻ



മുഹമ്മദ് മുർസി

സം ആവേശിച്ച അഫ്ഘാൻ ജനതക്കില്ല. ഈ അളവറ്റ സമ്പത്തിൽ കണ്ണും നട്ടാണ് വൻശക്തികൾ അഫ്ഘാന് ചുറ്റും വട്ടമിട്ട് പറക്കുന്നത്. അവിടം വൻശക്തികളുടെ ഒരു പവർഗയിം കേന്ദ്രമായി മാറുന്നതും അത് കൊണ്ടാണ്. അഫ്ഘാനിസ്താനിൽ അൽഖായിദയുടെ ഭീഷണിയെന്ന പേരിൽ അമേരിക്കൻ സൈന്യം ക്യാമ്പ് ചെയ്യുകയാണ്. ഇസ്റായേലിനെ ഏറ്റവും പേടിപ്പെടുത്തുന്ന പാകിസ്താന്റെ ന്യൂക്ലിയർ ബോംബുകളുടെ വിന്യാസങ്ങളും സൈനിക നീക്കങ്ങളും അഫ്ഘാനിസ്താനിൽ നിന്നറിയാൻ കഴിയും. 2014 ൽ അമേരിക്ക അഫ്ഘാനിസ്താനിൽ നിന്ന് പിന്മാറു മെന്ന പ്രഖ്യാപനം ഫലവത്തായാൽ തങ്ങളുടെ താൽപര്യങ്ങൾക്കനുസൃ തമായി മേഖലയെ മാറ്റാൻ റഷ്യയും ചൈനയും ആഗ്രഹിക്കുന്നു. നാറ്റോയിലെ പ്രബല ശക്തിയായ ഫ്രാൻസിൽ കഴിഞ്ഞ ഏപ്രിൽ മെയ് മാസങ്ങളിൽ നടന്ന തെരഞ്ഞടുപ്പിൽ അമേരിക്കയുടെ പിണിയാളും ഇസ്ലാ മോ ഫോബിയ പറഞ്ഞുപരത്തുകയും ചെയ്യുന്ന മുസ്ലിം വിരോധിയുമായ നിക്കോളാസ് സർക്കോസിയെ പരാജയപ്പെടുത്തിയാണ് സോഷ്യലിസ്റ്റ് നേതാവ് ഫ്രാൻങ്കോയിസ് ഹോളണ്ടേയ് പ്രസിഡന്റ് പദത്തിലെത്തിയത്. അഫ്ഘാനിസ്താനിൽ നിന്ന് 3400 ഫ്രഞ്ച് പട്ടാളത്തെ ഈ ജൂലൈ മാസം തന്നെ പിൻവലിക്കുമെന്നാണ് ഹോളണ്ടേയ് പറഞ്ഞത്. താലിബാന്റെ ബോംബാക്ര മണത്തിൽ 4 ഫ്രഞ്ച് സൈനികർ മരിച്ചതാണ് ഹോളണ്ടേയെ അതിവേഗം തീരുമാനമെടുക്കാൻ നിർബന്ധിത നാക്കിയത്. ഏതായാലും അയൽ രാജ്യമായ അഫ്ഘാനിസ്താനിലെ അമേരിക്കൻ-നാറ്റോ സാന്നിദ്ധ്യം SCO രാഷ്ട്ര നേതാക്കന്മാർ ഇഷ്ടപ്പെടുന്നില്ല.

സിറിയയിൽ നാറ്റോ ഇടപെടുന്നതിനെതിരെയും അത്പോലെ ഇറാന്റെ ന്യൂക്ലിയർ പ്രശ്നം സൈനിക ശക്തി ഉപയോഗിച്ച് പരിഹരിക്കുന്നതിനെതിരെയും ശക്തമായ താക്കീത് നൽകിക്കൊണ്ട് യുഎന്നിൽ ഇറാനെതിരെയുള്ള ഉപരോധം തടഞ്ഞത് റഷ്യയും ചൈനയുമാണ്. അതിനിടക്ക് ജൂൺ 25-ാം തീയതി റഷ്യൻ പ്രസിഡന്റ് വ്ളാദ്മീർ പുട്ടിൻ ഇസ്റായേൽ സന്ദർശിക്കുകയുണ്ടായി. അതിന് ശേഷം ഇസ്റയേലിന്റെ സുരക്ഷക്ക് ഉന്നത പരിഗണന നൽകി കൊണ്ട് പുട്ടിന്റെ സ്വരത്തിലുണ്ടായ വ്യതിയാനവും ശ്രദ്ധേയമാണ്. റഷ്യയിലെ ഇപ്പോഴത്തെ വിദേശകാര്യ മന്ത്രി അവിഗ്ദോർ ലിബർമാൻ ഒരു റഷ്യൻ യഹൂദനാണ്. ഇസ്റയേലിൽ 7.8 ദശലക്ഷം ജനങ്ങളുള്ളതിൽ ഒരു ദശലക്ഷത്തിലധികം ജനങ്ങൾ റഷ്യയിൽ നിന്നുള്ള യഹൂദരാണ്. അവർ താമസിക്കുന്ന നഗരങ്ങളിൽ റഷ്യൻ ഭാഷയാണ് സംസാരിക്കുന്നത്. റഷ്യയുമായുള്ള ഇസ്റായേലിന്റെ ബന്ധം അതിഗാഢമാണ്. പുട്ടിന്ന് ഇസ്റായേലിൽ ഹാർദമായ സ്വീകരണമാണ് നൽകപ്പെട്ടത്. രണ്ടാം ലോക മഹായുദ്ധത്തിൽ യഹൂദ പീഡകരായ നാസി ജർമനിയെ റഷ്യൻ ചെമ്പട പരാജയപ്പെടുത്തിയതിന്റെ ഒരു സ്മാരകം ഇസ്റായേലിലെ നെതന്യാഹു നഗരത്തിൽ ഉദ്ഘാടനം ചെയ്തു കൊണ്ട് നടത്തിയ പ്രസംഗത്തിൽ പുട്ടിൻ ഇസ്റായേലിന് എല്ലാ ഭീഷണികളിൽ നിന്നുമുള്ള സുരക്ഷ വാഗ്ദാനം ചെയ്യുകയുണ്ടായി. ഇറാന്റെ ന്യൂക്ലിയർ ഭീഷണിയായിരുന്നു പുട്ടിന്റെ ഇസ്റയേലി സന്ദർശനത്തിലെ മുഖ്യ വിഷയം. ഇറാനെതിരെയുള്ള ഭീഷണിയെയും സിറിയയിലെ കൂട്ടക്കൊലയെയും തങ്ങൾ അനുകൂലിക്കില്ല എന്ന് പുട്ടിൻ ഇസ്റായേലിൽ വച്ച് പറഞ്ഞിട്ടുണ്ട്. അറബ് ദേശങ്ങളിലെ രാഷ്ട്രീയമായ ഉണർവും ഈജിപ്തിലെ മുസ്ലിം ബ്രദർ ഹുഡിന്റെ (ഇഖ്വാനുൽ മുസ്ലിമൂൻ) രാഷ്ട്രീയ സംഘടനയായ ഫ്രീഡം ആന്റ് ജസ്റ്റീസ് പാർട്ടിയുടെ വിജയവും പാശ്ചാത്യ ലോകത്തെയും അയൽ രാജ്യമായ ഇസ്റയേലിനെയും അലോരസരപ്പെടുത്തുന്നുണ്ട്. മതതീവ്രവാദ സംഘടനയായ ബ്രദർഹുഡിന്റെ അനുയായി മുഹമ്മദ് മുർസിയാണ് ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ഈ ജിപ്ഷ്യൻ പ്രസിഡന്റ്. അമേരിക്കയോടും ഈജിപ്ഷ്യൻ പട്ടാളവുമായും നീക്കു പോക്കുണ്ടാക്കി യിട്ടാണ് മുർസി അധികാരത്തിൽ വന്നത് എന്നത് വേറെ കാര്യം. SCOരാജ്യങ്ങളെല്ലാം മുസ്ലിം തീവ്രവാദം അഭിമുഖീകരിക്കുന്ന രാജ്യങ്ങളാണ്. ഇത് ആഗോള മുസ്ലിം തീവ്രവാദം എന്ന മുദ്ര ചാർത്തി ഇസ്റയേലിൽ നടത്തുന്ന പ്രചരണങ്ങളെ റഷ്യയെ പ്രേരിപ്പിക്കുന്നതുമാണ്. അതുകൊണ്ട് റഷ്യ ഇറാന് അനുകൂലമായി എടുത്ത നിലപാടിൽ ഒരു മാറ്റമുണ്ടായികൂടെന്നില്ല.


ഏതായാലും പ്രത്യക്ഷവും പ്രച്ഛന്നവുമായ നിരവധി അടിയൊഴുക്കുകളിലൂടെ ലോകം രണ്ടു ധ്രുവങ്ങളിലായി കേന്ദ്രീകരിക്കപ്പെടുകയാണ്. വൻ ശക്തികളുടെ വിഭവസമാഹാരണത്തിനും അധികാര സ്ഥാപനത്തിനുമായുള്ള കിടമത്സരങ്ങളും ഗൂഢതന്ത്രങ്ങളും അവസാനം സർവ നാശകാരിയായ ഒരു മഹായുദ്ധത്തിൽ കലാശിക്കുമോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. അല്ലാഹു ലോകത്തെ രക്ഷിക്കട്ടെ. ●

# അനുസ്മരണം



## ഇ. അഹ്മദ് സാഹിബ്

കൊടിയത്തൂർ ജമാഅത്ത് അംഗം ജനാബ് ഇ. അഹ്മദ് സാഹിബ് (78) 2012 മെയ് 27 ന് നിര്യാതനായി. ഇന്നാലില്ലാഹി... 1980 ലാണ് അദ്ദേഹം ബൈഅത്ത് ചെയ്തത്. മൂസിയായിരുന്നു. പരിശുദ്ധ ഖാദിയാനിലെ ബിഹ്ശ്തി മഖ്ബറയിലാണ് കബറടക്കിയത്. **ഭാര്യ**: മർഹൂമ ഇയ്യാത്തുമ്മ സാഹിബ. **മക്കൾ**: ഹുസൈൻ, ഹനീഫ, ഉമ്മയ്യ, സഫറുല്ല, (ബഹറൈൻ) അക്ബർ അഹ്മദ്, ശംസുദ്ദീൻ (ഖത്തർ) മുംതാസ് (ഖാദിയാൻ) ബുഷ്റ, റാശിദ, ത്വാഹിർ (ഡയറക്ടർ കൈസർ ബ്ലിറ്റ്സ്), ഹസീന. **ജാമാതാക്കൾ**: അബ്ദുൾ ജബ്ബാർ, സാഹിറ, അസ്മ, ഫിറോസ, ശജീല, മൗലവി എം. അബൂബക്കർ(ഇൻചാർജ്ജ് ദാറുൽ മസീഹ്, ഖാദിയാൻ) ശമീർ, (ഖത്തർ) സലാഹുദ്ദീൻ, ശാഹിദ അന്തലീപ് (ഖാദിയാൻ) ഫവാസ്. അല്ലാഹു പരേതന് മഗ്ഫിറത്തേകി, ജന്നത്തിൽ ഉന്നത പദവി നല്കി അനുഗ്രഹിക്കട്ടെ (ആമീൻ). - എം.അഹ്മദ് കുട്ടി.







മൂവാറ്റുപുഴയിൽ നടന്ന പതിനഞ്ച് ദിന തർബിയത്ത് ക്യാമ്പിൽ, യുവതലമുറകളുടെ ശിക്ഷണത്തെക്കുറിച്ച് മൗലവി അമീറുദ്ദീൻ സാജിദ് സാഹിബ് സംസാരിക്കുന്നു. താഹിർ അഹ്മദ്, എസ്. ഇബ്റാഹീം, വാവ ശംസുദ്ദീൻ സാഹിബ് തുടങ്ങിയവർ വേദിയിൽ



മുടിപ്പള്ളി അന്ധവിശ്വാസത്തിനും ആത്മീയ കച്ചവടത്തിനുമെതിരെ കേരള യുക്തിവാദി സംഘം കോഴിക്കോട് നടത്തിയ സെമിനാറിൽ എ.എം. മുഹമ്മദ് സലീം (സത്യദൂതൻ എഡിറ്റർ)പ്രസംഗിക്കുന്നു. പള്ളിവീട്ടിൽ മുഹമ്മദ് കോയ, യു. കലാനാഥൻ (പ്രസി. കേരള യുക്തിവാദിസംഘം), അബുൽ അലി മാസ്റ്റർ തുടങ്ങിയവർ വേദിയിൽ



മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരളയും മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം മേഖലയും ചേർന്ന് പള്ളുരുത്തി അഗതിമന്ദിരത്തിലെ അന്തേവാസികൾക്ക് ഉച്ചഭക്ഷണം വിതരണം ചെയ്യുന്നു

2012 July

Vol: 84 Issue.7
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14

**The Sathyadoothan Monthly**

# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news




View these apps at alislam.org/apps or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)